വിദ്യാഭ്യാസ മന്ത്രാലയം

MINISTRY OF EDUCATION

# മാർഗദർശനത്തിനുള്ള ദേശീയദൗത്യം

## ബ്ലൂ ബുക്ക്

**Malayalam / മലയാളം**

**ദേശീയ അധ്യാപക വിദ്യാഭ്യാസ സമിതി**

ജി–7 സെക്ടർ–10, ദ്വാരക, ന്യൂ ഡൽഹി– 110075

NMM

NATIONAL MISSION FOR MENTORING

മാർഗദർശനത്തിനുള്ള ദേശീയദൗത്യത്തിന്റെ (എൻ.എം.എം) ലോഗോയിൽ മെന്റർ, വിദ്യാർത്ഥി എന്നിവരുടെ കൂട്ടായ പ്രവർത്തനത്തെയാണ് സൂചിപ്പിക്കുന്നത്. ഇതിൽ പഠനത്തിന്റെ ആത്മസത്തയും ചിന്തയും പങ്കുവെക്കലും പാരസ്പ്പര്യത്തിലൂടെയുള്ള തൊഴിൽപരമായ വികസനവും സൃഷ്ടിക്കപ്പെടുന്നു. ഈ ലോഗോയിൽ, ഓറഞ്ച് നിറം ധനാത്മകത, പ്രതീക്ഷ, ചലനാത്മകത, ആവേശം, കരുതൽ എന്നിവയെ പ്രതിഫലിപ്പിക്കുകയും രാജകീയ നീല നിറം ജ്ഞാനം, വിശ്വാസയോഗ്യത, വിശ്വാസ്യത, ഉത്തരവാദിത്തം എന്നിവയെ സൂചിപ്പിക്കുകയും ചെയ്യുന്നു. ഈ ഗുണങ്ങൾ എല്ലാം മാർഗദർശനത്തിന് അത്യാവശ്യമാണ്.

**Dharmendra Pradhan**
Hon'ble Education Minister;
Skill Development and
Entrepreneurship
Government of India
Shastri Bhawan
New Delhi-110001

**ധർമ്മേന്ദ്ര പ്രധാൻ**
ബഹു: വിദ്യാഭ്യാസമന്ത്രി;
നൈപുണി വികസനവും
സംരഭകത്വവും,
ഭാരത സർക്കാർ,
ശാസ്ത്രി ഭവൻ,
ന്യൂഡൽഹി– 110001



## സന്ദേശം

2020 ലെ ദേശീയ വിദ്യാഭ്യാസ നയം (NEP) എല്ലാ വിദ്യാർത്ഥികളെയും ഉൾക്കൊള്ളുന്നതും തുല്യത പാലിക്കുന്നതുമായ പഠന അന്തരീക്ഷം സൃഷ്ടിക്കാൻ അധ്യാപകരെ ശാക്തീകരിക്കുന്ന ഒരു പരിവർത്തനോന്മുഖമായ വിദ്യാഭ്യാസ സംവിധാനത്തെയാണ് മുന്നോട്ട് വയ്ക്കുന്നത്. എന്നാൽ ഈ കാഴ്ചപ്പാട് ശാക്തീകരിക്കപ്പെട്ട അധ്യാപകർ എന്ന ഒരു പ്രധാനപ്പെട്ട ഘടകത്തെ ആശ്രയിച്ച് നിലകൊള്ളുന്നു.

നമ്മുടെ രാജ്യത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിൽ അധ്യാപകർ വഹിക്കുന്ന നിർണായക പങ്ക് നയം തിരിച്ചറിയുന്നു. ഈ കാഴ്ചപ്പാടുമായി പൊരുത്തപ്പെട്ട്, മാർഗദർശനത്തിനുള്ള ദേശീയദൗത്യം (NMM) ഇന്ത്യയിലെ എല്ലാ സ്കൂൾ അധ്യാപകർക്കും മാർഗദർശനത്തിനായി പിന്തുണ നൽകുകയും അധ്യാപകരുടെ പഠന രീതികൾ മെച്ചപ്പെടുത്താനും അവരുടെ മൊത്തത്തിലുള്ള തൊഴിൽപരമായ വളർച്ചയും വികസനവും വർദ്ധിപ്പിക്കാനും പിന്തുണ നൽകുന്ന മെന്റർമാരുടെ ഒരു ശൃംഖല സൃഷ്ടിക്കുകയും ചെയ്യുന്നു. ഈ ദൗത്യം കേവലം പിന്തുണയെക്കുറിച്ചല്ല; പ്രതിഭയെ സ്വതന്ത്രമാക്കാനുള്ള സാധ്യതയെക്കുറിച്ചാണ്. കർശനവും തുടർച്ചയുമുള്ള മാർഗദർശനം വഴി, അധ്യാപകർക്ക് തങ്ങളുടെ വിദ്യാർത്ഥികളുടെ വൈവിധ്യമാർന്ന പഠന ആവശ്യങ്ങൾ നിറവേറ്റാനും വിദ്യാർത്ഥികളുടെ ജീവിതത്തിൽ നല്ല സ്വാധീനം ചെലുത്താനും അവരുടെ കഴിവുകൾ വികസിപ്പിക്കാനും മെച്ചപ്പെടുത്താനും കഴിയും.

ദേശീയ അധ്യാപക വിദ്യാഭ്യാസ സമിതി (NCTE) മാർഗദർശനത്തിനുള്ള ദേശീയദൗത്യം (NMM) സംബന്ധിച്ച് ബ്ലൂബുക്ക് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ സമഗ്രരേഖ ഒരു മാനുവൽ എന്നതിനപ്പുറം. അധ്യാപകർക്കും മെന്റർമാർക്കും മികവുകൾ, വ്യക്തമായ ലക്ഷ്യങ്ങൾ, ഫലപ്രദമായ തന്ത്രങ്ങൾ, പ്രായോഗിക മാർഗനിർദേശങ്ങൾ എന്നിവ വിവരിക്കുന്ന ഒരു പദ്ധതിയാണ്. വിദ്യാർത്ഥികളിൽ ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ശേഷികൾ വളർത്താൻ നമ്മുടെ അധ്യാപകരെ സജ്ജമാക്കുന്നതിനുള്ള ഒരു ഘടനാപരമായ ചട്ടക്കൂടാണിത്. ഇതുവഴി കേവലം അതിജീവനം മാത്രമല്ല; നമ്മെ കാത്തിരിക്കുന്ന ചലനാത്മക ലോകത്തിൽ പുരോഗതി നേടാനായി ഒരു തലമുറയെ തയ്യാറാക്കുവാനും കഴിയുന്നു.

ഈ പുതിയ സംരംഭത്തിന് മുന്നിട്ട് നിന്നതിന് NCTE യോട് ഹൃദയംഗമമായ അഭിനന്ദനം അറിയിക്കുന്നു. ഈ രേഖ അധ്യാപകർക്കും മെന്റർമാർക്കും ഒരുപോലെ വിലപ്പെട്ട ഒരു വിഭവമായി മാറുമെന്നും അധ്യാപനത്തിലും പഠനത്തിലും അവരെ മികവിലേക്ക് നയിക്കുമെന്നും എനിക്ക് ഉറപ്പുണ്ട്.

**ധർമ്മേന്ദ്ര പ്രധാൻ**

NMM
NATIONAL MISSION FOR
MENTORING



**അന്നപൂർണ്ണ ദേവി**
ബഹു: സംസ്ഥാന
വിദ്യാഭ്യാസമന്ത്രി
വിദ്യാഭ്യാസ മന്ത്രാലയം,
ഭാരത സർക്കാർ

## സന്ദേശം

ദേശീയ അധ്യപകവിദ്യാഭ്യാസസമിതി (NCTE) രൂപകൽപ്പന ചെയ്ത മാർഗദർശനത്തിനുള്ള ദേശീയദൗത്യത്തെ (NMM) കുറിച്ചുള്ള ബ്ലൂബുക്ക് നൂതനമായ നാഴികക്കല്ലായി അടയാളപ്പെടുത്താം. പഠിതാക്കൾ എന്ന നിലയിൽ പ്രവർത്തിക്കുന്ന സ്കൂൾ അധ്യാപകർക്കു വേണ്ടി വിവിധതരം പ്രൊഫഷണലുകളെ മെന്റർമാരായി കണ്ടെത്തുന്നതിലൂടെ മാർഗദർശനത്തിനുള്ള ദേശീയദൗത്യം (NMM) വിദ്യാഭ്യാസത്തിന് ഒരു പരിവർത്തനോന്മുഖമായ സമീപനമാണ് അവതരിപ്പിക്കുന്നത്. ചലനാത്മകമായ മെന്റർ- വിദ്യാർത്ഥി ഇടപഴകലുകൾക്കായി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട്, അധ്യാപകർ പരസ്പരം തൊഴിൽപരമായ കഴിവുകളുടെ വളർച്ച രൂപപ്പെടുത്തുന്നതിൽ വഹിക്കുന്ന അമൂല്യമായ പങ്ക് ഈ ദൗത്യം ഊന്നിപ്പറയുന്നു. ഈ രേഖയാകട്ടെ NCTE സംഘത്തിന്റെ സമർപ്പണത്തെ പ്രതിഫലിപ്പിക്കുന്ന വിപ്ലവകരമായ അധ്യാപക കേന്ദ്രീകൃത പരിപാടിയിയെക്കുറിച്ച് സമഗ്രമായ ഉൾക്കാഴ്ച നല്കുന്നതാണ്.

അവരുടെ പ്രയത്നങ്ങളെ ഞാൻ അഭിനന്ദിക്കുന്നു, അധ്യാപകരെ ശാക്തീകരിക്കുന്നതിനും നമ്മുടെ രാജ്യത്ത് വിദ്യാഭ്യാസത്തിന് പ്രബുദ്ധമായ ഒരു ഭാവി വളർത്തിയെടുക്കുന്നതിനും മാർഗദർശനത്തിനുള്ള ദേശീയദൗത്യത്തിൽ പ്രതീക്ഷയർപ്പിക്കുകയും ചെയ്യുന്നു.

വിജയാശംസകൾ നേർന്നുകൊണ്ട്

---



**സഞ്ജയ് കുമാർ ഐ**
സ്കൂൾ വിദ്യാഭ്യാസ,
സാക്ഷരതാ വകുപ്പ്,
വിദ്യാഭ്യാസ മന്ത്രാലയം,
ഭാരത സർക്കാർ


## സന്ദേശം

2020 ലെ ദേശീയ വിദ്യാഭ്യാസ നയം (NEP) അധ്യാപന-പഠന രംഗത്ത് വഴക്കം, സർഗാത്മകത, നൂതനത്വം എന്നിവ പ്രോത്സാഹിപ്പിച്ചുകൊണ്ട് ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്നു. അധ്യാപകർക്കുള്ള മാർഗദർശനത്തിനുള്ള ദേശീയദൗത്യം (NMM) വിദഗ്ധർക്കും പ്രൊഫഷണലുകൾക്കും മെന്റർ എന്ന നിലയിൽ വിജ്ഞാനം, ശേഷികൾ, വൈദഗ്ധ്യം എന്നിവ പഠിതാക്കളുടെ അധ്യാപകരുമായി പങ്കിടാനും അവരെ ഫലപ്രാപ്തിയുള്ള അധ്യാപകരായി മാറുന്നതിനുള്ള യാത്രയിൽ സഹായിക്കാനും വേദികൾ ഒരുക്കി നൽകും. മാർഗദർശനം എന്ന ആശയം മുതൽ മാർഗദർശന പരിപാടിയുടെ നടപ്പിലാക്കൽ വരെ മാർഗദർശനത്തെക്കുറിച്ചുള്ള സമഗ്രമായ ധാരണ NMM- ബ്ലൂബുക്ക് നൽകുന്നു.

സഹവർത്തിത പ്രവർത്തനങ്ങളിലൂടെ ആശയരൂപീകരണം നടത്തുകയും NMM- ബ്ലൂബുക്ക് സാർത്ഥകമാക്കുന്നതിനായി മുന്നിട്ടറങ്ങുകയും ചെയത ദേശീയ അധ്യാപക വിദ്യാഭ്യാസ സമിതിയെ ഞാൻ അഭിനന്ദിക്കുന്നു.

ശുഭാശംസകൾ

NMM
NATIONAL MISSION FOR
MENTORING



പ്രൊഫ. യോഗേഷ് സിങ്
അധ്യക്ഷൻ, NCTE,
ന്യൂഡൽഹി

## സന്ദേശം

വിദ്യാഭ്യാസ അഭിലാഷങ്ങൾ നിറവേറ്റുന്നതിൽ ഫലപ്രാപ്തിയുള്ള അധ്യാപകരുടെ നിർണായക പങ്ക് NEP 2020 ഊന്നിപ്പറയുന്നു. ബന്ധങ്ങളുടെ ശക്തിയെ തിരിച്ചറിയുകയും ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ആവശ്യങ്ങൾക്കായി വിദ്യാഭ്യാസ പ്രവർത്തകരേയും നേതാക്കളെയും പിന്തുണയ്ക്കുകയുമാണ് മാർഗദർശനത്തിലൂടെ ചെയ്യുന്നത്. ഘടനാപരമായ മാർഗദർശന ബന്ധങ്ങളിലൂടെ സ്ഥാപനങ്ങൾക്കു വേണ്ട പിന്തുണ നൽകാൻ മാർഗദർശനത്തിനുള്ള ദേശീയദൗത്യം (NMM) പ്രതിജ്ഞാബദ്ധമാണ്. അധ്യാപകരുടെ ഭാവി രൂപപ്പെടുത്താനും വിമർശനാത്മക ചിന്തയും പൊരുത്തപ്പെടൽ ശേഷിയും വളർത്താനുമുള്ള ശാക്തീകരണപ്രവർത്തനങ്ങളാണ് NMM- ബ്ലൂബുക്ക് നിർവ്വഹിക്കുന്നത്.

ഈ രേഖ സൃഷ്ടിക്കുന്നതിലുള്ള മാതൃകാപരമായ പ്രവർത്തനത്തിന് എൻസിടിഇ ടീമിനെ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. നമ്മുടെ സ്കൂളുകളിലും വിശാലമായ അധ്യാപക സമൂഹത്തിലും മാർഗദർശനത്തിന്റെയും പിന്തുണയുടെയും ഒരു സംസ്കാരം നമുക്ക് സഹവർത്തിത്വത്തിലൂടെ സൃഷ്ടിക്കാം.

---



കെസാങ് വൈ ഷെർപ്പ
IRS
മെമ്പർ സെക്രട്ടറി,
NCTE, ന്യൂഡൽഹി

## സന്ദേശം

ദേശീയവിദ്യാഭ്യാസ നയത്തിന്റെ (2020) അടിസ്ഥാന ശിലകളായി അധ്യപകരെ അടയാളപ്പെടുത്തിക്കൊണ്ടാണ് NCTE അധ്യാപകരെ പിന്തുണയ്ക്കുന്നതിനുള്ള ഒരു മാതൃകാമാറ്റമായി മാർഗദർശനത്തിനുള്ള ദേശീയദൗത്യം (NMM) അവതരിപ്പിക്കുന്നത്. സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിലൂടെ NMM, ഭൗതികമായ അതിർവരമ്പുകൾ മറികടന്ന് തടസ്സമില്ലാത്ത മെന്റർ- വിദ്യാർത്ഥി- ബന്ധങ്ങൾ വളർത്തുന്നു. ഈ ഡിജിറ്റൽ പാലം വ്യക്തിഗത ആവശ്യങ്ങൾക്കനുസരിച്ച് വളരെ അടുപ്പവും തുടർച്ചയുമുള്ള മാർഗദർശനം നല്കാൻ സഹായിക്കുന്നു. വെർച്വൽ കൺസൾട്ടേഷനുകളിലൂടെയും സഹവർത്തിത പ്ലാറ്റ്ഫോമുകളിലൂടെയും അനുഭവസമ്പന്നരായ പ്രൊഫഷണലുകൾ മെന്റർമാരായി വിദ്യാർത്ഥികളെ നയിക്കുന്നു. NMM- ബ്ലൂബുക്ക് ഈ പരിപാടിയെക്കുറിച്ചുള്ള 'സമഗ്രമായ ഉൾക്കാഴ്ച്ച നല്കുന്നതാണ്

മാർഗദർശനത്തിനുള്ള ദേശീയദൗത്യത്തിലൂടെ അധ്യാപകരെ ശാക്തീകരിക്കുന്നതിനും ഇന്ത്യൻ വിദ്യാഭ്യാസത്തിന് ശോഭനമായ ഭാവി രൂപപ്പെടുത്തുന്നതിനും പിന്തുണ നൽകുന്ന മുതിർന്നവർക്കും സമർപ്പിതരായ NCTE സംഘത്തിനും പങ്കാളികൾക്കും എന്റെ നന്ദി.

NATIONAL MISSION FOR MENTORING

# ഉള്ളടക്ക പട്ടിക


| | |
|---|---|
| മുഖവുര | **I-V** |
| ഉള്ളടക്ക പട്ടിക | **VII** |
| ചിത്രങ്ങളുടെ വിവരങ്ങൾ | **X** |
| പട്ടികകളുടെ വിവരങ്ങൾ | **X** |
| സംക്ഷിപ്തം | **XI** |
| **അധ്യായം – I ഇന്ത്യയിലെ വിദ്യാഭ്യാസം** | |
| 1.1. ഇന്ത്യയിലെ വിദ്യാഭ്യാസം: നിലവിലെ അവസ്ഥ | 2 |
| 1.2. അധ്യാപകരുടെ പങ്ക് | 3 |
| 1.3. സങ്കീർണവും ഉയർന്നുവരുന്നതുമായ വെല്ലുവിളികൾ | 4 |
| 1.4. പ്രസക്തിയും സന്ദർഭവും | 4 |
| 1.5. ദേശീയ വിദ്യാഭ്യാസ നയം (2020) മാർഗദർശനം സംബന്ധിച്ച കാഴ്ചപ്പാട് | 4 |
| 1.5.1. വിദ്യാർത്ഥികൾക്ക് | 5 |
| 1.5.2. അധ്യാപകർക്ക് | 5 |
| 1.5.3. സ്കൂൾ ലീഡർമാർക്ക് | 5 |
| 1.5.4. വിദ്യാഭ്യാസ നേതാക്കൾക്കും സ്ഥാപനങ്ങൾക്കും | 5 |
| **അധ്യായം II: മാർഗദർശനത്തിന് ഒരാമുഖം** | |
| 2.1. മാർഗദർശനം എന്ന ആശയം | 8 |
| 2.2. മാർഗദർശനത്തിന്റെ തത്വങ്ങൾ | 9 |
| 2.3. മാർഗദർശനവുമായി ബന്ധപ്പെട്ട മിഥ്യാധാരണകൾ | 10 |
| **അധ്യായം III: മാർഗദർശനത്തിനുള്ള ദേശീയ ദൗത്യത്തിന്റെ ആമുഖം** | |
| 3.1. മാർഗദർശനത്തിനുള്ള ദേശീയ ദൗത്യത്തിന്റെ ആവശ്യകത | 12 |
| 3.2. ദൗത്യം എങ്ങനെ കൈവരിക്കും? | 12 |
| 3.3. എന്താണ് ദൗത്യത്തിന്റെ പ്രതീക്ഷിക്കുന്ന ഫലങ്ങൾ? | 15 |

**അധ്യായം IV: മാർഗദർശനത്തിനുള്ള പരിഹാരമാർഗങ്ങൾ**

4.1. മെന്റർ തെരഞ്ഞെടുക്കൽ 18

4.1.1. മെന്റർമാരുടെ തെരഞ്ഞെടുപ്പ് പ്രക്രിയ 18

4.2. മെന്റർമാരുടെ ഗുണവിശേഷങ്ങൾ 18

4.3. ഒരു വിദ്യാർത്ഥിയുടെ ഗുണവിശേഷങ്ങൾ 21

4.4. മെന്റർ വികസനം 22

4.4.1. മെന്റർ പരിശീലന പരിപാടി 22

4.4.1.1. മാർഗദർശനത്തിന്റെ അടിസ്ഥാനം *(കാമ്പ് നൈപുണികൾ)* 22

4.4.1.2. മാർഗദർശനത്തിന്റെ വിഭാഗങ്ങൾ 23

4.4.2. മെന്റമാർക്ക് വേണ്ടിയുള്ള തുടർച്ചയായ തൊഴിൽപരമായ വികസനം 25

4.5. മാർഗദർശനത്തിനുള്ള മേഖലകൾ 26

4.6. മാർഗദർശന ഇടപെടൽ 29

**അധ്യായം V: മാർഗദർശന പരിപാടിയുടെ ഘടകങ്ങൾ**

5.1. പരിപാടിയുടെ രൂപകൽപ്പനയും ആസൂത്രണവും 32

5.1.1. മെന്ററുടെ പുരോഗതി 32

5.2. പരിപാടിയുടെ കാര്യനിർവ്വഹണം 33

5.3. പരിപാടിയുടെ പ്രവർത്തനങ്ങൾ 33

5.3.1. കടമകളും ഉത്തരവാദിത്തങ്ങളും 34

5.3.2. മാർഗദർശന പരിപാടിയുടെ വിവിധ ഘട്ടങ്ങളിലെ പ്രവർത്തനങ്ങൾക്കുള്ള ശുപാർശകൾ 34

5.4. പരിപാടിയുടെ വിലയിരുത്തൽ 36

5.5. സ്ഥാപനവൽക്കരണം 39

5.6. പ്രോത്സാഹനം 39

5.7. മാർഗദർശന പരിപാടികൾ നേരിടുന്ന വെല്ലുവിളികൾ 40

5.8. പരാതി പരിഹാര സംവിധാനം 41

**അധ്യായം VI: ദേശീയ മാർഗദർശന അടിസ്ഥാനസൗകര്യങ്ങൾ**

6.1. ആമുഖം 44

6.2. രൂപകല്പന തത്വങ്ങൾ 44

6.3. മെന്റർ –വിദ്യാർത്ഥി ഇടപെടലുകൾ പ്രവർത്തനക്ഷമമാക്കൽ 46

6.4. സാങ്കേതിക ഘടകങ്ങൾ 46

6.5. ഏകീകൃത മാർഗദർശന ഇന്റർഫേസ് 48

6.5.1. കണ്ടെത്തൽശേഷി 48

6.5.2. വിശ്വാസം 48

6.6. ഏകീകൃത മാർഗദർശന ശൃംഖല 48

6.7. പ്ലാറ്റ്ഫോം ഭരണനിർവ്വഹണം 48

**അധ്യായം VII യാത്രയും മുന്നോട്ടുള്ള വഴിയും**

7.1. NMM പ്രയാണം 52

7.2. മുന്നോട്ടുള്ള വഴി 52

**റഫറൻസ്** 54

**അനുബന്ധം** 55

അനുബന്ധം – I 56

അനുബന്ധം –II 59

അനുബന്ധം – III 61

അനുബന്ധം - IV 62

## ചിത്രങ്ങളുടെ വിവരങ്ങൾ


| | |
|---|---|
| ചിത്രം 1.1: ഇന്ത്യയിലെ വിദ്യാഭ്യാസം | 2 |
| ചിത്രം 1.2: അധ്യാപകരുടെ പങ്ക് | 3 |
| ചിത്രം 3.1: പ്രവർത്തകർ ആശയവിനിമയത്തിൽ ഏർപ്പെട്ടുകയും ഒരു യൂണിറ്റായി ലക്ഷ്യത്തിലേക്ക് മുന്നേറുകയും ചെയ്യുന്നു | 13 |
| ചിത്രം 3.2: മാർഗദർശന പ്രവർത്തകർ | 14 |
| ചിത്രം 3.3: പങ്കാളികൾ തമ്മിലുള്ള ആശയവിനിമയത്തിന്റെ തത്വങ്ങൾ | 14 |
| ചിത്രം3.4: ദൗത്യത്തിന്റെ സുപ്രധാന ഘട്ടങ്ങൾ | 15 |
| ചിത്രം 5.1: മെന്ററുടെ പുരോഗതി | 33 |
| ചിത്രം 5.2: മാർഗദർശനത്തിനായുള്ള മൂല്യനിർണ്ണയ ഉപാധി | 36 |
| ചിത്രം 6.1: ദേശീയ മാർഗദർശനത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ രൂപകല്പനാ തത്വങ്ങൾ. | 44 |
| ചിത്രം 6.2: സാങ്കേതിക അടിസ്ഥാന സൗകര്യങ്ങളിൽ പ്രവർത്തനക്ഷമമാക്കിയ പ്രധാന ക്രിയകൾ | 46 |
| ചിത്രം 6.3: ഏകീകൃത മാർഗദർശന ശൃംഖല (UMN) – ഘടകതലത്തിലുള്ള വീക്ഷണം | 47 |
| ചിത്രം 7.1: മുന്നോട്ടുള്ള വഴി | 53 |


## പട്ടികകളുടെ വിവരങ്ങൾ:


| | |
|---|---|
| പട്ടിക 4.1: ശേഷികൾ, ഘടകങ്ങളും വിവരണവും | 22 |
| പട്ടിക 4.2: മാർഗദർശനത്തിന്റെ രീതി | 25 |
| പട്ടിക 4.3: മെന്റർ പരിശീലനത്തിന്റെ നിലയും നൈപുണികളും | 25 |
| പട്ടിക 4.4: മാർഗദർശനത്തിനുള്ള മേഖലകളും നിർവചനവും | 26 |
| പട്ടിക 5.1: പങ്കാളികളും ഉത്തരവാദിത്തങ്ങളും | 34 |
| പട്ടിക 5.2: ലക്ഷ്യവും സ്വാധീനവും | 38 |
| പട്ടിക 5.3: പ്രോത്സാഹന രീതികൾ | 39 |
| പട്ടിക 6.1: മാനദണ്ഡങ്ങളും ചോദ്യങ്ങളും | 49 |

# നിർവഹണ സംഗ്രഹം

ഇന്ത്യയിലെ വിവിധ തലങ്ങളിലുള്ള വിദ്യാഭ്യാസ പ്രവർത്തകർ, വിദ്യാർത്ഥികളുടെ പഠനത്തിന്റെ വിശാലമായ ലക്ഷ്യം ഫലപ്രദമായി സാധ്യമാക്കുന്നതിന് അധ്യാപകർക്ക് നിരന്തര പഠനവും വികസനവും ആവശ്യമാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. വർദ്ധിച്ചുവരുന്ന ഈ ആവശ്യം നിറവേറ്റുന്നതിനുള്ള ശ്രമങ്ങളുടെ നേട്ടമെന്ന നിലയിലാണ് 'മാർഗദർശനത്തിനായുള്ള ബ്ലൂബുക്ക്' ഉണ്ടായത്. തങ്ങളുടെ മേഖലയിൽ പരിചയസമ്പന്നരായ ഒരാളും (മെന്റർ) അനുഭവത്തിൽ നിന്ന് പഠിക്കാൻ ആഗ്രഹിക്കുന്ന ഒരാളും (വിദ്യാർത്ഥി) തമ്മിലുള്ള ഇടപെടൽ രീതിയെ സൂചിപ്പിക്കുന്നതാണ് 'മാർഗദർശനം' എന്ന പദം, ഇതാണ് ബ്ലൂബുക്കിന്റെ കാതൽ. വിദ്യാഭ്യാസ രംഗത്തെ വിവിധ ഗുണഭോക്താക്കൾക്കു 'മാർഗദർശനത്തെ' ഒരു പരിഹാരമായി കാണാനും, ഇതിനോടൊപ്പം നിലവിലുള്ള വ്യവസ്ഥിതികളിലെ വിദഗ്ധ ജ്ഞാനം പരമാവധി പ്രയോജനപ്പെടുത്താനുമുള്ള ഒരു ചാലകശക്തിയായി പ്രവർത്തിക്കാനും ഇത് ശ്രമിക്കുന്നു.

ഈ ബ്ലൂബുക്ക് ഏഴ് വ്യത്യസ്ത അധ്യായങ്ങളായി വിഭജിച്ചിരിക്കുന്നു:

അധ്യായം I, ഇന്ത്യയിലെ വിദ്യാഭ്യാസത്തിന്റെ അവസ്ഥ അറിയാൻ ഒരു ലഘു വിവരണത്തിലൂടെ സാഹചര്യമൊരുക്കുന്നു. ഇത് സർക്കാരിന്റെ പ്രോത്സാഹന പ്രവർത്തനങ്ങളുടെ ഇതുവരെയുള്ള വിജയം ഉൾക്കൊള്ളുകയും നിലവിലെ ദേശവ്യാപക വിദ്യാഭ്യാസ നയങ്ങളുടെയും പദ്ധതികളുടെയും ഫലസൂചകങ്ങളും ലക്ഷ്യങ്ങളും ഉയർത്തിക്കാട്ടുകയും ചെയ്യുന്നു. കൂടാതെ NEP 2020 ന് അനുസൃതമായി വിദ്യാഭ്യാസ രംഗത്തെ ഉയർന്നുവരുന്ന വെല്ലുവിളികൾക്കൊപ്പം മാർഗദർശനത്തിന്റെ ആവശ്യകതയും ഇത് ഉയർത്തിക്കാട്ടുന്നുണ്ട്.

അധ്യായം II, മാർഗദർശനം എന്ന ആശയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. മാർഗദർശന പരിപാടികൾ ദൃശ്യവത്കരിക്കപ്പെടേണ്ട തത്വങ്ങളെ ഇത് എടുത്തുകാണിക്കുന്നു. കൂടാതെ ഈ അധ്യായത്തിൽ മാർഗദർശനത്തെക്കുറിച്ചുള്ള പൊതുവായ മിഥ്യാധാരണകളും പരാമർശിക്കുന്നുണ്ട്

അധ്യായം III, മാർഗദർശനത്തിനായുള്ള ദേശീയ ദൗത്യത്തിന്റെ' ആവശ്യകതയെ എടുത്തുകാണിക്കുന്നു. മാർഗദർശന രൂപീകരണത്തിലെ മൂന്ന് പ്രധാനപ്രവർത്തകരായി 'മെന്റർമാർ', 'വിദ്യാർത്ഥികൾ', 'ഭരണനിർവഹണം' എന്നിവയെ തിരിച്ചറിയുകയും അവ തമ്മിലുള്ള ഇടപെടലുകളെക്കുറിച്ച് സംവദിക്കുകയും ചെയ്യുന്നു. കൂടാതെ, ലക്ഷ്യം കൈവരിക്കുന്നതിന് ഈ ദൗത്യത്തിന് വിവിധ ഘട്ടങ്ങൾ നിർമ്മിക്കാവുന്നതാണെന്നു നിർദ്ദേശിക്കുന്നുമുണ്ട്.

അധ്യായം IV, മെന്റർമാരുടെ തെരഞ്ഞെടുപ്പ് , മെന്റർമാരുടെയും വിദ്യാർത്ഥികളുടേയും സവിശേഷതകൾ തുടങ്ങിയ മാർഗദർശനത്തിന്റെ വിവിധ വശങ്ങളാണ് പരിശോധിക്കുന്നത്. കൂടാതെ മാർഗദർശന ശേഷികളുടെ അടിത്തറ, മാർഗദർശനരീതികൾ, മെന്റർമാരുടെ തൊഴിൽപരമായ ശേഷികളുടെ തുടർച്ചയായ വികസനം, എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു, മാർഗദർശനം നടത്താവുന്ന സുപ്രധാന മേഖലകളെയും ഈ ഭാഗം എടുത്തുകാണിക്കുന്നു.

അധ്യായം V, മാർഗദർശനപരിപാടിയുടെ രൂപകൽപ്പന. ആസൂത്രണം, പരിപാടിയുടെ ഭരണനിർവ്വഹണം , ഗുണഭോക്താക്കളുടെ പങ്കും ഉത്തരവാദിത്തങ്ങളും, മാർഗദർശന പരിപാടിയുടെ വിവിധ ഘട്ടങ്ങളുടെ പ്രവർത്തനത്തിനുള്ള,ശുപാർശകൾ,പരിപാടിയുടെ മൂല്യനിർണയം,സ്കൂൾ/സ്ഥാപനങ്ങളിൽ പരിപാടിയുടെ സ്വാധീനം എന്നിവ എടുത്തുകാണിക്കുന്നു. കൂടാതെ, പരിപാടിയുടെ സ്ഥാപനവത്കരണവും പ്രോത്സാഹനവും ഈ അദ്ധ്യായത്തിൽ എടുത്തുകാണിക്കുന്നുണ്ട്.

അധ്യായം VI, ദേശീയ മാർഗദർശന അടിസ്ഥാന സൗകര്യം (NMI) സ്ഥാപിക്കുന്നതിനെക്കുറിച്ചും അതിന്റെ രൂപകൽപ്പന തത്വങ്ങൾ, സാങ്കേതിക ഘടകങ്ങൾ എന്നിവയെക്കുറിച്ചും എടുത്തു പറയുന്നു . കൂടാതെ, ഏകീകൃത മാർഗദർശനത്തിന്റെ സംഗമ സ്ഥലവും (UMI) ഇതിൽ പരാമർശിക്കുന്നുണ്ട്.

അധ്യായം VII, മാർഗദർശനത്തിനായുള്ള ദേശീയ ദൗത്യത്തിന്റെ (NMM) പ്രയാണവും മുന്നോട്ടുള്ള വഴികളും ശ്രദ്ധയിൽപ്പെടുത്തുന്നു.

NMM
NATIONAL MISSION FOR
MENTORING

അധ്യായം

I

# ഇന്ത്യയിലെ വിദ്യാഭ്യാസം




# അധ്യായം – I: ഇന്ത്യയിലെ വിദ്യാഭ്യാസം

## 1.1. ഇന്ത്യയിലെ വിദ്യാഭ്യാസം : നിലവിലെ അവസ്ഥ

പുരോഗതി നേടുന്നതിനാവശ്യമായ നിർണായക നേട്ടങ്ങൾ കൈവരിക്കുന്നതിന് വളരെയധികം ആലോചിച്ചുറപ്പിച്ച തത്വങ്ങളാണ് ഇന്ത്യയിലെ വിദ്യാഭ്യാസ സംരംഭങ്ങളെ നയിക്കുന്നത്. മുൻകാലങ്ങളിൽ ഏറ്റെടുത്ത നൂതനമായ നിരവധി വിദ്യാഭ്യാസ സംരംഭങ്ങൾ, നടപ്പാക്കലിന്റെ സങ്കീർണ്ണത ഉണ്ടായിട്ടുപോലും നല്ല മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. പ്രാഥമിക തലത്തിൽ ശക്തമായ അടിത്തറ ഉറപ്പുനൽകിക്കൊണ്ട് വിദ്യാഭ്യാസം സാർവത്രികമായി ലഭ്യമാക്കുന്നതിലാണ് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. കുട്ടികളെ അഭിവൃദ്ധിയിലേക്ക് നയിക്കാനും നന്നായി പൊരുത്തപ്പെടുന്ന, ആത്മവിശ്വാസമുള്ള മുതിർന്നവരായി വളരാനും അനുവദിക്കുന്ന ശിശുസൗഹൃദ ഇടങ്ങൾ രൂപകൽപ്പന ചെയ്യുന്നത് പ്രായോഗികമാണ്. അധ്യാപകരെ സഹായികളായി കാണുകയും സഹവർത്തിത അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുമ്പോൾ പഠിതാക്കളുടെ പുരോഗതി അളക്കാൻ സഹായിക്കുന്ന സംവിധാനങ്ങൾ ഫലപ്രദമാണെന്ന് തെളിയുന്നു.

ചുറ്റുമുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പരിസരത്തെ പരിവർത്തനം ചെയ്യാനും ഗുണനിലവാരം, ലഭ്യത, സമാനത, എന്നിവ സന്തുലിതമാക്കുന്നതിനുള്ള വെല്ലുവിളികളെ നേരിടാൻ സംവിധാനത്തെ ഊർജ്ജസ്വലമാക്കാനും കഴിയുന്ന ഒരു അനിവാര്യഘടകമായി അധ്യാപർ മാറിയിട്ടുണ്ട് എന്നതിൽ സംശയമില്ല. യൂഡൈസിലെ (UDISE)ലെ താൽക്കാലിക കണക്കുകൾ പ്രകാരം ഇന്ത്യയിൽ സ്ഥിരമായതും കരാർ അടിസ്ഥാനത്തിലുള്ളതും സമാന്തര രീതിയിലുള്ളതുമായ അധ്യാപകർ (ശിക്ഷാമിത്രയും നിയോജിത് ശിക്ഷകരും) ഉൾപ്പടെ സ്കൂളുകളിൽ ഏകദേശം 95 ലക്ഷം അധ്യാപകരുണ്ട്. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം, ദേശീയ വികസനത്തിന് അതിന്റെ സംഭാവന എന്നിവ നിർണ്ണയിക്കുന്നതിൽ അധ്യാപകരുടെ കഴിവും സ്വഭാവവും നിർണായക പങ്ക് വഹിക്കുന്നു. NEP 2020 അധ്യാപകരുടെ തുടർച്ചയായ തൊഴിൽപരമായ വികസനത്തിനും പരിശീലനത്തിനും ഊന്നൽ നൽകിയിട്ടുണ്ട്. അധ്യാപക വിദ്യാഭ്യാസ പരിപാടികളുടെ വിവിധ വശങ്ങൾ നയിക്കുന്നതിനായി അധ്യാപക വിദ്യാഭ്യാസത്തിനായുള്ള ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ (NCFTE) കരട് തയ്യാറാക്കലും ഇതിൽ ഉൾപ്പെടുന്നു. അധ്യാപക ശാക്തീകരണത്തിന്റെ സംസ്കരണത്തിന് 'അർഹമായ പ്രാധാന്യം നല്കപ്പെടുന്നതോടെ, സ്കൂൾ ലക്ഷ്യങ്ങളും നയങ്ങളും സജ്ജീകരിക്കുന്നതിനും '*എന്ത്, എങ്ങനെ പഠിപ്പിക്കണം*' എന്നതിനെകുറിച്ചുള്ള അവരുടെ പ്രൊഫഷണൽ തീർപ്പ് ഉപയോഗിക്കുന്നതിനും അധ്യാപകർക്ക് അവകാശം ലഭിക്കുന്നതാണ്.




ചിത്രം 1.1: ഇന്ത്യയിലെ വിദ്യാഭ്യാസം

ദേശീയ വിദ്യാഭ്യാസ നയവും (NEP 2020) ഐക്യരാഷ്ട്രസഭയുടെ SDG 4ഉം എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം, ആജീവനാന്ത പഠനം എന്നിവ ലക്ഷ്യമിടുന്നു. കൂടാതെ, താങ്ങാവുന്ന ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന്റെ ലഭ്യത മെച്ചപ്പെടുത്തുന്നതിനും വിദ്യാഭ്യാസത്തിലെ വിവേചനം ഇല്ലാതാക്കുന്നതിനും അടിസ്ഥാന സാക്ഷരതയും സംഖ്യാബോധവും നേടിയെടുക്കുന്നതിനും എസ്.ഡി.ജി 4 (SDG 4) പ്രാധാന്യം നൽകുന്നു. എല്ലാ വിദ്യാർത്ഥികൾക്കും സാർവത്രിക ഗുണമേന്മയുള്ള വിദ്യാഭ്യാസം നേടിയെടുക്കുന്നതിനാണ് സർക്കാരിന്റെ പ്രധാന പദ്ധതികളായ സമഗ്ര ശിക്ഷയും നിപുണ് (NIPUN) ഭാരതും ലക്ഷ്യമിടുന്നത്. പോഷകാഹാര പിന്തുണ, ഉന്നതവിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം എന്നിവ ലക്ഷ്യംവച്ചുള്ള പദ്ധതികളും ഈ ശ്രമങ്ങൾക്ക് അനുപൂരകമായി വർത്തിക്കുന്നു. അടിസ്ഥാന സൗകര്യ തലത്തിലെ തടസ്സങ്ങൾ ഇല്ലാതാക്കുന്നതിന്നായി ഡിജിറ്റൽ പഠന യൂണിറ്റുകൾ സ്ഥാപിക്കൽ അടിസ്ഥാന സൗകര്യ വികസനം, ശേഷി വർദ്ധനവ് എന്നിവക്കുവേണ്ട വിഭവങ്ങൾ ഇതുവഴി നൽകുന്നുണ്ട്.

സ്കൂൾ അടച്ചുപൂട്ടൽ സമയത്ത് ഡിജിറ്റൽ ഉറവിടങ്ങൾ വിദ്യാഭ്യാസത്തിന്റെ ജീവിതരേഖയായിരുന്നു. മഹാമാരിയുടെ കാലഘട്ടത്തിലെ ആവാസവ്യവസ്ഥ, പഠനബോധന പ്രവർത്തനങ്ങളെ ഓൺലൈനിലേക്ക് മാറ്റാനും അതുമായി വേഗത്തിൽ പൊരുത്തപ്പെടാനും ഡിജിറ്റൽ ഉറവിടങ്ങളെ നിർബന്ധിതരാക്കി. മഹാമാരിയുടെ കാലത്ത് ഒരു താൽക്കാലിക പരിഹാരമായി പ്രവർത്തിക്കുന്നതിനപ്പുറമുള്ള സാധ്യതകളാണ് ഡിജിറ്റൽ സാങ്കേതിക വിദ്യകൾക്കുണ്ടായിരുന്നത്. ആളുകൾ എന്ത്, എങ്ങനെ, എപ്പോൾ, എവിടെ പഠിക്കുന്നു എന്നതിനെക്കുറിച്ചുള്ള അവരുടെ ധാരണ വികസിപ്പിക്കാൻ ഇത് അധ്യാപകരെയും നേതാക്കളെയും സമൂഹത്തെയും മൊത്തത്തിൽ പ്രാപ്തമാക്കി. അറിവ് പകർന്നു നൽകുന്നത് മുതൽ അറിവിന്റെ സഹ-സ്രഷ്ടാക്കൾ, വഴികാട്ടികൾ, മെന്റർമാർ, മൂല്യനിർണ്ണയം നടത്തുന്നവർ എന്നീ നിലകളിലേക്ക് അധ്യാപകരുടെ പങ്ക് ഉയർന്നുവന്നു.

## 1.2. അധ്യാപകരുടെ പങ്ക്

വിദ്യാർത്ഥികളെ കേന്ദ്രീകരിച്ച്, പഠനനേട്ടങ്ങൾ സ്വായത്തമാക്കുന്നതിനുള്ള ഉത്തരവാദിത്തം പൊതുവെ അധ്യാപകരിലാണ് നിക്ഷിപ്തമായിട്ടുള്ളത്. അവരുടെ സ്കൂളിന്റെയോ അവരുടെ പ്രദേശത്തുള്ള സ്കൂളുകളുടെയോ സാംസ്കാരിക സത്ത രൂപീകരിക്കുന്നതിലും അധ്യാപകർ നിർണായക പങ്ക് വഹിക്കുന്നു. ഏത് വെല്ലുവിളികളോടും പെട്ടെന്നുള്ള പ്രതികരണത്തേക്കാൾ കൂടുതൽ സജീവവും തന്ത്രപരവുമായ പ്രതികരണ രീതിയിലേക്ക് അവർ ശ്രദ്ധ നിരന്തരം കേന്ദ്രീകരിക്കേണ്ടതുണ്ട്. ക്രിയാത്മകമായ മാറ്റം സുഗമമാക്കുന്നതിനും അത് കൊണ്ടുവരുന്നതിന്റെ ഫലമായുണ്ടാകുന്ന മാറ്റങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുമുള്ള കഴിവാണ് ഏറ്റവും കൂടുതൽ പ്രതീക്ഷിക്കുന്നത്. സ്കൂളിൽ പിന്തുടരുന്ന സംവിധാനങ്ങൾ, നയങ്ങൾ, ബോർഡുകൾ എന്നിവ കണക്കിലെടുത്ത് പഠന ബോധന പ്രക്രിയയിൽ അധ്യാപകർ നിർണായക പങ്ക് വഹിക്കുന്നു.




ചിത്രം 1.2: അധ്യാപകരുപടെ പങ്ക്

മുൻകാലങ്ങളിലെ വെല്ലുവിളികളിൽ നിന്നുള്ള അനുഭവങ്ങൾ തുടർച്ചയായ പഠനത്തിന്റെയും നൈപുണ്യ വികസനത്തിന്റെയും ആവശ്യകതയെ വീണ്ടും സ്ഥിരീകരിക്കുന്നു. അധ്യാപകരുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും തുടർച്ചയായ പ്രൊഫഷണൽ വികസനത്തിനും ഊന്നൽ നൽകുന്ന നിരവധി സംരംഭങ്ങൾ മുൻകാലങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. തുടർച്ചയായ പഠനത്തിന്റെയും വികസനത്തിന്റെയും വ്യാപ്തി നിശ്ചയിക്കുന്ന ഇത്തരം ബഹുതല സംവിധാനങ്ങൾ ഉണ്ടായിരുന്നിട്ടും, വികേന്ദ്രീകൃതവും സാന്ദർഭികവുമായ ശേഷി വർദ്ധിപ്പിക്കുന്നതിന് തടസ്സമായി പ്രവർത്തിക്കുന്ന ചില വെല്ലുവിളികൾ നമ്മുടെ അധ്യാപകർ അഭിമുഖീകരിക്കുന്നത് ഇന്നും തുടരുന്നുണ്ട്.

## 1.3. സങ്കീർണവും ഉയർന്നുവരുന്നതുമായ വെല്ലുവിളികൾ

ഈ കാലയളവിൽ ഉയർന്നുവന്ന ആവശ്യകതകൾക്കനുസൃതമായി അധ്യാപകർക്കുള്ള പഠനാവസരങ്ങൾ രൂപകൽപ്പന ചെയ്യുകയും നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും, അവരുടെ തൊഴിൽപരമായ വികസനത്തിന്റെ ഭാഗമായി ചർച്ചകളോ സെഷനുകളോ പഠനസംഘങ്ങൾ തിരഞ്ഞെടുക്കാനുള്ള അവസരമോ വളരെ കുറച്ച് മാത്രമേ അവർക്ക് ലഭിക്കുന്നുള്ളൂ. ജനസമൂഹത്തിൽ ഉപയോഗപ്പെടുത്താതിരിക്കുന്ന വൈദഗ്ധ്യത്തെ ഏറ്റവും മികച്ച രീതിയിൽ ചാലകശക്തിയായി പ്രയോജനപ്പെടുത്തുന്നതിന് അവർക്ക് ബുദ്ധിമുട്ടുണ്ട്.

പഠനത്തിൽ താൽപ്പര്യമുള്ള അധ്യാപകർ വ്യത്യസ്തവും വൈവിധ്യപൂർണ്ണവുമായ സാഹചര്യങ്ങളിൽ നിന്നുള്ളവരാണ്. അതിനാൽ, സമാനമായ ബുദ്ധിമുട്ടുകൾ നേരിടുന്നവർക്ക് പോലും, ഒരുമിച്ച് പ്രവർത്തിക്കാനും ചർച്ച ചെയ്യാനും പ്രശ്നം പരിഹരിക്കുന്നതിന് അവരുടെ വൈദഗ്ധ്യം വികസിപ്പിക്കാനും ബുദ്ധിമുട്ടാണ്. ബുദ്ധിമുട്ടുള്ളതും നിരന്തരമായി ഉണ്ടായികൊണ്ടിരിക്കുന്നതുമായ പുതിയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ശ്രമിക്കുമ്പോൾ ഒറ്റപ്പെടലും നിരുത്സാഹവും അനുഭവപ്പെടുന്നത് ആത്യന്തികമായി സാഹചര്യത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. പൊതുവായ ആശങ്കകൾ കണ്ടെത്തുന്നതിനുള്ള പഠനങ്ങളും അനുഭവങ്ങളും വെല്ലുവിളികളും പരിഹാരങ്ങളും സ്ഥിരമായി പങ്കിടുന്ന ഊർജ്ജസ്വലമായ ഒരു സമൂഹത്തിന്റെ പ്രാധാന്യം മഹാമാരി ശക്തിപ്പെടുത്തിയിട്ടുണ്ട്. ചില സമയങ്ങളിൽ, അധ്യാപകർ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾക്കുള്ള പരിഹാരങ്ങളിൽ എത്തിച്ചേരുന്നതിൽ കാലതാമസം അനുഭവപ്പെടുന്നു. പഠനവേദികൾ, സാങ്കേതികവിദ്യകൾ, പ്രത്യേക പിന്തുണ നൽകാൻ കഴിയുന്ന വിദഗ്ധർ ഇവരെയെല്ലാം എങ്ങനെ ഉപയോഗപ്പെടുത്താമെന്ന് അധ്യാപകർക്ക് അറിയാത്തതിനാലാണ് ഈ കാലതാമസങ്ങൾ പ്രധാനമായും സംഭവിക്കുന്നത്.

അധ്യാപകർ അവരുടെ കർമമേഖലയുടെ ഭാഗമായി ഒന്നിലധികം ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്നു. അവരുടെ പങ്ക് ആവശ്യപ്പെടുന്ന ജോലികൾ സന്തുലിതമാക്കുമ്പോൾ ശേഷി വികസനത്തിനും തൊഴിൽപരമായ വികസനത്തിനുമായി സമയം കൈകാര്യം ചെയ്യുന്നത് വളരെ വെല്ലുവിളി നിറഞ്ഞതായിത്തീരുന്നു, പ്രത്യേകിച്ചും അവരുടെ ശാരീരിക സാന്നിധ്യം ആവശ്യമായി വരുമ്പോൾ.

## 1.4. പ്രസക്തിയും സന്ദർഭവും

വിവിധ പ്രദേശങ്ങളിലുള്ളവരും വ്യത്യസ്ത ചുമതലകൾ വഹിക്കുന്നവരും വൈവിധ്യമാർന്ന പ്രവർത്തനമേഖലകളിലുള്ളവരുമായ അധ്യാപകരുടെ തൊഴിൽപരമായ വികസന ആവശ്യങ്ങൾ ജീവിതസാഹചര്യങ്ങൾ, വെല്ലുവിളികൾ, താൽപര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വ്യത്യാസപ്പെടാം. അതിനാൽ, പ്രശ്നപരിഹാരത്തിന് ഓരോ ടീച്ചറും വ്യത്യസ്ത ദിശകളിലും തലങ്ങളിലും അന്വേഷണം നടത്തിയേക്കാം. ചില അധ്യാപകർ സഹപ്രവർത്തകരിൽ നിന്ന് നേരിട്ട് പഠിക്കാൻ ഇഷ്ടപ്പെടുമ്പോൾ, സമാനവെല്ലുവിളികൾ നേരിടുന്ന വലിയ സമൂഹവുമായി ബന്ധപ്പെടാനാണ് മറ്റു ചിലർ ആഗ്രഹിക്കുന്നത്. ചില സാഹചര്യങ്ങളിൽ, വിദഗ്ധാഭിപ്രായം അവർക്ക് പരിഹാരം കണ്ടെത്താൻ സഹായിക്കുന്നു. അതിനാൽ, അധ്യാപകർക്ക് തൊഴിൽപരമായ പിന്തുണ ലഭിക്കുന്നതിനായി ഇത്തരമൊരു വേദി വളരെ ആവശ്യമാണ്.

## 1.5. ദേശീയ വിദ്യാഭ്യാസ നയം (2020) മാർഗദർശനം സംബന്ധിച്ച കാഴ്ചപ്പാട്

2020 ലെ ദേശീയ വിദ്യാഭ്യാസ നയം (NEP) നിലവിലെ വിദ്യാഭ്യാസ സംവിധാനത്തിന്റെ എല്ലാ വശങ്ങളും നവീകരിക്കാനാണ് നിർദ്ദേശിക്കുന്നു. ഇത് SDG 4 ന്റെ ഗുണമേന്മയുള്ള വിദ്യാഭ്യാസവുമായി[1] പൊരുത്തപ്പെടുന്നുണ്ട്. പഠനനേട്ടങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിന് വിവിധ തലങ്ങളിലെ ഒരു പരിഹാരമായി ഇത് മാർഗദർശനത്തെ നിർദ്ദേശിക്കുന്നു.

[1] Ministry of Human Resource Development. (2020, July 29). National Education Policy 2020. Government of India

### 1.5.1 വിദ്യാർത്ഥികൾക്ക്

സ്കൂളിലെ കൊഴിഞ്ഞുപോകൽ നിരക്ക് കുറയ്ക്കുന്നതിനും എല്ലാവർക്കും വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനു മുള്ള ശ്രമത്തിൽ, സ്കൂൾ വിദ്യാർത്ഥികൾക്ക് പൂർവ്വവിദ്യാർത്ഥികളും കമ്മ്യൂണിറ്റി അംഗങ്ങളും മാർഗദർ ശനം നൽകും, ഇത് മെച്ചപ്പെട്ട പഠന നേട്ടങ്ങളിലേക്കും സുസ്ഥിര താൽപ്പര്യത്തിലേക്കും നയിക്കും.

### 1.5.2 അധ്യാപകർക്ക്

NEP 2020 അധ്യാപകരെ ഒരുക്കിയെടുക്കുന്ന പ്രക്രിയയിൽ "ബഹുതലവിഷയങ്ങളുടെ വീക്ഷണങ്ങളും അറി വും സ്വഭാവങ്ങളും, മൂല്യങ്ങളും, രൂപപ്പെടുത്തുന്നതിന്, മികച്ച മെന്റർമാരുടെ കീഴിൽ വികസനത്തിനുള്ള പരിശീലനം ആവശ്യമാണെന്ന് അംഗീകരിച്ചിട്ടുണ്ട്"[2]. അതിനാൽ, ബോർഡിലുടനീളം അധ്യാപക വിക സനത്തിനുള്ള ഒരു അനുബന്ധ പ്രവർത്തനമായി മെന്ററിംഗ് നൽകുന്നതിനായി നിർദ്ദേശിക്കുന്നു.

a. ഇത് സ്കൂൾ വിദ്യാഭ്യാസ വകുപ്പിന്റെ ക്ലസ്റ്റർ റിസോഴ്സ് സെന്ററുകൾ, തുടർച്ചയായ മൂല്യ നിർണ്ണയത്തിനായി പ്രതിമാസ മീറ്റിംഗുകൾ വഴി അംഗൻവാടികൾ/ബാലവാടികൾ എന്നി വിടങ്ങളിൽ ECCE അധ്യാപകർക്കായി ഒരു മാർഗദർശന സംവിധാനം സ്ഥാപിക്കാൻ നിർ ദ്ദേശിക്കുന്നു. പ്രൊഫഷണൽ യോഗ്യതയുള്ള ECCE അധ്യാപകർക്കുവേണ്ടി, ദീർഘകാലാടി സ്ഥാനത്തിലുള്ള തൊഴിൽപരമായ പരിശീലനം, മാർഗദർശന സംവിധാനം, കരിയർ മാപ്പിംഗ് എന്നിവയുടെ സംയോജനം ഉപയോഗിക്കാൻ നിർദ്ദേശിക്കുന്നു.

b. പ്രായോഗികപരിശീലനത്തിന് പുറമെ സേവനത്തിലുള്ള അദ്ധ്യാപകർക്കും അവരുടെയോ ഗ്യതകൾ വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അനുയോജ്യമായതും ശക്തവുമായ മാർഗ ദർശനം നല്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തും.

c. മികച്ച പ്രൊഫഷണലുകളുടെ ഒരു സംഘത്തെ ഉൾപ്പെടുത്തി അധ്യാപകർക്ക് ദീർഘകാല തൊഴിൽപരമായ പിന്തുണ നൽകുന്നതിനായി മാർഗദർശനത്തിനുള്ള ദേശീയ ദൗത്യം സ്ഥാപിക്കും.

### 1.5.3 സ്കൂൾ ലീഡർമാർക്ക്

പഠന ബോധന പ്രക്രിയകൾ നിയന്ത്രിക്കാനും തുടർച്ചയായ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള മാ നദണ്ഡങ്ങൾ സ്ഥാപിക്കാനും അധ്യാപക വികസനത്തിന് സുസ്ഥിര പിന്തുണ നൽകാനും ഒരു സഹക രണാത്മക പഠന സംഘടന സൃഷ്ടിക്കാനും അതിലൂടെ വിദ്യാഭ്യാസ ലീഡർമാരുടെ ബോധനശാസ്ത്രത്തി ലൂന്നിയ, നേതൃശേഷി വർദ്ധിപ്പിക്കുന്നതിനുള്ള മാർഗദർശനം നടത്തുവാനും ഇത് നിർദ്ദേശിക്കുന്നു.

### 1.5.4 വിദ്യാഭ്യാസ നേതാക്കൾക്കും സ്ഥാപനങ്ങൾക്കും

NEP 2020, വിദ്യാഭ്യാസ നേതൃത്വത്തെ ഉൾപ്പെടുത്തി വിദ്യാഭ്യാസ സ്ഥാപനങ്ങളിലുടനീളം മാർഗദർശന ത്തിന്റെ ആവശ്യകത ഊന്നിപ്പറയുന്നു. കാര്യക്ഷമമായ ഭരണനിർവ്വഹണവും മികച്ച നേതൃത്വപാടവവും മാർഗദർശനത്തിലൂടെ സാധ്യമാക്കിക്കൊണ്ട് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പുനഃക്രമീകരണ ത്തിലും ഏകീകരണത്തിലുമായിരുന്നു NEP 2020 പ്രഥമ ശ്രദ്ധകേന്ദ്രീകരിച്ചത്.

a. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ശാക്തീകരണത്തിന്റെയും സ്വയംഭരണപരമായ ന വീകരണത്തിന്റെയും സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിന്, ഒരു ഗ്രേഡഡ് അക്രഡിറ്റേഷ ൻ ഗ്രാന്റിങ് സംവിധാനം സ്ഥാപിക്കും. അതിനായി കോളേജുകൾ നിശ്ചിത നിലവാരം പു ലർത്തുന്നതിനുള്ള മാർഗദർശനം നൽകും. ഓരോ സർവ്വകലാശാലയും അതിന്റെയും സംയോജിതമായ കോളേജുകളെ "അക്കാദമികവും പാഠ്യപദ്ധതി നിഷ്കർഷിക്കുന്നതുമായ വിഷയങ്ങൾ, അദ്ധ്യാപനം, വിലയിരുത്തൽ, ഭരണപരിഷ്കാരങ്ങൾ; സാമ്പത്തിക ദൃഢത;

---

[2] Ministry of Human Resource Development. (2020, July 29). National Education Policy 2020. Government of India.

ഭരണപരമായ കാര്യക്ഷമത എന്നിവയിൽ കഴിവുകൾ വികസിപ്പിക്കാൻ മാർഗദർശനത്തിലൂടെ സഹായിക്കും," ഒടുവിൽ ബിരുദം നൽകുന്ന സ്വയംഭരണ കോളേജുകളായി ഇവപരിവർത്തിപ്പിക്കപ്പെടും

b. ഇതിനു പുറമെ എല്ലാ മേഖലകളിലും ഗുണനിലവാരമുള്ള അക്കാദമിക ഗവേഷണം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ മാർഗദർശനം നൽകുകയെന്നത് NRF ന്റെ പ്രാഥമിക ചുമതലകളിൽ ഒന്നായി കണക്കാക്കപ്പെടും.

NEP 2020 വാഗ്ദാനം ചെയ്യുന്ന ശുപാർശകൾക്ക് പുറമേ, വിവിധ ആവശ്യങ്ങൾക്കായി മാർഗദർശന ഘടനകൾ സ്ഥാപിക്കുന്നതിന് ഇന്ത്യയിലെ വിദ്യാഭ്യാസ ആവാസവ്യവസ്ഥയിൽ ഉടനീളം വളരെയധികം സാധ്യതകളുണ്ട്. വിദ്യാഭ്യാസ ആവാസവ്യവസ്ഥയുടെ വിവിധതലങ്ങളിൽ ഫലപ്രദമായും കാര്യക്ഷമമായും വിവരങ്ങളും മാർഗനിർദേശങ്ങളും പ്രചരിപ്പിക്കുന്നതിന് വിവിധ പങ്കാളികളുടെ അറിവിന്റെയും വൈദഗ്ധ്യത്തിന്റെയും സമ്പത്ത് ഉപയോഗപ്പെടുത്താം.

അധ്യായം

II

# മാർഗദർശനത്തിന് ഒരാമുഖം



# അധ്യായം – II: മാർഗദർശനത്തിന് ഒരാമുഖം

## 2.1. മാർഗദർശനം എന്ന ആശയം

മാർഗദർശനം എന്നത് ചെയ്യുന്ന കാര്യങ്ങളിൽ അനുഭവപരിചയമുള്ള ഒരാളും ആ അനുഭവത്തിൽ നിന്ന് പഠിക്കാൻ ആഗ്രഹിക്കുന്ന ഒരാളും തമ്മിലുള്ള ആശയവിനിമയത്തെ വിവരിക്കാൻ വളരെക്കാലമായി ഉപയോഗിച്ചുവരുന്ന ഒരു വാക്കാണ്. മെന്റർക്കും[3] വിദ്യാർത്ഥിക്കും വ്യക്തിപരവും തൊഴിൽപരവുമായ വളർച്ച കൈവരിക്കുന്നതിനുള്ള മികച്ച മാർഗമാണിതെന്ന് വിശ്വസിക്കപ്പെടുന്നു. ഈ ഇടപെടലുകളിൽ മെന്റർമാരുടെ ചോദ്യങ്ങളോട് പ്രതികരിക്കൽ, പിന്തുണ നൽകൽ, ആഴത്തിലുള്ള കൗൺസലിംഗ്, സങ്കീർണ്ണവും വെല്ലുവിളി നിറഞ്ഞതുമായ പ്രശ്നങ്ങൾ പരിഹരിക്കൽ തുടങ്ങിയവ ഉൾപ്പെട്ടേക്കാം. മാർഗദർശന ബന്ധം ഒരു ദീർഘവും, ഘടനപരവുമായ സഹജീവിബന്ധമാണ്. പ്രാഥമികമായി വിദ്യാർത്ഥിയുടെ ലക്ഷ്യത്തിലേക്കുള്ള തൊഴിൽ നൈപുണി വികസനത്തിലേക്ക് നയിക്കുന്നതും സമാന മേഖലകളിൽ നിന്നുള്ള പ്രൊഫഷണലുകൾ തമ്മിലുള്ള ഇഷ്ടാനുസൃത ഇടപെടലുകളാൽ അധിഷ്ഠിതവുമാണിത്.

**<u>മെന്റർ – വിദ്യാർത്ഥി ബന്ധത്തിന്റെ കഥകൾ</u>**

ലോകമെമ്പാടുമുള്ള പുരാതന ചരിത്രത്തിൽ മാർഗദർശനത്തിന്റെ വേരുകൾ ഉണ്ട്. "മെൻറർ" എന്ന ഇംഗ്ലീഷ് പദത്തിന്റെ രേഖപ്പെടുത്തപ്പെട്ട ആദ്യത്തെ തെളിവ് ഒരു ഗ്രീക്ക് ഗ്രന്ഥത്തിലാണ് കണ്ടെത്തിയത്. മഹാഭാരതത്തിൽ, ശ്രീകൃഷ്ണൻ അർജ്ജുനനെ ധർമ്മത്തിന്റെ പാത പിന്തുടരാനും യുദ്ധഭൂമിയിൽ തന്റെ കർത്തവ്യങ്ങൾ ന്യായമായി നിർവഹിക്കാനും ഉപദേശിച്ചു. "ആളുകളുടെ സന്തോഷത്തിനായി ഒരുമിച്ച് പ്രവർത്തിക്കാനും അവരെ ദുരിതത്തിൽ നിന്ന് മോചിപ്പിക്കാനുമായി പങ്കുവെച്ച പ്രതിജ്ഞയോടെ, ബുദ്ധമതത്തിലെ സദ്ധർമ്മ പുണ്ഡരിക സൂത്രം, (Lotus Sutra) മെന്റർ–വിദ്യാർത്ഥി ബന്ധത്തെ അടിസ്ഥാനപരമായി കണക്കാക്കുന്നു.[4]

ചർച്ചയിലൂടെ വിമർശനാത്മക ചിന്ത വളർത്തുന്ന സോക്രട്ടിക് രീതിക്ക് സമാനമായി, വ്യക്തികൾ പങ്കിട്ട സംഭാഷണമായാണ് മാർഗദർശനം അവതരിപ്പിക്കുന്നത്, അവരിൽ ഒരാൾ ചിന്തോദ്ദീപകമായ ചോദ്യങ്ങൾ ഉന്നയിക്കുകയും മറ്റൊരാൾ സ്വന്തം ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുന്നു. ഇന്ത്യാചരിത്രത്തിൽ ഗുരുകുല സമ്പ്രദായത്തിലൂടെയുള്ള വിദ്യാഭ്യാസത്തിൽ മാർഗദർശനം ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. ഉപദേഷ്ടാവ് ഗുരുവും ഉപദേശി ശിഷ്യനുമായിരുന്നു. പ്രചോദനത്തിലൂടെയും അഭിപ്രേരണയിലൂടെയും സ്വന്തം കഴിവുകളെ അവർക്കുതന്നെ തിരിച്ചറിയാൻ സഹായകമാവും വിധത്തിൽ, ഈ സംവിധാനം വിദ്യാർത്ഥിയെ നയിച്ചു.[5] ചന്ദ്രഗുപ്ത മൗര്യനെ, പാടലീപുത്രത്തിലെ രാജാവാകാൻ ചാണക്യൻ ഉപദേശിച്ചതും തുടർന്ന് അദ്ദേഹം മഹാനായ ചക്രവർത്തിയായതും വിവിധ സാഹിത്യ ഗ്രന്ഥങ്ങളിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്.

പുരാതന ചരിത്രത്തിൽ നിന്ന് മുന്നോട്ട് സഞ്ചരിക്കുമ്പോൾ, ആധുനിക ചരിത്രത്തിലെ വിജയികളായ എല്ലാ ജനകീയരായ വ്യക്തികൾക്കും അവരുടെ ജീവിതത്തിൽ മെന്റർമാർ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. മഹാനായ അലക്സാണ്ടറുടെ മെന്റർ അരിസ്റ്റോട്ടിൽ ആയിരുന്നു. ഡോ. ബെഞ്ചമിൻ ഏലിയാ മെയ്സ് മാർട്ടിൻ ലൂഥർ കിംഗിന്റെ മെന്ററായി. പഠനവും വൈദഗ്ധ്യവും വർദ്ധിപ്പിക്കുന്നതിനുള്ള പ്രധാനപ്പെട്ടതും ഫലപ്രദവുമായ മാർഗമായി മാർഗദർശനം ഇപ്പോൾ വീണ്ടും ഉയർന്നുവരാൻ തുടങ്ങിയിരിക്കുന്നു[6]

[3] Together Platform. “Mentor Handbook.” Together Platform.

[4] Soka Gakkai. (320). The Oneness of Mentor and Disciple. Soka Gakkai (Global).

[5] Kukreja, S., Arora, R., & Singh, T. (2020). Mentorship Program: Modern Outlook of Traditional Knowledge. International Journal of Applied & Basic Medical Research.

[6] Hansman, C. A. (2002). Critical Perspectives on Mentoring. Center on Education and Training for Employment, College of Education, The Ohio State University.

വ്യക്തിഗതവും തൊഴിൽപരവുമായ ആവശ്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ മാർഗദർശനത്തിന് അതിന്റെ നേരിയ അനുരൂപീകരണങ്ങൾ ഉണ്ടായിരിക്കാമെങ്കിലും, "ആളുകൾക്ക് അവരുടെ സാമർത്ഥ്യം പരമാവധി വികസിപ്പിക്കാനും കഴിവുകൾ മെച്ചപ്പെടുത്താനും, സ്വന്തം പ്രകടനം മെച്ചപ്പെടുത്താനും അവർ ആഗ്രഹിക്കുന്ന വ്യക്തിയാകാനും കഴിയുന്ന തരത്തിൽ അവരുടെ പഠനം കൈകാര്യം ചെയ്യുന്നതിന് അവരെ പിന്തുണയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു സംവിധാനമായി'' ഇത് നിർവചിക്കപ്പെട്ടിട്ടുണ്ട്."[7]

## 2.2 മാർഗദർശനത്തിന്റെ തത്വങ്ങൾ

ആശയവിനിമയത്തിൽ പങ്കെടുക്കുന്നവരുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായി മാർഗദർശനം വ്യത്യസ്ത തരത്തിൽ ആയിരിക്കുമെങ്കിലും, ചില മാർഗദർശന തത്വങ്ങൾ ഘടനയുടെ സത്ത നിലനിർത്താൻ സഹായിച്ചേക്കാം. ഒരു മെന്ററിംഗ് ഘടന ഏറ്റവും വിജയകരമാകുന്നത് മെന്ററും വിദ്യാർത്ഥിയും ഈ പ്രക്രിയയിൽ ഉൾപ്പെട്ടിരിക്കുമ്പോഴാണ്. താഴെ കൊടുത്തിരിക്കുന്ന തത്വങ്ങളുടെ പട്ടിക നൗൾസിന്റെ[8] മുതിർന്നവർക്കുള്ള പഠന തത്വങ്ങളുമായി പൂർണമായി പൊരുത്തപ്പെട്ടിരിക്കുന്നു. ഇവ മാർഗനിർദ്ദേശന ഘടനയിൽ പങ്കാളികളുടെ പങ്കാളിത്തം  പ്രോത്സാഹിപ്പിക്കുമെന്ന് കരുതാവുന്നതാണ്.

a. വിദ്യാർത്ഥികളാൽ നയിക്കപ്പെടുന്നത്: വിദ്യാർത്ഥികൾ അവരുടെ പഠനം ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും അതുപോലെ വിലയിരുത്തുന്നതിലും പങ്കെടുത്തിരിക്കണം. വിദ്യാർത്ഥി ആ ബന്ധത്തെ നയിക്കുകയും അവരുടെ വികസനത്തിന് കൂടുതൽ ഉത്തരവാദിത്തം ഏറ്റെടുക്കാൻ പ്രോത്സാഹിപ്പിക്കുകയും. ചെയ്യണം.  മെന്ററുടെ അജണ്ടയോ നിർബന്ധമോ മാർഗദർശനത്തിലെ ഇടപെടലുകളുടെ പ്രേരകശക്തിയാകരുത്. ഒരു മെന്റർ വിദ്യാർത്ഥിയെ അവരുടെ സ്വന്തം ലക്ഷ്യങ്ങൾ സജ്ജീകരിക്കാനും വെല്ലുവിളികൾ തിരിച്ചറിയാനും വിദ്യാർത്ഥിയുടെ  ആവശ്യങ്ങൾക്കനുസരിച്ച് മുൻഗണന  നൽകാനും  ശ്രമിച്ചുകൊണ്ട്  നയിക്കണം.

b. നിർമ്മിക്കപ്പെടുന്നത്: മാർഗദർശന പ്രക്രിയയിൽ വിദ്യാർത്ഥിയുടെ ജീവിതാനുഭവങ്ങൾ പരിഗണിക്കണം. അത് അവരെ അവരുടെ അനുഭവങ്ങൾ പ്രതിഫലിപ്പിക്കാൻ പ്രാപ്തരാക്കണം.

c. പ്രായോഗികതയിൽ ഊന്നിയത്: യഥാർത്ഥ ജീവിത പ്രശ്നങ്ങളിലേക്കും അല്ലെങ്കിൽ പ്രക്രിയകളിലേക്കും പ്രക്രിയയിൽ നിന്നുള്ള ഉൾക്കാഴ്ചകൾ നടപ്പിലാക്കാൻ മാർഗദർശനം സഹായിക്കണം.

d. സുഗമമാക്കിയത് : സ്വയം നയിക്കപ്പെടുന്നതും നിർമ്മിക്കപ്പെട്ടതും പ്രായോഗികതയിൽ ഊന്നിയുള്ളതുമായ മാർഗദർശന അനുഭവത്തിന് ആവശ്യമായ വ്യവസ്ഥകൾ പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന ഇടങ്ങൾ സുഗമമാക്കുക എന്നതിലായിരിക്കണം  മെന്റർമാരുടെ  ശ്രദ്ധ .

e. സുരക്ഷിതമായത്: പങ്കെടുക്കുന്ന എല്ലാവർക്കും മാർഗദർശനഅനുഭവം സ്വമേധയാ ഉള്ളതായിരിക്കുമ്പോൾ ആ ഇടങ്ങൾ സുരക്ഷിതമാക്കാൻ നിരന്തരമായ പരിശ്രമം നടത്തണം. വിശ്വാസ്യത, രഹസ്യസ്വഭാവം, പരസ്പര ബഹുമാനം, സംവേദനക്ഷമത എന്നിവ സ്ഥാപിക്കുന്നതിന് സംവിധാനം  അനുവദിക്കണം. അവർക്കിടയിലുള്ള അധികാര വ്യത്യാസങ്ങൾ നികത്തുന്നതിനായി  മെന്റർമാർ  വിദ്യാർത്ഥിയുമായി പരിധികളും അടിസ്ഥാന നിയമങ്ങളും അംഗീകരിച്ചുകൊണ്ട്  മാർഗദർശനം ആരംഭിക്കണം.

f. സഹജീവിപരമായത്: മെന്ററുടേയും വിദ്യാർത്ഥിയുടേയും തുടർച്ചയായ വികസനത്തിന് മാർഗദർശന പ്രക്രിയയിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. ആവശ്യമുള്ളപ്പോഴെല്ലാം അവരുടെ മാർ

[7] Parsloe, E., & Leedham, M. (2009). Coaching and mentoring: Practical conversations to improve learning. Kogan Page Publishers.

[8] Knowles, M. S. (1980). The modern practice of adult education: From pedagogy to andragogy. Englewood Cliffs, NJ: Cambridge Adult Education.

ഗദർശന ഇടപെടലുകൾ തുടരുന്നതിന് അവർക്ക് ഉപദേശമോ സഹായമോ തേടാം, ഈ പ്രക്രിയയിൽ നിന്ന് തങ്ങൾക്ക് നേട്ടമുണ്ടാകുമെന്ന് അംഗീകരിക്കുന്നതിലൂടെ മെന്റർമാർക്കും മികച്ച ഇടപെടലിന്റെ പ്രയോജനം ലഭിക്കും.

## 2.3. മാർഗദർശനവുമായി ബന്ധപ്പെട്ട മിഥ്യാധാരണകൾ

മാർഗദർശനവുമായി ബന്ധപ്പെട്ട പൊതുവായ മിഥ്യാധാരണകൾ ഇനിപ്പറയുന്നവയാണ്:

a. **ഒരു മാർഗദർശന ബന്ധത്തിൽ നിന്ന് വിദ്യാർത്ഥികൾക്ക് മാത്രമേ പ്രയോജനം ലഭിക്കുന്നുള്ളൂ.** വിദ്യാർത്ഥിക്ക് കൂടുതൽ വ്യക്തമായ നേട്ടങ്ങൾ ഉണ്ടായിട്ടും, മെന്ററും വിദ്യാർത്ഥിയും പരസ്പരം പഠിക്കുന്ന ഒരു സഹജീവി ക്രമീകരണമാണ് മാർഗദർശനം.

b. **ഒരു മാർഗദർശന ബന്ധം വ്യക്തിപരമായിരിക്കണം.** മാർഗദർശനത്തിനായി നേരിട്ട് ഇടപെടുന്നതിന് അതിന്റേതായ നേട്ടങ്ങളുണ്ട്, എന്നിരുന്നാലും ഒരു മാർഗദർശന ബന്ധം സ്ഥാപിക്കുന്നതിന്, വല്ലപ്പോഴുമുള്ള കൂടിക്കാഴ്ചകളും ഓൺലൈൻ രീതികളും ഉപയോഗിക്കാം.

c. **ഒരു വിദ്യാർത്ഥിക്ക് ഒരു സമയം ഒരു മെന്റർ മാത്രമേ ഉണ്ടാകൂ.** വ്യത്യസ്ത മെന്റർമാർ അവരുടെ പ്രത്യേക അറിവും നൈപുണ്യവും ഒരു മാർഗദർശന ബന്ധത്തിലേക്ക് വിനിയോഗിക്കുന്നു, ഇത് ഒരു വ്യക്തിയുടെ പ്രൊഫഷണൽ അനുഭവം ഗണ്യമായി മെച്ചപ്പെടുത്തും.

d. **ഒരു മാർഗദർശനബന്ധം ആവശ്യമുള്ളപ്പോഴൊക്കെ നേടാൻ കഴിയില്ല.** ഒരു മാർഗദർശനബന്ധം സ്വാഭാവികമായി വികസിക്കുകയും ആവശ്യമുള്ളപ്പോൾ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. ഒരു ഘടനാപരമായ മാർഗദർശനബന്ധം മുൻകൂട്ടി നിശ്ചയിച്ച ആവൃത്തിയും അവസാനം പൂർത്തിയാക്കേണ്ട ലക്ഷ്യങ്ങളുടെ പട്ടികയും ഉൾപ്പെടുന്നതാണ്.


e. **മെന്റർമാർ വിദ്യാർത്ഥികളേക്കാൾ പ്രായമുള്ളവരായിരിക്കണം.** മെന്റർമാരെ തിരഞ്ഞെടുക്കുന്നതിനുള്ള ഏറ്റവും അനുയോജ്യമായ മാർഗ്ഗം അവരുടെ വൈദഗ്ധ്യം, കഴിവുകൾ, യോഗ്യതകൾ, ഒരുമിച്ച് പഠിക്കാനുള്ള മാനസികാവസ്ഥ എന്നിവയെ അടിസ്ഥാനമാക്കി അവരെ വിലയിരുത്തുക എന്നതാണ്.

f. **ഒരാൾക്ക് മെന്ററോ വിദ്യാർത്ഥിയോ ആകാം.** ഫലപ്രദമായ മാർഗദർശന ബന്ധങ്ങൾ സ്വന്തമായി കെട്ടിപ്പടുക്കുന്നതിനും, ആവശ്യമായ കഴിവുകൾ ആർജ്ജിക്കുന്നതിനും മെന്റർമാർക്ക് അവരുടെതായ മെന്റർമാരെ ആവശ്യമുണ്ട്. തൊഴിൽപരമായ വികസനത്തിന്റെ വഴികളിൽ പലപ്പോഴും അവരെ സഹായിച്ച അവരുടെ സ്വന്തം മെന്റർമാർ അവർക്കുണ്ട്.

അധ്യായം

III

# മാർഗദർശനത്തിനുള്ള ദേശീയ ദൗത്യത്തിന്റെ ആമുഖം



# അധ്യായം -III: മാർഗദർശനത്തിനുള്ള ദേശീയ ദൗത്യത്തിന്റെ ആമുഖം

പരസ്പര തൊഴിൽപര വികസനത്തിനായുള്ള ആശയങ്ങളുടെ ഘടനാപരമായ പങ്കുവയ്ക്കൽ പ്രോത്സാഹിപ്പിക്കുന്നതിലൂടെ മാർഗദർശനത്തിനുള്ള ദേശീയ ദൗത്യം (NMM) നിലവിലുള്ള വിഭവങ്ങൾ ശാക്തീകരിച്ചുകൊണ്ട് ഇന്ത്യൻ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ദ്രുതഗതിയിലുള്ള വികസനം സുഗമമാക്കും. ഇതിന് അനുസൃതമായി, സ്കൂൾ അധ്യാപകരുടെ അറിവ്, നൈപുണി, മൂല്യങ്ങൾ എന്നിവയുടെ സമ്പാദനവും പങ്കുവയ്ക്കലും മെച്ചപ്പെടുത്തുന്നതിന് വേണ്ട മാർഗദർശനം നല്കുന്നതിനായി ഒരു രാജ്യവ്യാപക ദൗത്യം NCTE നിർദ്ദേശിക്കുന്നു.

## 3.1. മാർഗദർശനത്തിനുള്ള ദേശീയ ദൗത്യത്തിന്റെ ആവശ്യകത


ഇന്നത്തെ അഭൂതപൂർവമായ ആവശ്യങ്ങളിലും വെല്ലുവിളികളിലും അധ്യാപകർക്ക് പുതിയ പരിഹാരങ്ങൾ ആവശ്യമാണ്. സമപ്രായക്കാരുടെ പ്രശ്നപരിഹാരത്തിനും ശേഷി വർധിപ്പിക്കുന്നതിനും അറിവും നൈപുണ്യവും സംഭാവന ചെയ്യാൻ കഴിവുള്ള വിദഗ്ധരാൽ സമ്പന്നമാണ് വിദ്യാഭ്യാസരംഗത്തെ അധ്യാപക സമൂഹം. തുടർച്ചയായി മാറിക്കൊണ്ടിരിക്കുന്ന പരിതസ്ഥിതിയുമായി പൊരുത്തപ്പെടാൻ കഴിയുന്ന സംവിധാനങ്ങൾക്ക്, അവരുടെ പൗരന്മാർക്ക് വ്യക്തിപരവും തൊഴിൽപരവുമായ ജീവിതം നയിക്കാൻ പ്രാപ്തരാക്കുന്നതിന് ശരിയായ വൈദഗ്ധ്യം നൽകാൻ കഴിയും. ഇത് സമഗ്രവും സുസ്ഥിരവുമായ സാമ്പത്തിക വളർച്ചയിലേക്ക് നയിക്കുന്നു. അതിനാൽ, കൂടുതൽ വികേന്ദ്രീകൃതമായ രീതിയിൽ നിലവിലുള്ള വിടവുകൾ പരിഹരിക്കുന്നതിന് ഒരു മാർഗദർശന വ്യവസ്ഥ പരിഹാരം നൽകുന്നു. തുടർച്ചയായ പ്രൊഫഷണൽ വികസനം, സമാന സന്ദർഭങ്ങളിൽ നിന്നുള്ള സമപ്രായക്കാരുമായി ബന്ധം സ്ഥാപിക്കൽ, വിവിധ മേഖലകളിൽ നിന്നുള്ള പഠനം പ്രയോജനപ്പെടുത്തുന്നതിനുള്ള ഒരു വേദിയുടെ അഭാവം എന്നിവയാണ് വൈദഗ്ധ്യം ലഭ്യമാക്കുന്നതിലെ വിടവുകൾ. പരിചയസമ്പന്നനായ ഒരു പ്രൊഫഷണലുമായി പഠനപ്രക്രിയയിൽ ഏർപ്പെടാനുള്ള അവസരം വ്യക്തികൾക്ക് മെന്ററിംഗ് നൽകുന്നു. മെന്റർ–വിദ്യാർത്ഥി ഇടപെടലുകളിലുള്ള വ്യത്യസ്ത വഴികളിലൂടെ അധ്യാപകർക്ക് നൈപുണിയും ശേഷിയും വർദ്ധിപ്പിക്കാൻ കഴിയും. സ്കൂൾ നേതൃത്വം, ഭരണനിർവ്വഹണം, പാഠ്യപദ്ധതി, ബോധന ശാസ്ത്രം വിദ്യാഭ്യാസ നയങ്ങൾ, വിലയിരുത്തലുകൾ തുടങ്ങി വിവിധ മേഖലകളിലുടനീളം വിദഗ്ധരുമായി ബന്ധം സ്ഥാപിക്കാനും പഠനങ്ങളും മികച്ച പ്രവർത്തനാനുഭവങ്ങളും കൈമാറാനും കണ്ടെത്തലുകൾ പ്രചരിപ്പിക്കാനും ഇതുവഴി അവസരങ്ങൾ ലഭിക്കുന്നു.

പരിശീലന പരിപാടികളിലായി രൂപകൽപ്പന ചെയ്തിട്ടുള്ള വിവരങ്ങളുടെയും പഠനത്തിന്റയും ശ്രേണീപരവും ഏകപക്ഷീയവുമായ, മുകളിൽ നിന്ന് താഴേക്കുള്ള ഒഴുക്ക്, നിലവിലെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ വ്യാപകമായി കാണുന്ന ദുരവസ്ഥയാണ്. അധികാര ശ്രേണിയുടെ അതിരുകൾ മയപ്പെടുത്താനും അടിസ്ഥാനപരമായ ഒരു മാതൃകാമാറ്റം കൊണ്ടുവരാനും മാർഗദർശനത്തിൽ അവസരമുണ്ട്. ഇതുവഴി പഠനം സമപ്രായക്കാർ തമ്മിലുള്ളതും സമൂഹത്തെ നയിക്കുന്നതുമായ ഒരു പ്രക്രിയയായി മാറുന്നു. ഇതു പഠനത്തെ കൂടുതൽ വ്യക്തിപരവും തുടർച്ചയുള്ളതുമാക്കി മാറ്റുകയും ചെയ്യുന്നു.

*പങ്കാളികൾക്കുള്ള ഒരു സഹവർത്തിത ഏജൻസിയെ മെന്ററിംഗ് സൃഷ്ടിക്കുമ്പോൾ പഠനത്തിന്റെ അന്തസത്തയും, പ്രതിഫലനവും, ശേഷീവികസനത്തിലേക്കുള്ള പങ്കുവയ്ക്കലുമാണ് ഇവിടെ സമൂഹം വളർത്തുന്നത്.*

## 3.2. ദൗത്യം എങ്ങനെ കൈവരിക്കും?

ഒരു പൊതുലക്ഷ്യം നേടുന്നതിനായി ഇടപെടുന്ന നിരവധി പ്രവർത്തകരുടെ കൂട്ടായ്മ എന്ന് ഈ ദൗത്യത്തെ വിശേഷിപ്പിക്കാം. വിദ്യാഭ്യാസ മേഖലയുടെ എല്ലാ തലങ്ങളിലും ഇത് നടപ്പിലാക്കാവുന്നതാണ്.





ചിത്രം 3.1 : പ്രവർത്തകർ ആശയവിനിമയത്തിൽ ഏർപ്പെടുകയും ഒരു യൂണിറ്റായി ലക്ഷ്യത്തിലേക്ക് മുന്നേറുകയും ചെയ്യുന്നു

### പ്രവർത്തകർ

ഈ മാർഗദർശന ദൗത്യത്തിനായി പ്രവർത്തിക്കുന്ന പ്രധാന പ്രവർത്തകർ മെന്റർമാരും വിദ്യാർത്ഥികളുമാണ്. ഒരു മേഖലയിൽ തൊഴിൽപരമായ വികസനം ആഗ്രഹിക്കുന്ന വിദ്യാഭ്യാസരംഗത്തെ ഒരു സവിശേഷ വിഭാഗത്തിൽനിന്നുള്ള വ്യക്തികളാണ് വിദ്യാർത്ഥികൾ. മെന്റർമാർ ഒരേ കേഡറിലോ അതിനു മുകളിലോ ഉള്ള വ്യക്തികളാണ്, അവർ കുറച്ചുകാലമായി ഒരേ മേഖലയിൽ തൊഴിൽപരമായ വികസനം തേടുന്നവരും "അന്വേഷണത്തിന്" അനുയോജ്യമായ ചർച്ചകളും സംഭാഷണങ്ങളും സുഗമമാക്കുന്നതിൽ സമർത്ഥരും ആണ്.


ചെറിയ തോതിലുള്ള മാർഗദർശന പ്രവർത്തനങ്ങൾ നടത്താൻ ഒരു മെന്ററിന്റെയും വിദ്യാർത്ഥിയുടേയും റോളുകൾ മതിയാകുമെങ്കിലും, വലിയ തോതിലുള്ള നിരന്തരമായ മാർഗദർശന ഘടനയെ സുഗമമാക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള മൂന്നാമത്തെ ഘടകം കൂടി ഈ ദൗത്യത്തിൽ ഉൾപ്പെടുന്നുണ്ട്. മെന്ററും വിദ്യാർത്ഥിയും തമ്മിൽ നടക്കുന്ന എല്ലാ ഇടപെടലുകളുടെയും ഗുണനിലവാരവും ആവൃത്തിയും തുടർച്ചയായി മെച്ചപ്പെടുത്തുന്നതിന് മൂന്നാമത്തെ ഘടകമായ ഭരണനിർവാഹകർ (വ്യക്തി അല്ലെങ്കിൽ യൂണിറ്റ്) ഉത്തരവാദികളാണ്. കൂടാതെ, മാർഗദർശന ഘടനയുടെ തുടർച്ചയായ വികസനവും പരിസ്ഥിതി വ്യവസ്ഥയുടെ സ്ഥാപനവൽക്കരണവും അവർ ഉറപ്പാക്കുന്നു. വിദ്യാഭ്യാസ ആവാസവ്യവസ്ഥയിലെ ഏതൊരു മാർഗദർശന പരിപാടിയുടെയും അളവുകോൽ വളരെ വലുതായിരിക്കാൻ സാധ്യതയുള്ളതിനാൽ, സംവിധാനത്തിലെ മറ്റ് പങ്കാളികൾക്കായി സാങ്കേതികവിദ്യയും ഓൺലൈൻ പ്ലാറ്റ്ഫോമുകളും വികസിപ്പിക്കുന്നതിന് എല്ലാ പ്രവർത്തകർക്കും ധാരാളം അവസരങ്ങളുണ്ട്.




ചിത്രം 3.2: മാർഗദർശന പ്രവർത്തകർ

ഈ പ്രവർത്തകർ തമ്മിലുള്ള ആശയവിനിമയം പ്രാഥമികമായി അറിവ്, കഴിവുകൾ, മൂല്യങ്ങൾ, മികച്ച സമ്പ്രദായങ്ങൾ എന്നിവ പങ്കിടുന്നതിനെ കേന്ദ്രീകരിച്ചായിരിക്കും. ഉദാഹരണത്തിന്, പുതിയ അധ്യാപക രുടെ ഓറിയന്റേഷനുവേണ്ടിയുള്ള മികച്ച സമ്പ്രദായങ്ങളെക്കുറിച്ചുള്ള ചർച്ച സുഗമമാക്കുന്നതിന് ഒരു മെന്റർ ഒരു കൂട്ടം വിദ്യാർത്ഥികളുമായി സംഭാഷണത്തിൽ ഏർപ്പെടുന്നു. ഈ വ്യവസ്ഥയിലെ ഒരു ഭരണനിർവ്വാഹകൻ ഒരു കേസ് അടിസ്ഥാനമാക്കിയുള്ള ചർച്ച എങ്ങനെ സുഗമമാക്കാം എന്നതിനെക്കുറിച്ചുള്ള ഒരു നൈപുണ്യ-നിർമ്മാണ ഘട്ടത്തിൽ മെന്ററെ കൂടി ഉൾപ്പെടുത്തുന്നു.

ഈ പരസ്പര പ്രവർത്തനത്തിന്റെ ഫലപ്രാപ്തി നാല് ഘടകങ്ങളാൽ നയിക്കപ്പെടുന്നു, ഉറപ്പ്, സമവായം, ഘടന, ഉപകരണങ്ങൾ. എന്നിവയാണത്.





ചിത്രം 3.3 പങ്കാളികൾ തമ്മിലുള്ള ആശയവിനിമയത്തിന്റെ തത്വങ്ങൾ

## 3.3 ദൗത്യത്തിന്റെ പ്രതീക്ഷിക്കുന്ന ഫലങ്ങൾ ?

ഇന്ത്യൻ വിദ്യാഭ്യാസ സമ്പ്രദായത്തിലുടനീളമുള്ള അറിവ്, കഴിവുകൾ, മൂല്യങ്ങൾ എന്നിവയുടെ സമ്പാദനവും കൈമാറ്റവും മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പൊതുലക്ഷ്യം കൈവരിക്കുന്നതിന് പ്രവർത്തകർ പരസ്പരം ഇടപഴകുന്നു. വിദ്യാഭ്യാസ മേഖലയിലുടനീളം വലിയ തോതിലുള്ള, വികേന്ദ്രീകൃതമായ, സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള മാർഗദർശന ഘടനകളുടെ സംയോജനത്തിലൂടെ ഇത് കൈവരിക്കാനാകും.

വിദ്യാഭ്യാസത്തിൽ മെച്ചപ്പെടുത്തിയ വികേന്ദ്രീകൃത നേതൃത്വത്തിലൂടെ സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുക എന്നതാണ് ആത്യന്തിക ലക്ഷ്യം. ഉദാഹരണത്തിന്, അധ്യാപകരുടെ അറിവിന്റെ അടിത്തറ വികസിപ്പിക്കുന്നതിനും അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും ക്ലാസ് മുറിയിലെ വെല്ലുവിളികളെ അഭിമുഖീകരിക്കാൻ അവരെ മികച്ചതാക്കുന്നതിനും അതുവഴി ഒരു കൂട്ടം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിന്റെ ദൈനംദിന വ്യാപനം മെച്ചപ്പെടുത്തുന്നതിനും അധ്യാപകർക്കിടയിൽ നൈപുണ്യ വികസനം ത്വരിതപ്പെടുത്തുന്നതിനും മാർഗദർശനം ഉപയോഗിക്കണം. സ്കൂളുകൾക്ക് മികച്ച പഠന സ്ഥാപനങ്ങളായി വളരുന്നതിനുള്ള വേഗമേറിയതും ഫലപ്രദവുമായ മാർഗമായി ഇത് തെളിയിക്കപ്പെട്ടേക്കാം. മാർഗദർശനം നല്കൽ പ്രോത്സാഹിപ്പിക്കുന്നതിൽ പങ്കുവഹിക്കാൻ സംസ്ഥാന തലങ്ങളിലോ ജില്ലാതലങ്ങളിലോ ബന്ധപ്പെട്ട് പങ്കെടുക്കുന്നവരെ/സ്ഥാപനങ്ങളെ അനുവദിച്ചുകൊണ്ട് ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള കൂടുതൽ വികേന്ദ്രീകൃത സമീപനം അനുവദിക്കുന്നതിനുള്ള അവസരം കൂടിയാണ് ഈ ദൗത്യം. പുതിയ പാതകളിലൂടെ സ്കൂൾ ലീഡർമാർക്കും വിദ്യാഭ്യാസ ഭരണനിർവ്വഹണ ഉദ്യോഗസ്ഥർക്കും വേണ്ടിയുള്ള മാർഗദർശനത്തിലേക്ക് ദൗത്യം വ്യാപിപ്പിക്കാം. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നത് ഒരു തുടർച്ചയായ യാത്രയാണെങ്കിലും, അതിന്റെ പുരോഗതിയെ സൂചിപ്പിക്കുന്ന ചില മൂർത്തമായ ഘട്ടങ്ങളുണ്ട്.




ചിത്രം 3.4: ദൗത്യത്തിന്റെ സുപ്രധാന ഘട്ടങ്ങൾ

### ഘട്ടം 1: തയ്യാറെടുപ്പ്

ഒരു സംവിധാനത്തിലെ പങ്കാളികൾക്ക് തൊഴിൽപരമായ വികസനത്തിനായി ആവശ്യകതകൾ വിലയിരുത്തുകയും ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഒരു മാർഗദർശന പരിപാടി നടപ്പിലാക്കുന്നതിന് ആവശ്യമായ വിഭവങ്ങൾക്കായി പര്യവേഷണം നടത്തുകയും ചെയ്യാം. ഈ സമയത്ത്, ഒരു വലിയ തോതിലുള്ള മാർഗദർശന സംവിധാനം നടപ്പിലാക്കുന്നതിന് വേണ്ടി ഈ ബ്ലൂബുക്ക് പോലുള്ള ഉറവിടങ്ങൾ മെന്റർമാർ ഉപയോഗിച്ചേക്കാം.

### ഘട്ടം 2: ശേഷി വർദ്ധിപ്പിക്കൽ

മെന്റർമാരെ തെരഞ്ഞെടുത്ത് കഴിഞ്ഞാൽ, ആവശ്യമായ മാർഗദർശന നൈപുണികളും സാങ്കേതികതകളും സഹിതം ആ മേഖലക്കു പ്രസക്തമായ കഴിവുകളിൽ അവരുടെ ശേഷി വളർത്തിയെടുക്കാനുള്ള അവസരങ്ങൾ ഈ ഘട്ടത്തിലൂടെ അനുവദിക്കുന്നു.

### ഘട്ടം 3: പരിചയം

ഈ ഘട്ടത്തിൽ, മെന്റർമാർക്ക് ഘട്ടം –2ൽ അവർ പഠിച്ച കഴിവുകൾ നിയന്ത്രിത പരിതസ്ഥിതിയിൽ പരിശീലിക്കാം. മാർഗദർശന ഇടപെടലുകളിൽ വാഗ്ദാനം ചെയ്യുന്ന ഗുണനിലവാരത്തെയും മൂല്യത്തെയും കുറിച്ച് മെന്റർമാരിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നുമുള്ള പ്രതികരണത്തെ അടിസ്ഥാനമാക്കി, ഘട്ടം 2–ൽ ശേഷി വർദ്ധനവിനായി ഉപയോഗിക്കുന്ന രീതിശാസ്ത്രം പരിഷ്കരിക്കാനും പരിചയത്തിന്റെ ഈ ഘട്ടം ഉപയോഗിക്കാം.

### ഘട്ടം 4: ശക്തിപ്പെടുത്തൽ

നിയന്ത്രിത പരിതസ്ഥിതികളിൽ പ്രവർത്തകർ ആത്മവിശ്വാസത്തോടെ മാർഗദർശന ഘടനകൾ നടപ്പിലാക്കിക്കഴിഞ്ഞാൽ, മെന്റർ അവർക്ക് വൈദഗ്ധ്യമുള്ള മേഖലകളിൽ മാർഗദർശന അനുഭവം നേടാൻ തുടങ്ങുന്നു. ഈ ഘട്ടം നിലവിലുള്ള ശേഷി വർദ്ധിപ്പിക്കൽ സെഷനുകളിലൂടെ മെന്റർമാരുടെ തുടർച്ചയായ വികസനത്തിന് അവസരം നല്കുന്നു. ഈ സമയത്താണ് മാർഗദർശന ബന്ധത്തിന്റെ അന്തിമ ഫലത്തിലേക്കുള്ള ഉപാധികൾ തയ്യാറാക്കുന്നത്. ഇത് മാർഗദർശന ഘടനയുടെ ഫലപ്രാപ്തി മനസ്സിലാക്കാനും നിശ്ചിത ഫലങ്ങൾ നേടുന്നതിന് അതിനെ പുനർവിന്യസിക്കാനും സഹായിക്കും.

മാർഗദർശന പരിപാടിക്കായി ഉദ്ദേശിച്ചിട്ടുള്ള ലക്ഷ്യങ്ങളുമായി നേട്ടങ്ങളെ ചേർത്തു വെക്കേണ്ടതുണ്ട്. ഉദാഹരണത്തിന്, അധ്യാപകരുടെ സമസംഘ മാർഗദർശന വലയങ്ങളിലൂടെ അടിസ്ഥാന സാക്ഷരതയിലും സംഖ്യാബോധത്തിലും വിദ്യാർത്ഥികളുടെ പഠനഫലങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പരിപാടിയുടെ വിലയിരുത്തലിന്റെ നേട്ടമായി കണക്കാക്കുന്നത്, അടിസ്ഥാന സാക്ഷരതയിലും സംഖ്യാബോധത്തിലുമുള്ള വിദ്യാർത്ഥികളുടെ പ്രകടനത്തിലെ ശതമാനത്തിലുണ്ടാകുന്ന (%) വർദ്ധനവാണ്.

### ഘട്ടം 5: വളർച്ചയും സുസ്ഥിരതയും

ഈ ഘട്ടത്തിൽ മാർഗദർശന ഘടന പരിശോധിക്കുന്നതിൽ നിന്ന് മാർഗദർശന പരിശീലനത്തിന്റെ ഒരു സമൂഹത്തെ കെട്ടിപ്പടുക്കുന്നതിലേക്ക് ശ്രദ്ധ മാറ്റുന്നു. ഈ സംവിധാനത്തിൽ പങ്കെടുക്കുന്ന എല്ലാ പ്രസക്തരായവരുടെ പങ്കാളിത്തവും അതിൽ അവരുടെ തുടർച്ചയായ താൽപ്പര്യവും ഉറപ്പാക്കാൻ മാർഗദർശന ഘടന ഇപ്പോൾ വിപുലീകരിക്കാൻ കഴിയും. വിവിധ പ്രവർത്തനരീതികൾ അവതരിപ്പിക്കുന്നതിലൂടെ ഇത് നേടാനാകും.

a. മൂല്യത്തിലധിഷ്ഠിതമായ പ്രവർത്തനങ്ങൾ പ്രദർശിപ്പിച്ച് പങ്കാളിത്തത്തിന്റെ ആവശ്യകത വർദ്ധിപ്പിക്കുക
b. എല്ലാവരുടെയും പങ്കാളിത്തം സാധ്യമാക്കുന്നതിന് സ്ഥാപനവൽക്കരിക്കുക
c. പ്രസക്തമായ പ്രോത്സാഹനങ്ങളിലൂടെ ഘടനകളിൽ തുടർച്ചയായ പങ്കാളിത്തത്തിന് മാർഗദർശന പ്രവർത്തകരെ പ്രചോദിപ്പിക്കുക.

ദൗത്യത്തിന്റെ മേൽപ്പറഞ്ഞ ഘട്ടം ഘട്ടമായുള്ള വ്യാപനം നടപ്പിലാക്കുന്നതിനായി ഒരു മെന്ററിംഗ് സംവിധാനത്തിലെ എല്ലാ പ്രവർത്തകരും തമ്മിലുള്ള ആശയവിനിമയത്തിന്റെ മൂല്യം ഫലപ്രദമായി വർദ്ധിപ്പിക്കുന്നതിനുള്ള ചില നിർമ്മാണങ്ങൾ ഇനിപ്പറയുന്ന വിഭാഗത്തിൽ ചിത്രീകരിക്കുന്നു.

അധ്യായം IV

# മാർഗദർശനത്തിനുള്ള പരിഹാരമാർഗങ്ങൾ



# അധ്യായം -IV: മാർഗദർശനത്തിനുള്ള പരിഹാരമാർഗങ്ങൾ

## 4.1 മെന്റർ തിരഞ്ഞെടുക്കൽ

ഒരു മാർഗദർശന നിർമ്മിതിയുടെ ഘടനകളെ സുഗമമാക്കുന്നതിനും ഈ പ്രക്രിയ ദീർഘകാലത്തേക്ക് നിലനിർത്തുന്നതിനും ഒരു നിർവ്വാഹകനെ (വ്യക്തി അല്ലെങ്കിൽ യൂണിറ്റ്) കൂടാതെ, നിയുക്ത മെന്റർമാരും വിദ്യാർത്ഥികളും ആവശ്യമാണ്. ഒരു മെന്ററിനെ തിരഞ്ഞെടുക്കുന്ന പ്രക്രിയ എപ്രകാരമായിരിക്കണം എന്നതിനെക്കുറിച്ചുള്ള ആശയങ്ങളും ഒരു മാർഗദർശന നിർമ്മിതി വിജയിക്കാൻ പ്രാപ്തമാക്കുന്ന മെന്റർമാരുടേയും വിദ്യാർത്ഥികളുടേയും ഗുണവിശേഷങ്ങളുമാണ് ഈ ഭാഗത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

### 4.1.1 മെന്റർമാരുടെ തെരഞ്ഞെടുപ്പ് പ്രക്രിയ

മാർഗദർശന ബന്ധത്തിൽ, മെന്റർ, ഘടനയിൽ ഉൾപ്പെട്ടിരിക്കുന്ന മറ്റ് പങ്കാളികളെ വിശ്വസിക്കേണ്ടതുണ്ട്. മെന്റർമാരിൽ വിശ്വാസം വളർത്തിയെടുക്കുന്നതിനും തൽഫലമായി മാർഗദർശന ഇടപെടലുകൾ ലഭ്യമാക്കുന്നതിനും മെന്റർമാരെ തെരഞ്ഞെടുക്കുന്നതിനായി സ്വീകരിച്ച പ്രക്രിയ ഒരു പ്രധാന പങ്ക് വഹിക്കുന്നു. മെന്റർമാരെ തെരഞ്ഞെടുക്കുന്ന നിർണായകമായ പ്രക്രിയ അനുവദിക്കുന്നത് :

a. സമപ്രായക്കാരുടെ നാമനിർദ്ദേശവും അല്ലെങ്കിൽ സാമർത്ഥ്യമുള്ള ഉദ്യോഗാർത്ഥികളുടെ താൽപ്പര്യം പ്രകടിപ്പിക്കലും..
b. മെന്റർ തെരഞ്ഞെടുപ്പ് മാനദണ്ഡം മുഖേന ഉദ്യോഗാർത്ഥിയുടെ അപേക്ഷയുടെ മൂല്യനിർണ്ണയം
c. മെന്റർമാരുടെ ധാരണ വളർത്തലും ശേഷി വർദ്ധിപ്പിക്കലും.

വിവിധ മേഖലകളിൽ / ശാഖകളിൽ നിന്നുള്ള സാമൂഹ്യശാസ്ത്രജ്ഞർ, മനഃശാസ്ത്രജ്ഞർ, വിദ്യാഭ്യാസ വിദഗ്ദ്ധർ എന്നിവരേയും ഉചിതമായ ഒരു മെന്റർ തെരഞ്ഞെടുപ്പ് പ്രക്രിയ രൂപപ്പെടുത്താൻ സഹായിക്കുന്നതിന് ഉൾപ്പെടുത്താവുന്നതാണ്. സംവിധാനത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് തിരഞ്ഞെടുക്കൽ പ്രക്രിയ സന്ദർഭോചിതമാക്കാനും ഇത് സഹായിച്ചേക്കാം.

മെന്റർ തെരഞ്ഞെടുപ്പ് പ്രക്രിയ ഉദ്ദേശിക്കുന്ന എല്ലാ ഉദ്യോഗാർത്ഥികൾക്കും ലഭ്യത ഉറപ്പ് വരുത്തുന്നതായിരിക്കണം. ഉദാഹരണത്തിന് സാങ്കേതികവിദ്യയിൽ പ്രാവീണ്യമില്ലാത്ത അല്ലെങ്കിൽ ധാരണക്കുറവുള്ള ഒരാൾ പങ്കാളിയായി ഉണ്ടാകാൻ സാധ്യതയുണ്ട്. അതുപോലെ, അഖിലേന്ത്യാ /സംസ്ഥാന സർവീസ് ഓഫീസർമാർ ഉള്ള മേഖലകളിൽ നിന്ന് മെന്ററിനെ തിരഞ്ഞെടുക്കാനാണ് മാർഗദർശന ഘടന ഉദ്ദേശിക്കുന്നതെങ്കിൽ, അപേക്ഷിക്കാനുള്ള തിരഞ്ഞെടുപ്പ് പ്രക്രിയ അവർക്ക് കൂടി ദൃശ്യമായിരിക്കണം. സമർത്ഥരായ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കുന്നതിന് മെന്റർ തെരഞ്ഞെടുപ്പ് പ്രക്രിയ ഒരു തടസ്സമാകരുത്.

## 4.2 മെന്റർമാരുടെ ഗുണവിശേഷങ്ങൾ

ഒരോ മാർഗദർശന സമയത്തും അതിന് മുമ്പും അതിൽ നിന്ന് പരമാവധി നേട്ടങ്ങൾ കൈവരിക്കുന്നതിനായി ഒരു മെന്റർക്കും വിദ്യാർത്ഥിക്കും ഉണ്ടായിരിക്കേണ്ടതും തയ്യാറാകേണ്ടതും പഠിക്കേണ്ടതുമായ ചില ഗുണവിശേഷങ്ങൾ ഉണ്ട്. പരിപാടിയിലൂടെ ആഗ്രഹിച്ച പഠന ഫലങ്ങളിലേക്ക് നയിക്കുന്ന പ്രചോദനാത്മകമായ ഗുണങ്ങൾ ഒരു മെന്റർക്ക് ഉണ്ടായിരിക്കണം. ഒരു മാർഗദർശന ബന്ധത്തിൽ പങ്കുവഹിക്കാൻ കഴിയുന്നിന് അത്യന്താപേക്ഷിതമായ ചില ഗുണങ്ങൾ കാണപ്പെടാം, അതേസമയം മെന്റർക്ക് പരിശീലനത്തിലൂടെയും തുടർച്ചയായ ശേഷി വർദ്ധിപ്പിക്കുന്ന പരിപാടികളിലൂടെയും ഗുണങ്ങൾ വികസിപ്പിക്കാൻ കഴിയും.

മാർഗദർശന സജ്ജീകരണത്തിന്റെ സന്ദർഭത്തെ ആശ്രയിച്ച്, മെന്ററെ തിരഞ്ഞെടുക്കുന്നതിനുള്ള ഗുണങ്ങളുടെ തുടക്കപട്ടികയാണ് ഇവിടെ ചേർത്തിട്ടുള്ളത്, കൂടാതെ ഇത് മെന്റർ പരിശീലനത്തിനുള്ള ഒരു റഫറൻസുമാണ്.

a. **വൈവിധ്യത്തെക്കുറിച്ചുള്ള അവബോധം:** ഈ സന്ദർഭത്തിൽ, വൈവിധ്യത്തെക്കുറിച്ച്

ബോധവാന്മാരായിരിക്കുക എന്നതിനർത്ഥം മാർഗദർശന പരിപാടി ഇടപെടൽ നടത്തുമ്പോൾ ഒരു നിശ്ചിത പരിതസ്ഥിതിയിൽ വിവിധ ആളുകളുടെയും ഗ്രൂപ്പുകളുടെയും അഭിപ്രായങ്ങളുടെയും അസ്തിത്വത്തെക്കുറിച്ച് ബോധവാനായിരിക്കുക എന്നതാണ്. ഭിന്നതരക്കാരായ മെന്റർമാരുടേയും വിദ്യാർത്ഥികളുടേയും വ്യക്തിഗത വ്യത്യാസങ്ങൾ, സാമൂഹിക-സാമ്പത്തിക പശ്ചാത്തലങ്ങൾ, ലിംഗഭേദം, പ്രായം, സംസ്കാരം, ജാതി, മതം, അവരുടെ മറ്റു കാര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ധാരണയും ഇതിൽ ഉൾപ്പെടുന്നു.

b. **ഫലപ്രദമായ ആശയവിനിമയം:** ഫലപ്രദമായ ആശയവിനിമയം മെന്ററിന്റെ ഒരു പ്രധാന ഗുണമാണ്. ആശയങ്ങൾ, അറിവുകൾ, ചിന്തകൾ, വികാരങ്ങൾ എന്നിവ സംക്ഷിപ്തവും ബോധ്യപ്പെടുത്തുന്നതുമായ രീതിയിൽ ആശയവിനിമയം നടത്താനുള്ള കഴിവ് ഇതിൽ ഉൾപ്പെടുന്നു. കൂടാതെ സജീവമായി കേൾക്കുന്നതും മനസ്സിലാക്കുന്നതും മറ്റുള്ളവരോട് പ്രതികരിക്കുന്നതും മെന്റർമാർക്ക് ഒരുപോലെ പ്രധാനമാണ്. അതിനാൽ വിജയകരമായി പരിപാടി നടപ്പിലാക്കുന്നതിന് ഫലപ്രദമായ ആശയവിനിമയം അത്യാവശ്യമാണ്.

c. **സഹാനുഭൂതി :** മെന്റർമാർ അവരുടെ വിദ്യാർത്ഥികളോട് സഹാനുഭൂതി കാണിക്കുകയും അവരുടെ കാഴ്ചപ്പാടുകൾ, വികാരങ്ങൾ, ചിന്തകൾ, അനുഭവങ്ങൾ എന്നിവ മനസ്സിലാക്കുകയും അവയുമായി ബന്ധപ്പെടുകയും വേണം. ഉചിതമായ മാർഗനിർദ്ദേശവും പിന്തുണയും നൽകാൻ ഇത് മെന്റർമാരെ അനുവദിക്കുന്നു.

d. **അനുഭവപരിചയം:** ഈ സാഹചര്യത്തിൽ അനുഭവപരിചയം പ്രധാനമാണ്, കാരണം മെന്റർമാരും വിദ്യാർത്ഥികളും ഈ പരിപാടിയിലെ പ്രധാനികളാണ്. അനുഭവപരിചയം എന്നത് മെന്റർമാർ അവരുടെ പ്രൊഫഷണൽ വികസനത്തിനിടയിൽ ശേഖരിച്ച അറിവ്, കഴിവുകൾ, എന്നിവയെ സൂചിപ്പിക്കുന്നു. വിദ്യാർത്ഥി അഭിമുഖീകരിക്കുന്ന സാഹചര്യങ്ങളോടും വെല്ലുവിളികളോടും ബന്ധപ്പെടുത്താനും മികച്ച സമ്പ്രദായങ്ങളുടെ ഉദാഹരണങ്ങൾ കണ്ടെത്താനും പങ്കിടാനും വിദ്യാർത്ഥിയുടെ അതേ കേഡറിലുള്ള മെന്റർമാരുടെ സമ്പന്നമായ അനുഭവം ആവശ്യമാണ്.

e. **വൈദഗ്ധ്യം:** ഒരു നിശ്ചിത വിഷയത്തിലോ തൊഴിലിലോ മേഖലയിലോ ഉയർന്ന തലത്തിലുള്ള അറിവോ ശേഷിയോ പ്രാവീണ്യമോ ഉള്ള ഒരാളെ വിവരിക്കാൻ ഉപയോഗിക്കുന്ന പദമാണ് വൈദഗ്ധ്യം. വിദ്യാർത്ഥിക്ക് അവരുടെ ഇടപെടൽ മേഖലയെക്കുറിച്ച് ആഴത്തിലുള്ള ഗ്രാഹ്യം വികസിപ്പിക്കുന്നതിന്, മെന്റർ ആ വിഭാഗത്തിലോ മേഖലയിലോ ഉള്ള ഒരു വിദഗ്ധനായിരിക്കണം കൂടാതെ ഉൾകാഴ്ചകളും മികച്ച പരിശീലനങ്ങളും നൽകാൻ കഴിയണം .

f. **വഴക്കം:** മാർഗദർശന സമീപനത്തിൽ വഴക്കമുള്ളതാക്കുക എന്നത് മെന്റർമാരുടെ പ്രധാന ഗുണങ്ങളിൽ ഒന്നാണ്. മാർഗദർശന പരിപാടിയുടെ സമയത്ത്, വിദ്യാർത്ഥികളുടെ ആവ ശ്യങ്ങൾക്കനുസരിച്ച് ഉള്ളടക്കവും സമീപനവും പൊരുത്തപ്പെടുത്താനും പരിഷ്ക്കരിക്കാനും മെന്റർക്ക് കഴിയണം. എല്ലാ വിദ്യാർത്ഥികൾക്കും ഉള്ളടക്കം എളുപ്പത്തിൽ മനസ്സിലാക്കുന്ന തിന് ഒന്നിലധികം പ്രാതിനിധ്യ മാർഗങ്ങൾ ഉപയോഗിക്കാനുള്ള കഴിവ് ഉണ്ടായിരിക്കണം. പ്രക്രിയയിലെ വഴക്കവും സമീപനവും മാർഗദർശന പരിപാടിയിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു.

g. **പ്രചോദനം:** വിജയിയായ ഒരു മെന്റർക്ക് പ്രചോദനാത്മക ഗുണങ്ങൾ ഉണ്ടായിരിക്കണം. അതിയായ താല്പര്യം, ഉത്സാഹം, ഉൾപ്രേരണ എന്നിവ ഉത്തേജിപ്പിച്ച് കഴിവിന്റെ പരമാവധിയിലെത്താൻ ഈ മെന്റർ വിദ്യാർത്ഥികളെ പ്രചോദിപ്പിക്കുന്നു. പ്രചോദനം നൽകുന്ന ഒരു മെന്റർ വിദ്യാർത്ഥികളെ മഹത്വത്തിനായി പരിശ്രമിക്കാൻ പ്രേരിപ്പിക്കുകയും പ്രകടനത്തെക്കുറിച്ച് ഉയർന്ന പ്രതീക്ഷകൾ ഒരുക്കി നൽകുകയും ചെയ്യുന്നു. മഹത്തായ കാര്യങ്ങൾ നേടിയെടുക്കാൻ കഴിയുമെന്ന് സ്വന്തം പ്രവർത്തനങ്ങളിലൂടെയും വിജയങ്ങളിലൂടെയും ഉദാഹരിച്ചുകൊണ്ട്, അവരുടെ സുഖപ്രദമായ തലങ്ങൾ വിട്ട് ലക്ഷ്യങ്ങൾ പിന്തുടരാനും വിദ്യാർത്ഥികളെ മെന്റർമാർ പ്രചോദിപ്പിക്കുന്നു.

**h. നേതൃത്വപാടവം:** ഒരു പൊതുലക്ഷ്യത്തിലേക്കോ ഉദ്ദേശ്യത്തിലേക്കോ മറ്റുള്ളവരെ നയിക്കാനും സ്വാധീനിക്കാനും പ്രചോദിപ്പിക്കാനും, മെന്റർമാർക്ക് നേതൃത്വ ഗുണങ്ങളും സ്വഭാവസവിശേഷതകളും ഉണ്ടായിരിക്കണം. മെന്റർമാർക്ക് നേതൃത്വപാടവം നിർണായകമാണ് കാരണം, ഇത് അവരുടെ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനും മുന്നോട്ട് നയിക്കുന്നതിനുമുള്ള മാർഗദർശന ബന്ധങ്ങളെ സ്വാധീനിക്കുന്നു.

**i. വിമർശനാത്മക ചിന്ത:** മെന്റർ യുക്തിയുടെയും കാരണങ്ങളുടെയും അടിസ്ഥാനത്തിൽ ആശയങ്ങൾ, ചിന്തകൾ, സാഹചര്യങ്ങൾ മുതലായവ വിശകലനം ചെയ്യുകയും വിലയിരുത്തുകയും ചെയ്യേണ്ടത് പ്രധാനമാണ്. മെന്റർമാർ തെളിവുകൾ തേടാതെ വസ്തുതകളോ വിവരങ്ങളോ അംഗീകരിക്കുന്നതിനു പകരം എല്ലായ്പ്പോഴും പ്രശ്നങ്ങൾ യുക്തിസഹമായി പരിഹരിക്കുന്നതിന് വ്യത്യസ്ത വീക്ഷണങ്ങൾ പരിഗണിക്കണം. വെല്ലുവിളികളും പ്രതിബന്ധങ്ങളും പിന്തുടർന്ന് കണ്ടെത്താനും അവരുടെ സമീപനങ്ങൾ വിലയിരുത്താനും സാഹചര്യത്തോട് ഉചിതമായി പൊരുത്തപ്പെടാനും പ്രതികരിക്കാനും വിദ്യാർത്ഥികളെ പിന്തുണയ്ക്കാൻ വിമർശനാത്മക ചിന്ത മെന്റർമാരെ പ്രാപ്തരാക്കുന്നു.

**j. സർഗാത്മകത :** വെല്ലുവിളികളെ തരണം ചെയ്യാൻ വിദ്യാർത്ഥികളെ പ്രാപ്തമാക്കുന്നതിന് പുതിയ ആശയങ്ങൾ നിർമ്മിക്കുന്നതിനും നൂതനമായ പരിഹാരങ്ങൾ സൃഷ്ടിക്കുന്നതിനും സർഗ്ഗാത്മകത മെന്റർമാരെ സജ്ജരാക്കുന്നു. വ്യത്യസ്ത വീക്ഷണകോണുകൾ പര്യവേക്ഷണം ചെയ്യാനും, പുതിയ ആശയങ്ങളെ പരീക്ഷിക്കുവാനും, ആശയങ്ങൾ, വീക്ഷണങ്ങൾ എന്നിവയിലൂടെ നൂതനമായ പരിഹാരങ്ങൾ കൊണ്ടുവരാനും വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക എന്നതും മെന്റർമാർക്ക് പ്രധാനമാണ്.

**k. പ്രതിഫലനം :** സ്വന്തം ചിന്തകളേയും ആശയങ്ങളേയും സംസ്കരിച്ചെടുക്കുന്ന സ്വയം പ്രതിഫലത്തിനായി പ്രതിഫലന വൈദഗ്ധ്യം മെന്റർക്ക് ഉപയോഗിക്കാവുന്നതാണ്. അവരുടെ മാർഗദർശന സന്ദർഭങ്ങൾ വിലയിരുത്താനും, വിദ്യാർത്ഥികളിൽ നിന്ന് സജീവമായി പ്രതികരണം തേടാനും, തുടർച്ചയായി വളരാനും മെന്റർമാരെ ഇത് പ്രാപ്തരാക്കുന്നു. മെന്റർമാരെ അവരുടെ തന്ത്രങ്ങൾ പരിഷ്കരിക്കാനും വിദ്യാർത്ഥികളുടെ ആവശ്യങ്ങളെക്കുറിച്ച് ആഴത്തിലുള്ള ധാരണ വർദ്ധിപ്പിക്കാനും അർത്ഥവത്തായ മാർഗനിർദേശവും പിന്തുണയും നൽകാനും ഇത് സഹായിക്കുന്നു. വിദ്യാർത്ഥികളുടെ പ്രതിഫലനാത്മക ശേഷികൾ വികസിപ്പിക്കുകയും വളർത്തിയെടുക്കുകയും പ്രോത്സാഹിപ്പിക്കുയും ചെയ്യേണ്ടത് മെന്റർമാർ വളരെ പ്രധാന്യത്തോടെ കാണണം.

മേൽപ്പറഞ്ഞ ഗുണങ്ങൾക്ക് പുറമേ, ഒരു മെന്ററുടേത് അവരുടെ വിദ്യാർത്ഥികളുടെ വെല്ലുവിളികൾ മനസ്സിലാക്കാനും അവരെ വേണ്ടതു പിന്തുണക്കാനുംതക്ക ഉയർന്ന വൈകാരിക തലമായിരിക്കണം. മാർഗദർശനത്തിൽ വ്യക്തിത്വത്തിന്റെ ചില ഉദാഹരണങ്ങൾ ചുവടെ നൽകിയിരിക്കുന്നു:

## മെന്റർ വ്യക്തിത്വം 1

ശ്രീമതി അസ്മിത പന്ത് കേന്ദ്രീയ വിദ്യാലയത്തിലെ പ്രിൻസിപ്പലാണ്. രണ്ട് സ്കൂളുകളിൽ കഴിഞ്ഞ 20 വർഷമായി വിദ്യാലയ നേതൃത്വത്തിലിരിക്കുന്ന അവർ 10 വർഷം മുമ്പ് കേന്ദ്രീയ വിദ്യാലയത്തിൽ പ്രിൻസിപ്പലായി ചേർന്നു. ഒരു അധ്യാപികയെന്ന നിലയിൽ, കാലക്രമേണ ബോധനശാസ്ത്രത്തിൽ വൈദഗ്ധ്യം വളർത്തിയെടുക്കുകയും തന്റെ അറിവും അനുഭവവും വിദ്യാലയത്തെ പൂർണമായി മെച്ചപ്പെടുത്താനുള്ള പര്യവേക്ഷണം ചെയ്യാൻ ഉപയോഗിക്കുകയും ചെയ്തു ചില നേതൃത്വ മൊഡ്യൂളുകൾ പൂർത്തിയാക്കി സംഘങ്ങളും സ്ഥാപനങ്ങളും കൈകാര്യം ചെയ്യുന്നതിനെക്കുറിച്ചുള്ള ധാരണ മെച്ചപ്പെടുത്തിയാണ് അവർ ഇത് ആരംഭിച്ചത്. തന്റെ സ്കൂളിലെ അധ്യാപകരുടെയും ജീവനക്കാരുടെയും അഭിപ്രായങ്ങൾ ശ്രദ്ധിക്കുകയും മെച്ചപ്പെടുത്തേണ്ട മേഖലകൾ തിരിച്ചറിയുകയും ചെയ്തു. വെല്ലുവിളി നിറഞ്ഞ മേഖലകളെക്കുറിച്ച് അധ്യാപകരോടും ജീവനക്കാരോടും സംസാരിക്കുമ്പോൾ, എല്ലാവർക്കും വ്യത്യസ്ത കഴിവുകളും വികസന മേഖലകളുമുണ്ടെന്ന് മനസ്സിലാക്കിക്കൊണ്ട് തുറന്ന മനസ്സോടെ കേൾക്കാനുള്ള മനസ്സ് അവർ കാണിച്ചു. ഫീഡ്ബാക്ക് നൽകുമ്പോൾ, സൃഷ്ടിപരമായ വിമർശനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്, വികസനത്തിന്റെ ശക്തികളും മേഖലകളും തിരിച്ചറിഞ്ഞ് തെളിവുകൾ നൽകുന്നത് ഉറപ്പാക്കിയിരുന്നു. അവരുടെ പ്രവർത്തനങ്ങളെയും അന

ന്തരഫലങ്ങളെയും കുറിച്ച് അവർ ഇടയ്ക്കിടെ ചിന്തിക്കുകയും പ്രവർത്തനങ്ങളിൽ മാറ്റം വരുത്താനും കാര്യക്ഷമതയില്ലായ്മയിലേക്കും പ്രതികൂലമായ വളർച്ചയിലേക്കും നയിക്കുന്ന രീതികൾ തകർക്കാനുമാണ് അവർ ആ ചിന്ത ഉപയോഗിച്ചിരുന്നത്. കൂടുതൽ പഠിക്കാൻ എപ്പോഴും തയ്യാറുള്ള അവർ, പഠനം തുടർന്നാൽ പ്രവർത്തനങ്ങൾ എങ്ങനെ മെച്ചപ്പെടുത്താം എന്നതിന്റെ ഉദാഹരണങ്ങൾ കാണിക്കാനും പഠനം തുടരാൻ മറ്റുള്ളവരെ പ്രചോദിപ്പിക്കാനുമായി തന്റെ വിദ്യാലയ ജീവനക്കാർക്കായി ശില്പശാലകൾ നടത്തുകയും ചെയ്തു. തന്റെ അദ്ധ്യാപകർ സുരക്ഷിതരും സന്തുഷ്ടരുമാണെന്നും ആവശ്യമുള്ളപ്പോഴൊക്കെ അവർക്ക് പിന്തുണ ലഭ്യമാണെന്നും ഉറപ്പാക്കും. അവരുടെ പൊതുസംസാര വൈദഗ്ധ്യം പറയുന്ന കാര്യങ്ങളിൽ എല്ലാവർക്കും താൽപ്പര്യമുണ്ടാക്കുകയും അവ നടപ്പിലാക്കാൻ പ്രേരിപ്പിക്കുകയും ചെയ്യും. വിദ്യാലയം മെച്ചപ്പെടുത്തൽ പദ്ധതികളിൽ വിവിധ വർഷങ്ങളുടെ അനുഭവപരിചയമുള്ള ഒരു സ്കൂൾ ലീഡർ എന്ന നിലയിൽ, രാജ്യത്തുടനീളമുള്ള സ്കൂൾ ലീഡർമാർക്ക് അവരുടെ വ്യത്യസ്ത സന്ദർഭങ്ങളിൽ നിന്ന് കൂടുതൽ പഠിക്കാനും വിദ്യാലയ മികവുകൾ സമർത്ഥകമാക്കാനുള്ള സ്കൂൾ ലീഡർമാരുടെ പ്രയാണത്തിൽ പങ്കാളിയായി മാർഗദർശനം നൽകുവാനും അവർക്ക് താല്പര്യമുണ്ട്.

### മെന്റർ – വ്യക്തിത്വം 2

സിബിഎസ്ഇ- യുമായി അനുബന്ധിതമായ ഒരു വിദ്യാലയത്തിലെ ഭൂമിശാസ്ത്ര അധ്യാപകനാണ് അമർ പാൽ ബലേംഗ്. 20 വർഷമായി അദ്ധ്യാപനം നടത്തുന്ന അദ്ദേഹം തന്റെ വിദ്യാലയത്തിലെ മറ്റ് അധ്യാപകർക്ക് പ്രചോദനത്തിന്റെ നിരന്തരമായ ഉറവിടമാണ്. ഒരു അദ്ധ്യാപകനെന്ന നിലയിലുള്ള തന്റെ കഴിവുകൾക്ക് പുറമേ, അദ്ദേഹം പലപ്പോഴും മറ്റ് അധ്യാപകരെ കേൾക്കുകയും പുതിയ അധ്യാപകരെ സ്കൂളിന്റെ സംസ്കാരവുമായി ഇണങ്ങി ചേരുന്നതിന് പിന്തുണയ്ക്കുകയും ചെയ്യുന്നു. തന്റെ സ്ഥാപനത്തിലെ എല്ലാ ജീവനക്കാർക്കും പിന്തുണ നൽകുന്നതിനും സുരക്ഷിതവുമായ ഇടം നിർമ്മിച്ചെടുക്കുന്നതിനും പരിപാലിക്കുന്നതിനും അദ്ദേഹത്തിന് ഒരു കഴിവുണ്ട്, കൂടാതെ അദ്ദേഹത്തെ ഒരു പ്രചോദനാത്മക നേതാവായി പരക്കെ കണക്കാക്കുന്നു. ഒരു ജോലിസ്ഥലത്തെ തൊഴിൽ സുരക്ഷ, പ്രൊഫഷണലിസം, തൊഴിൽ നൈതികതയുടെ ഉയർന്ന നിലവാരം എന്നിവയുടെ പ്രാധാന്യവും നേട്ടങ്ങളും അദ്ദേഹം മനസ്സിലാക്കുകയും തന്റെ പ്രവർത്തനങ്ങളിലൂടെ അത് വ്യക്തമാക്കുകയും ചെയ്യുന്നു. മറ്റ് അധ്യാപകരെ പിന്തുണയ്ക്കാനും മാർഗനിർദേശം നല്കി വിദ്യാലയത്തിലെ ജോലി എളുപ്പമാക്കുന്നതിന് സഹായിക്കാനും പ്രൊഫഷണൽ ജീവിതം സാർഥകമാക്കുന്നതിനായി അവർക്കൊപ്പമുള്ള പ്രയാണത്തിൽ പങ്കാളിയാകാനും അദ്ദേഹം ഇപ്പോൾ തന്റെ വൈദഗ്ധ്യം ഉപയോഗിക്കാൻ ആഗ്രഹിക്കുന്നു.

## 4.3 ഒരു വിദ്യാർത്ഥിയുടെ ഗുണവിശേഷങ്ങൾ

ഒരു മാർഗദർശന ബന്ധം വിജയകരമാകണമെങ്കിൽ, ഒരു വിദ്യാർത്ഥി ലക്ഷ്യബോധമുള്ള വ്യക്തിയായിരിക്കണം കൂടാതെ. മുൻകയ്യെടുക്കുകയും, വെല്ലുവിളികൾ നേരിടുകയും, പഠിക്കാനുള്ള ഉത്സാഹം കാണിക്കുകയും ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുകയും ചെയ്യണം. അവർ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കണം, വിവേചന കഴിവുകൾ നിലനിർത്തണം, അറിവിന് പുറമെ പുതിയ ശേഷികൾ തേടണം, സ്വന്തം ഉത്തരവാദിത്തങ്ങൾ നിറവേറ്റി വിജയം നേടുന്നതിന് വ്യത്യസ്ത സ്വാധീനങ്ങളുമായി പൊരുത്തപ്പെടുക.[9] വിദ്യാർത്ഥിയുടെ വ്യക്തിത്വത്തിന്റെ ചില ഉദാഹരണങ്ങൾ ചുവടെ നൽകിയിരിക്കുന്നു:

### വിദ്യാർത്ഥി– വ്യക്തിത്വം 1

ശ്രീ.സെൽവ കുമാർ കേന്ദ്രീയ വിദ്യാലയത്തിലെ അധ്യാപകനാണ്. അദ്ദേഹം 12 വർഷമായി ആ വിദ്യാലയത്തിൽ അധ്യാപനാണ്. കൂടുതൽ പഠിക്കാനും തന്റെ പ്രവർത്തി മണ്ഡലത്തിൽ വളരാനുമുള്ള അദ്ദേഹത്തിന്റെ സന്നദ്ധത സ്കൂൾ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ചില കോഴ്സുകളിൽ ചേരാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. സാധാരണ നിലയിൽ നിന്ന് മികച്ച നിലയിലേക്ക് ഉയരാനും എല്ലാ വിദ്യാർത്ഥികൾക്കും മികച്ച അനുഭവം സൃഷ്ടിക്കാനും സ്കൂളിൽ ധാരാളം സാധ്യതകൾ അദ്ദേഹം കാണുന്നു. ഇപ്പോൾ അദ്ദേഹം തന്റെ വിദ്യാലയം മെച്ചപ്പെടുത്തുന്നതിനുള്ള പ്രയാണത്തിൽ മെന്റർമാരിൽ നിന്നും മാർഗദർശനം തേടുന്നു, അതോടൊപ്പം തുടർന്ന് പഠിക്കാനുള്ള ആവേശത്തിലുമാണ്.

[9] National Institute of Technical Teachers Training and Research. (2020, September). Making Mentoring Relevant: NEP 2020 PERSPECTIVE.

### വിദ്യാർത്ഥി വ്യക്തിത്വം 2

ജവഹർ നവോദയ വിദ്യാലയത്തിലെ ഇംഗ്ലീഷ് അധ്യാപികയാണ് സംഗീത പ്രധാൻ. അധ്യാപനത്തിൽ തൊഴിൽപരമായ പരിശീലനം നേടിയ ശേഷം അധ്യാപികയെന്ന നിലയിൽ അവർക്കു ലഭിച്ച ആദ്യത്തെ മുഴുവൻ സമയ ജോലിയാണിത്. വിദ്യാലയത്തിൽ പോയിത്തുടങ്ങിയപ്പോൾ, അവർക്കു ലഭിച്ച പരിശീലനം ക്ലാസ് മുറിയിൽ പ്രയോഗിക്കുന്നത് പഠിക്കാൻ അവർ കുറച്ച് സമയമെടുത്തു. വൈവിധ്യമാർന്ന പഠിതാക്കളെ അഭിസംബോധന ചെയ്യുന്നത് ഉൾപ്പെടെ നിരവധി വെല്ലുവിളികളായായിരുന്നു 7, 8 ക്ലാസുകളിലെ വിദ്യാർത്ഥികളുടെ ക്ലാസ് മുറിയിൽ ജോലി ചെയ്യുന്നതിൽ അവർ നേരിട്ടത്. ആ വിദ്യാലയവുമായി പൊരുത്തപ്പെടാനും അവിടത്തെ അധ്യാപകരെയും അവരുടെ സുഹൃദ് വലയത്തിൽപ്പെട്ട മറ്റ് അധ്യാപകരെയും പിന്തുണയ്ക്കായി സമീപിക്കാനും ബോധപൂർവം ബന്ധപ്പെടാനും സമയം കണ്ടെത്താൻ ശ്രീമതി പ്രധാൻ തീരുമാനിച്ചു. പഠിക്കാനും മാർഗദർശനം സ്വീകരിക്കാനും അവർക്കു താൽപ്പര്യമുണ്ടായിരുന്നു, ഒപ്പം സമപ്രായക്കാരുമായുള്ള സംഭാഷണങ്ങളിലൂടെയും അവർ പങ്കെടുത്ത ശില്പശാലകളിലൂടെയും തുടർച്ചയായ ചിന്തകളിലൂടെയും ക്ലാസ് മുറിയിലെ ബുദ്ധിമുട്ടുകൾ പിന്തുടർന്ന് കണ്ടെത്തി പരിഹരിക്കുവാൻ അവർക്ക് കഴിഞ്ഞു.

## 4.4 മെന്റർ വികസനം

മാർഗദർശന ബന്ധങ്ങൾ പരമാവധി ഉയർത്തുവാനും വിജയകരമായ നിലയിൽ പ്രാപ്തമാക്കുവാനും മെന്റർക്കുവേണ്ട ഉപാധികളും അവസരങ്ങളും ലഭ്യമാക്കണം. മെന്ററുടെ വികസനം മാർഗദർശന പരിപാടിയുടെ ഏതെങ്കിലും രണ്ട് ഘട്ടങ്ങളുടെ ഭാഗമായിരിക്കണം:

a. മെന്റർമാരെ തിരഞ്ഞെടുത്തുകഴിഞ്ഞാൽ, മാർഗദർശനത്തിലെ ആശയവിനിമയം സുഗമമാക്കുന്നതിനും മെന്റർമാരെ മികച്ച രീതിയിൽ സജ്ജരാക്കുന്നതിനും മെന്റർമാർക്കുള്ള പരിശീലന പരിപാടി സഹായിക്കും.

b. മാർഗദർശന പരിപാടി തുടരുമ്പോൾ, തുടർച്ചയായ തൊഴിൽപരമായ വികസന അവസരങ്ങൾ മെന്റർമാരെ പിന്തുണയ്ക്കാനും മെന്റർമാരായി വളരാനും അവരെ സഹായിക്കും.

### 4.4.1. മെന്റർ പരിശീലന പരിപാടി

അച്ചടക്കവൈദഗ്ദ്ധ്യം, ആശയവിനിമയം, സഹാനുഭൂതി, വൈകാരിക ബുദ്ധി, പ്രശ്നപരിഹാര ശേഷി, സമയ പരിപാലനം. നേതൃത്വപാടവം എന്നിവപോലുള്ള നിരവധി തൊഴിൽപരമായ ശേഷികൾ മെന്റർമാർക്ക് ഉണ്ടാകേണ്ടതാണ്. മാർഗദർശന പരിപാടിയിൽ അവരുടെ വിദ്യാർത്ഥിക്ക് പിന്തുണയോ മാർഗനിർദ്ദേശമോ നൽകാൻ ഈ തൊഴിൽപരമായ കഴിവുകൾ അവരെ പ്രാപ്തരാക്കുന്നു. മെന്റർമാർക്കുള്ള പരിശീലന പരിപാടി ഒരു മെന്ററിനെ രണ്ട് മേഖലകളിൽ വികസിപ്പിക്കാൻ സഹായിക്കും. അടിസ്ഥാന മാർഗദർശന ശേഷികളുടെ വികസനത്തിനും വിവിധതരം മാർഗദർശനങ്ങളെ സംബന്ധിച്ച ഓറിയന്റേഷനും.

#### 4.4.1.1. മാർഗദർശനത്തിന്റെ അടിസ്ഥാനങ്ങൾ (കാമ്പ് നൈപുണികൾ)

ഈ പരിശീലനത്തിൽ ഉൾപ്പെടുത്താൻ കഴിയുന്ന ചില നൈപുണികളുണ്ട്:

**പട്ടിക 4.1: നൈപുണികൾ, ഘടകങ്ങളും വിവരണവും**

| നൈപുണികൾ | ഘടകങ്ങൾ | വിവരണം |
|---|---|---|
| ആശയവിനിമയം | സജീവമായി കേൾക്കുക. | മാർനിർദേശത്തിൽ സജീവമായി കേൾക്കൽ ബുദ്ധിമുട്ടുള്ള സംഭാഷണങ്ങൾ തുടങ്ങിയവയുടെ പ്രധാന ഘടകങ്ങളും പ്രാധാന്യവും. |
| | പ്രതിഫലനാത്മകവും അന്വേഷണാത്മകവുമായ ചോദ്യങ്ങൾ ചോദിക്കുക. | വ്യത്യസ്ത സാഹചര്യങ്ങൾക്കായി വ്യത്യസ്ത തരത്തിലുള്ള ചോദ്യങ്ങൾ ചോദിച്ച് അർത്ഥവത്തായ സംഭാഷണങ്ങൾ നയിക്കുക |

| | | |
|---|---|---|
| | പ്രതികരണം നൽകുകയും സ്വീകരിക്കുകയും ചെയ്യുക. | ഫലപ്രദമായി ക്രിയാത്മകമായ പ്രതികരണം സ്വീകരിക്കുന്നതിനും നൽകുന്നതിനുമുള്ള നിർദേശങ്ങൾ |
| **നേതൃത്വം** | സംക്രമണത്തിന്റെ കാര്യ നിർവഹണം | സംഘടനാപരമായ മാറ്റങ്ങളിലൂടെയും അതിനെക്കുറിച്ച് ആശയവിനിമയത്തിലൂടെയും ആളുകളെ ധനാത്മകമായി നയിക്കാനും പ്രചോദിപ്പിക്കാനുമുള്ള വഴികൾ |
| | കാഴ്ചപ്പാടുകളും ലക്ഷ്യങ്ങളും സജ്ജമാക്കുക | ഒരു മാർഗദർശന ബന്ധത്തിനായി അർത്ഥവത്തായ കാഴ്ചപ്പാടും SMART ലക്ഷ്യങ്ങളും സജ്ജമാക്കുക |
| | ഉത്തരവാദിത്തം സ്ഥാപിച്ചെടുക്കുക | സംഘങ്ങളിൽ വിജയകരമായി ഉത്തരവാദിത്തം സ്ഥാപിച്ചെടുക്കുകയും പ്രാതിനിധ്യം, നിരീക്ഷണം, പ്രതികരണം എന്നിവയിൽ ശേഷികൾ പ്രകടിപ്പിക്കുകയും ചെയ്യുക |
| | പുരോഗമനചിന്താഗതി വളർത്തിയെടുക്കുക | പുരോഗമനചിന്താഗതിയുടെ ആവശ്യകത വ്യക്തമാക്കുകയും ഒരു വ്യക്തിയുടെയും അവരുടെ വിദ്യാർത്ഥികളുടേയും പുരോഗമനചിന്താഗതി മെച്ചപ്പെടുത്തുന്നതിന് സഹവർത്തിത തന്ത്രങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുക |
| | സമയ പരിപാലനം | സമയവും ചുമതലകളും കൈകാര്യം ചെയ്യുന്നതിനും മുൻഗണന നൽകുന്നതിനുമുള്ള നിർദേശങ്ങൾ |
| | സാംസ്കാര നിർമ്മിതി | മികച്ച സംഘം / വിദ്യാർത്ഥി സംഘസംസ്കാരം കെട്ടിപ്പടുക്കുന്നതിനുള്ള വഴികൾ തിരിച്ചറിഞ്ഞ് നടപ്പിലാക്കുക |
| **ഉയർന്നു വരുന്ന മറ്റ് നൈപുണികൾ** | ശൃംഖല രൂപീകരണം | ലക്ഷ്യബോധത്തോടെയുള്ള പ്രശ്നപരിഹാരത്തിനുള്ള ഒരു മുഖ്യ സഹായിയായി ശൃംഖല രൂപീകരിക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കുക |
| | മാർഗദർശനവും അതിന്റെ സാരാംശവും | മെന്ററിലേക്കുള്ള പാതയോടൊപ്പം മാർഗദർശനവും അതിന്റെ പ്രാധാന്യവും നിർവചിക്കുക. |

### 4.4.1.2. മാർഗദർശനത്തിന്റെ വിഭാഗങ്ങൾ

മാർഗദർശന ഇടപെടലുകൾ നേരിട്ടും അല്ലാതെയും സമന്വിതമായും അസമന്വിതമായും സംഘടിപ്പിക്കാവുന്നതാണ്. മാർഗദർശനത്തിനെ താഴെപറയുന്ന വിഭാഗങ്ങളായി തിരിക്കാം:

അതാത് സന്ദർഭങ്ങളിൽ അവരുടെ പ്രശ്നങ്ങൾ പരിഹരിച്ച്കൊണ്ട് വിദ്യാർത്ഥിസമൂഹത്തെ പുനഃസ്ഥാപിച്ച് പഠിക്കുക, പങ്കിടുക, പരിഹരിക്കുക, ബന്ധിപ്പിക്കുക എന്നീ നാല് പ്രധാന പ്രവർത്തനങ്ങളിൽ ഇടപെടൽ ത്വരിതപ്പെടുമ്പോൾ, ഉപദേഷ്ടാക്കൾക്കും വിദ്യാർത്ഥികൾക്കും ഒരു മെന്റർഷിപ്പ് അനുഭവം ക്രിയാത്മകമാകും. താഴെ ചിത്രീകരിച്ചിരിക്കുന്നതുപോലെ, വ്യത്യസ്ത തരത്തിലുള്ള മാർഗദർശനത്തിലൂടെ ഇത് പ്രവർത്തനക്ഷമമാക്കാം:

#### a. വ്യക്തിഗത മാർഗദർശനം

വ്യക്തിഗത മാർഗദർശനം എന്നത് വ്യക്തിപരവും വിജ്ഞാനം പങ്കിടുന്നതും പങ്കെടുക്കുന്നവർക്ക് ഇഷ്ടമുള്ള വിഷയത്തിൽ നടത്തുന്നതുമായ സംഭാഷണമാണ്. ഒരു മെന്ററിനെയും വിദ്യാർത്ഥിയെയും കേന്ദ്രീകരിച്ചുള്ള ചർച്ചയാണിത്. പങ്കിടാനും പഠിക്കാനും ചർച്ച ചെയ്യാനും ഒരു വിശ്വസ്ത വ്യക്തിയുമായുള്ള (മെന്റർ അല്ലെങ്കിൽ സമപ്രായക്കാർ) ബന്ധം തിരഞ്ഞെടുക്കാനുള്ള അവസരം വിദ്യാർത്ഥിക്ക് ലഭിക്കുന്നു. വിദ്യാർത്ഥി ആർജ്ജിച്ച കഴിവുകളും അറിവും ശക്തിപ്പെടുത്താനും അഭിമുഖീകരിക്കുന്ന വെല്ലുവിളികളിൽ വിജ്ഞാനവും വൈദഗ്ധ്യവും എങ്ങനെ പ്രയോഗിക്കണമെന്ന് അവരെ മനസ്സിലാക്കാനും മെന്റർ സഹായിക്കുന്നു. വ്യക്തിത്വത്തിലും തൊഴിൽപരമായും അവരുടെ കഴിവുകളിൽ ശക്തമായ വിശ്വാസം വളർത്തിയെടുക്കാൻ സഹായിക്കുന്നതിനാൽ, നേരിട്ട് ഉപദേശിക്കുന്ന രീതിയിലൂടെ ഇടപഴകുന്നത് വിദ്യാർത്ഥിക്ക് ഉൾക്കാഴ്ചയുള്ള ഒരു അനു

ഭവമായി മാറും. ഇത് വിദ്യാർത്ഥികളെ വ്യക്തിപരമായി വളരാൻ സഹായിക്കുന്നു. ഒരു മെന്ററിനെ സംബന്ധിച്ചിടത്തോളം, അവർ ഉൾപ്പെടുന്ന സമൂഹത്തിലേക്ക് സംഭാവന നൽകാനുള്ള അവസരമായി ഇത് വർത്തിക്കുന്നു.

### b. സംഘമാർഗദർശനം

സംഘമാർഗദർശനത്തിൽ, സമാനമായ വെല്ലുവിളികൾ നേരിടുന്ന ഒരു കൂട്ടം വിദ്യാർത്ഥികളാണ് ഉൾപ്പെടുന്നത്. സമപ്രായക്കാരിൽ നിന്ന് പഠിക്കാനും ഒരു ശൃംഖല നിർമ്മിക്കാനും ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഇത് സഹായകരമാണ്.

### i. ചർച്ചാവലയങ്ങൾ (വിജ്ഞാന കൈമാറ്റ മാർഗദർശനം)

ചർച്ചാവലയങ്ങൾ (മാർഗദർശന വലയങ്ങൾ), ആശയങ്ങൾ (നയങ്ങൾ, പദ്ധതികൾ മുതലായവ), സമൂഹത്തിന്റെ ആവശ്യങ്ങളുമായി ബന്ധപ്പെട്ട മികച്ച അനുഭവപരിചയം എന്നിവയിലൂടെ സുഗമമാക്കാൻ കഴിയും. മെന്റർമാരുടെ ചുമതല ഏറ്റെടുക്കുന്ന വിദഗ്ധർക്ക് അവരുടെ അറിവും അനുഭവങ്ങളും പഠനങ്ങളും സുഗമമാക്കാനും പങ്കിടാനും ഈ ഇടങ്ങൾ തുറന്നിടാം. മാർഗദർശന വലയങ്ങൾ പ്രവർത്തന പഠനത്തിന്റെ ഘടകങ്ങളുമായി മാർഗദർശനത്തിന്റെ ഭംഗി കൂട്ടിച്ചേർക്കുന്നു. ഈ വലയങ്ങൾ വിദ്യാർത്ഥികളെ കൂട്ടായി പഠിക്കാനും മുന്നേറാനുമുള്ള പ്രചോദനത്തിനും സഹായിക്കും. സമാന വെല്ലുവിളികൾ നേരിടുന്ന ആളുകൾക്കോ കൂട്ടായ അറിവ് വളർത്തിയെടുക്കാൻ ശ്രമിക്കുന്നവർക്കോ ആ പ്രത്യേക ആശയത്തിൽ അറിവും അനുഭവ പരിചയവും വൈദഗ്ധ്യവുമുള്ള ഒരാളുടെ ഉപദേശവും മാർഗനിർദേശവും ലഭിക്കുമ്പോൾ പര്യവേക്ഷണം ചെയ്യാനും ചർച്ചചെയ്യാനും ഒത്തുചേരുന്നത് എളുപ്പമാക്കുന്നു. മാർഗദർശന വലയങ്ങൾ തിരഞ്ഞെടുക്കാനുള്ള അവസരം എന്നത് അവർ എന്താണ് പഠിക്കാൻ ആഗ്രഹിക്കുന്നതെന്നും ആരിൽ നിന്ന് പഠിക്കണമെന്നും തിരഞ്ഞെടുക്കുന്നതിന് വിദ്യാർത്ഥി ഏജൻസികകളുടെ ഭാഗമാകുക എന്നതാണ്.

### ii. സമപ്രായക്കാരുടെ മാർഗദർശനം

ഈ വിഭാഗത്തിൽ, നിർദ്ദിഷ്ട വെല്ലുവിളികളിലൂടെ വിജയകരമായി ദിശാമുന്നേറ്റം നടത്തിയ അല്ലെങ്കിൽ ചില സവിശേഷമേഖലകളിൽ വൈദഗ്ധ്യം നേടിയിട്ടുള്ള ഒരു കൂട്ടം പ്രൊഫഷണലുകൾ അവരുടെ സമപ്രായക്കാർക്കായി ചർച്ചകളും മാർഗനിർദേശങ്ങളും നൽകുന്നു. വ്യത്യസ്ത വീക്ഷണകോണുകളിൽ നിന്നുള്ള അറിവും അനുഭവവും പങ്കുവെക്കുന്നതിലൂടെ സമപ്രായക്കാർക്കിടയിൽ പിന്തുണാപരമായ ബന്ധം വർദ്ധിപ്പിക്കുന്നതിനുള്ള വ്യാപ്തി സമപ്രായക്കാരുടെ മാർഗദർശന സന്ദർഭങ്ങൾ ഒരുക്കി നൽകുന്നു. സമാന സന്ദർഭങ്ങളിലുള്ള ആളുകളുടെ മികച്ച അനുഭവപരിചയം പങ്കുവെക്കുന്നതിനും അതേസമയം അവരുടെ അറിവ് വർധിപ്പിക്കുന്നതിനും വിദ്യാർത്ഥികൾക്ക് വിശ്വസനീയമായ ശൃംഖലകൾ വാഗ്ദാനം ചെയ്യുന്നു. സമപ്രായക്കാരുടെ മാർഗദർശനം ഇരുവിഭാഗങ്ങൾക്കും പരസ്പര പ്രയോജനകരമായ പഠന പ്രക്രിയയെ സൂചിപ്പിക്കുന്നു. മെന്ററും വിദ്യാർത്ഥിയും അറിവും അനുഭവവും പങ്കിടുന്നതിനാൽ, ഇത് രണ്ട് കക്ഷികൾക്കും പ്രയോജനകരമാണ്. സമപ്രായക്കാരായ മെന്റർമാർ വിദ്യാർത്ഥിയെ നയിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നതിനാൽ, പഠിക്കാൻ സഹായിക്കുന്ന വ്യത്യസ്ത രീതികളിൽ അറിവ് മനസ്സിലാക്കാനും പ്രയോഗിക്കാനും വിദ്യാർത്ഥികൾ സ്വയം പരിശ്രമിക്കുന്നു. 'മികച്ച പരിശീലനം പങ്കുവെക്കുന്ന' ഒരു സംഘമായും ഇത് പ്രവർത്തിക്കുന്നു.

### iii. കേസ് അടിസ്ഥാനമാക്കിയുള്ള ചർച്ചകൾ (സാഹചര്യ മാർഗദർശനം)

ഈ വിഭാഗത്തിൽ, വിദ്യാർത്ഥികൾ അവർ അഭിമുഖീകരിക്കുന്ന ഒരു പ്രത്യേക പൊതുപ്രശ്നത്തിന് പരിഹാരങ്ങൾ കണ്ടെത്തുന്നതിനായി ഒരു ശൃംഖലയെയോ മെന്ററിനെയോ സമീപിക്കുന്നു. ഇങ്ങനെ കൂട്ടായ പ്രശ്നപരിഹാരത്തിനുള്ള മികച്ച അവസരമായി ഈ വിഭാഗം വർത്തിക്കുന്നു.

### iv. അതിശീഘ്ര മാർഗദർശനം

ഹ്രസ്വവും കേന്ദ്രീകൃതവുമായ കാലയളവിൽ സംഭവിക്കുന്ന മാർഗദർശനമാണ് അതിശീഘ്രമാർഗദർശനം. ഒരു നിർദ്ദിഷ്ട വിഷയത്തിലോ പ്രശ്നത്തിലോ വ്യക്തികൾക്ക് പെട്ടെന്നുള്ള മാർഗനിർദേശവും പിന്തുണയും ആവശ്യമുള്ള സാഹചര്യങ്ങളിൽ ഇത് സാധാരണയായി ഉപയോഗിക്ക

ന്നു. ചുരുങ്ങിയ സമയത്തിനുള്ളിൽ വിലയേറിയ ഉൾക്കാഴ്ചകളും പിന്തുണയും നേടുന്നതിനുള്ള വഴക്കമുള്ളതും കാര്യക്ഷമവുമായ മാർഗമാണിത്.

മുകളിൽ തിരിച്ചറിഞ്ഞ മാർഗദർശന രീതികൾ മെന്റർമാരും വിദ്യാർത്ഥികളും തമ്മിലുള്ള ആശയവിനിമയം പ്രോത്സാഹിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണെങ്കിലും, ഒരു മാർഗദർശന ഇടപെടൽ നടപ്പിലാക്കുന്നതിനുള്ള മറ്റ് മാർഗ്ഗങ്ങളും സാധ്യമാണ്. ഇനിപ്പറയുന്ന പട്ടികയിൽ കാണിച്ചിരിക്കുന്നതുപോലെ, സമന്വിതവും അസമന്വിതവുമായ രീതികൾ ഉപയോഗിച്ച് ഇത് ഓൺലൈൻ, ഓഫ്‌ലൈൻ മാധ്യമങ്ങളുടെ സംയോജനത്തിലൂടെയുമാകാവുന്നതാണ്:

### പട്ടിക 4.2: മാർഗദർശനത്തിന്റെ രീതി

| രീതികൾ→ മാധ്യമം↓ | സമന്വിതം | അസമന്വിതം |
|---|---|---|
| ഓൺലൈൻ | മുകളിൽ വിവരിച്ച എല്ലാ രീതികളും ഓൺലൈൻ, സമ്മേളനഉപാധികൾ ഉപയോഗിച്ചുള്ളതാണ്.<br><br>*മെന്റർമാരും വിദ്യാർത്ഥികളും വ്യത്യസ്ത സ്ഥലങ്ങളിൽ ആയതിനാൽ വ്യക്തിഗത കൂടിച്ചേരലുകൾ പ്രായോഗികമല്ലാതാകുന്ന സന്ദർഭങ്ങളിൽ ഏറ്റവും ഉപയോഗപ്രദമായ സംയോജനമാണ് ഇത്.* | പ്രതിഫലനാത്മക നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ചോദ്യങ്ങളുള്ള കേസ് പഠനങ്ങൾ തുടങ്ങിയ ജോലികൾ നൽകാനും ഫീഡ്‌ബാക്ക് കൈമാറാനുമുള്ള ഓൺലൈൻ ഉപാധികൾ.<br><br>*ആത്മപ്രതിഫലനവും സ്വയം പഠനവും പ്രോത്സാഹിപ്പിക്കുന്ന ഓൺലൈൻ-സമന്വിത പരിപാടിക്ക് പുറമെയുള്ള ഒന്നായി ഇതുപയോഗിക്കാവുന്നതാണ്.* |
| ഓഫ് ലൈൻ | മുകളിൽ വിവരിച്ച വ്യക്തിഗത ക്രമീകരണങ്ങളിൽ എല്ലാ രീതികളും.<br><br>*ഈ കൂടിച്ചേരൽ ചെറിയ തോതിലുള്ള പ്രോഗ്രാമുകൾക്ക് ഏറ്റവും ഉപയോഗപ്രദമായേക്കാം, മാത്രമല്ല ആശയവിനിമയം ഓൺലൈൻ രീതികളിലേക്ക് മാത്രം പരിമിതപ്പെടുത്താതെ മെന്ററിംഗ് ഇടപെടലുകൾ വർദ്ധിപ്പിക്കുകയും ചെയ്യും.* | പുസ്തകങ്ങൾ,പ്രവർത്തന കിറ്റുകൾ, നേരനുഭവ പരിപാടികൾ തുടങ്ങിയ ഓഫ് ലൈൻ ഉപാധികൾ നിർദ്ദേശിക്കാം.<br><br>*സ്വയം പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് കൂടുതൽ ഇഷ്ടാനുസൃതമാക്കിയ ഓൺലൈൻ/ഓഫ് ലൈലൻ - സമന്വിത മാർഗദർശന പരിപാടിക്ക് പുറമേ ഈ സംയോജനം ഉപയോഗിക്കാവുന്നതാണ്.* |

#### 4.4.2. മെന്റർമാർക്ക് വേണ്ടിയുള്ള തുടർച്ചയായ തൊഴിൽപരമായ വികസനം

മെന്റർ കൂടുതൽ മാർഗദർശന ഇടപെടലുകളിൽ ഏർപ്പെട്ട് മെന്റർമാരുടെ പരിശീലന തടസ്സങ്ങളെ മറികടക്കുകയും മുന്നേറുകയും വേണം. ഉദാഹരണത്തിന്, മെന്റർമാരെ വ്യത്യസ്ത നൈപുണികളിലേക്കും തുടർന്നുള്ള ഘട്ടങ്ങളിലേക്കും പരിചയപ്പെടുത്തുന്നതിന് വിവിധ തലങ്ങളിൽ മെന്റർമാർക്കുള്ള പരിശീലനം നടന്നേക്കാം, അത് അവരുടെ നിലവിലുള്ള ശേഷി വികസിപ്പിക്കുന്നതിന് സഹായിക്കും:

### പട്ടിക 4.3: മെന്റർ പരിശീലനത്തിന്റെ നിലയും നൈപുണികളും

| നില-1 | നില 2 | നില 3 |
|---|---|---|
| മാർഗദർശനവും അതിന്റെ സാരാംശവും | ചർച്ചാവലയങ്ങൾ | ഉത്തരവാദിത്ത ബോധം സൃഷ്ടിച്ചെടുക്കൽ |
| കാഴ്ചപ്പാടുകളും ലക്ഷ്യങ്ങളും നിർണയിക്കൽ | സംസ്കാര രൂപീകരണം | ശൃംഖലയിൽ ഉൾച്ചേർക്കൽ |

| | | |
|---|---|---|
| സംഘപ്രവർത്തനം സുഗമമാക്കൽ | വ്യക്തിഗത മാർഗദർശനം | സമപ്രായക്കാരുടെ മാർഗദർശനം |
| കേസ് അടിസ്ഥാനമാക്കിയുള്ള ചർച്ചകൾ | അന്വേഷണാത്മക ചോദ്യങ്ങൾ ചോദിക്കൽ | സംക്രമണം |
| സമന്വിത പ്രവർത്തനങ്ങളെ സുഗമമാക്കൽ | ഫീഡ് ബാക്ക് നല്കലും സ്വീകരിക്കലും | മാനോനില വികസനം |
| സജീവമായ ശ്രവണം | | സമയ പരിപാലനം |
| അസമന്വിത പ്രവർത്തനങ്ങളെ സുഗമമാക്കൽ | | |
| അന്വേഷണാത്മക ചോദ്യങ്ങൾ ചോദിക്കൽ | | |

ഇതുകൂടാതെ, വിദ്യർത്ഥികളുമായുള്ള അവരുടെ ചർച്ചകളുടെ പരിധികൾ വിശാലമാക്കുന്നതിനും കൂടുതൽ കാഴ്ചപ്പാടുകൾ കൊണ്ടുവരുന്നതിനും ഭരണസ്ഥാപനങ്ങൾ വാഗ്ദാനം ചെയ്യുന്നതിനപ്പുറം ശേഷി വർദ്ധിപ്പിക്കുന്നതിൽ പങ്കെടുക്കാനുള്ള അവസരങ്ങൾ മെന്റർമാർക്ക് ലഭിക്കണം. തുടർച്ചയായ തൊഴിൽ നൈപുണീവികാസ പരിപാടികളിൽ ഇടയ്ക്കിടെ മെന്റർമാരെ പങ്കെടുപ്പിക്കുന്നതിനുള്ള ഒരു ഘടന മെന്റർ വികാസത്തിന് അത്യന്താപേക്ഷിതമാണ്. വിദഗ്ധരുടെ സെഷനുകൾ, വെബിനാറുകൾ, ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഓൺലൈൻ കോഴ്സുകൾ എന്നിവയിലൂടെ ഇത് നടപ്പിലാക്കാം.

## 4.5 മാർഗദർശനത്തിനുള്ള മേഖലകൾ

മുകളിൽ സൂചിപ്പിച്ച തരത്തിലുള്ള മാർഗനിർദേശങ്ങൾ വിവിധ മേഖലകളിൽ അടിസ്ഥാനപരമായ മാർഗനിർദേശത്തിനായി ഉപയോഗപ്പെടുത്താം. മാർഗദർശന പരിപാടിയുടെ ലക്ഷ്യങ്ങൾ, പങ്കാളികളുടെ ആവശ്യങ്ങൾ, സന്ദർഭം എന്നിവയെ ആശ്രയിച്ച്, ഏത് മേഖലയിലും മാർഗദർശനം വാഗ്ദാനം ചെയ്യാൻ കഴിയും. ഇനിപ്പറയുന്ന മേഖലകൾ (പട്ടിക 4.4) ഈ സെഷനിൽ ഏറ്റവും പ്രസക്തമായ മാർഗദർശന വിഷയങ്ങൾ കണ്ടെത്തുന്നതിന് ഉദാഹരണമായി ഉപയോഗിക്കാം. ഈ തിരിച്ചറിഞ്ഞ മേഖലകൾ NEP 2020 ന് അനുസൃതമാണ്. ഉയർന്നുവരുന്ന മറ്റ് വിഷയങ്ങൾ കണ്ടെത്തുകയും പരിപാടിയുടെ തുടർച്ചയിൽ ഉൾപ്പെടുത്തുകയും ചെയ്യും.

**പട്ടിക 4.4: മാർഗദർശനത്തിനുള്ള മേഖലകളും നിർവ്വചനവും**

| മാർഗദർശനത്തിനുള്ള മേഖലകൾ | നിർവ്വചനം |
|---|---|
| **ബോധന ശാസ്ത്രപരമായ ഉള്ളടക്ക പരിജ്ഞാനം (പിസികെ) – സ്കൂൾവിഷയങ്ങളുടെ/വിഷയ മേഖലകളുടെ ഉള്ളടക്കം അറിയുകയും മനസ്സി ലാക്കുകയും ചെയ്യുക.** | ഒരു ടീച്ചറുടെ വിഷയവും ആ വിഷയത്തിലുള്ള അധ്യാപന പരിജ്ഞാനവും വിവരിക്കുന്നതിന് നൽകിയിരിക്കുന്ന ഒരു പദപ്രയോഗമാണ് പിസികെ (PCK). ഉള്ളടക്ക പരിജ്ഞാനം എന്നത് നിർദ്ദിഷ്ട വിഷയങ്ങൾ/വിഷയങ്ങളുമായി ബന്ധപ്പെട്ട വസ്തുതകൾ, സിദ്ധാന്തങ്ങൾ, തത്വങ്ങൾ, ആശയങ്ങൾ എന്നിവ മനസ്സിലാക്കുന്നതിനെ സൂചിപ്പിക്കുന്നു ഉദാ. ഗണിതം, ശാസ്ത്രം, സാമൂഹിക ശാസ്ത്രം, കലകൾ മുതലായവ. മറുവശത്ത്, ബോധനശാസ്ത്രപരമായ പരിജ്ഞാനം എന്നത് അധ്യാപന-പഠന പ്രക്രിയയിൽ പഠിതാവിനെ സഹായിക്കാൻ ടീച്ചർ ഉപയോഗിക്കുന്ന രീതികളെയും തന്ത്രങ്ങളെയും സൂചിപ്പിക്കുന്നു. |
| **അടിസ്ഥാന സാക്ഷരതയും സംഖ്യാ ബോധവും** | NEP 2020-ൽ പ്രസ്താവിച്ചതുപോലെ, പ്രൈമറി വിദ്യാലയങ്ങളിൽ 2025-ഓടെ സാർവത്രിക അടിസ്ഥാന സാക്ഷരതയും സംഖ്യാബോധവും കൈവരിക്കുക എന്നതിനാണ് ഏറ്റവും ഉയർന്ന മുൻഗണന. വിദ്യാർത്ഥി ഗ്രേഡ് 3-ൽ എത്തുമ്പോൾ, അവൾ / അവൻ അർത്ഥവത്തായ വായനയും എഴുത്തും |

| | |
|---|---|
| | സ്വായത്തമാക്കാനും സംഖ്യാബോധവുമായി ബന്ധപ്പെട്ട അടിസ്ഥാന ധാരണ വികസിപ്പിക്കാനും കഴിവുള്ളവരായിരിക്കണം. വിദ്യാലയത്തേയും ക്ലാസ് മുറികൾക്ക് പുറത്തുള്ള ജീവിതത്തേയും സംയോജിപ്പിക്കുന്നതിലൂടെ അടിസ്ഥാന സാക്ഷരതയും സംഖ്യാബോധവും നേടാനാകും. |
| **തുല്യവും ഉൾക്കൊള്ളിച്ച വിദ്യാഭ്യാസവും** | എല്ലാ കുട്ടികൾക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭിക്കണമെന്ന ആശയം വളർത്തിയെടുക്കുന്ന തുല്യവും ഉൾക്കൊള്ളിച്ചതുമായ വിദ്യാഭ്യാസത്തിന് NEP 2020 ശക്തമായി ഊന്നൽ നൽകുന്നു. പിന്നാക്ക വിഭാഗങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ ഇത് പരിഗണിക്കുന്നു. (സ്ത്രീകൾ, ട്രാൻസ്ജെൻഡർ വിഭാഗങ്ങൾ, പട്ടികജാതി-വർഗക്കാർ, ഒബിസികൾ, ദിവ്യാംഗർ, മറ്റ് പിന്നാക്ക വിഭാഗങ്ങൾ). എല്ലാ കുട്ടികളെയും ഉൾക്കൊള്ളുന്ന പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഈ നയം ഉറപ്പ് നൽകുന്നു. |
| **കഴിവ് അടിസ്ഥാന മാക്കിയുള്ള വിദ്യാഭാസം** | ദൃഢമായ പാഠ്യപദ്ധതിയിലൂടെ സമയബന്ധിതമായി തുടരുന്നതിനുപകരം നിരീക്ഷിക്കാവുന്നതും അളക്കാൻ കഴിയുന്നതുമായ മനോഭാവം, അറിവ്, കഴിവുകൾ എന്നിവ വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു സമീപനമാണ് കഴിവ് അടിസ്ഥാനമാക്കിയുള്ള വിദ്യാഭാസം. യഥാർത്ഥ ജീവിത സാഹചര്യങ്ങളിൽ വിദ്യാർത്ഥികൾക്ക് അവരുടെ അറിവ് പ്രയോഗിക്കാനുള്ള ശേഷി ഉണ്ടെന്ന് ഉറപ്പാക്കുകയാണ് കഴിവ് അടിസ്ഥാനമാക്കിയുള്ള വിദ്യാഭാസം ലക്ഷ്യമിടുന്നത് |
| **കഥാകഥനത്തിലും കളിപ്പാട്ടങ്ങളിലും അധിഷ്ഠിതമായ ബോധനം** | NEP 2020 ഉം ഫൗണ്ടേഷൻ ഘട്ടത്തിനായുള്ള ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടും- 2022, പഠനത്തിന്റെ അടിസ്ഥാന ഘട്ടത്തിൽ കുട്ടികൾക്കായി കഥപറച്ചിലും കളിപ്പാട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ള ബോധനശാസ്ത്രവും കൂടുതൽ ശുപാർശ ചെയ്യുന്നു. കളിപ്പാട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ള ബോധനത്തിലൂടെ, കുട്ടികൾ ആദ്യഘട്ടത്തിൽ നേടിയ ആശയപരമായ ധാരണ ശക്തിപ്പെടുത്താൻ കഴിയും. ഇത് കുട്ടികളുടെ സാമൂഹിക-വൈകാരിക വളർച്ച, ചാതുര്യം, സർഗ്ഗാത്മകത എന്നിവയെ പ്രോത്സാഹിപ്പിക്കും |
| **പ്രായോഗികപഠനം** | NEP 2020, "ഓരോ വിഷയത്തിന്റെയും ബോധന ശാസ്ത്രത്തിന് അടിസ്ഥാന മാതൃകയായി പ്രവൃത്തി പരിചയത്തിലൂടെയുള്ള പഠനം, കലാ - കായിക സംയോജിത പഠനരീതി, കഥ പറച്ചിലൂടെയുള്ള ബോധന രീതി എന്നിവ ഉൾപ്പെടെ" പ്രായോഗിക പഠനം സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. |
| **ഭാരതീയ വിജ്ഞാനം** | അറിവിനും ജ്ഞാനത്തിനും സത്യത്തിനും വേണ്ടിയുള്ള പോരാട്ടത്തെ ഭാരതീയ വിജ്ഞാനവും ചിന്തകളും എപ്പോഴും വിദ്യാഭ്യാസത്തിന്റെ ഭാഗമായി കണക്കാക്കുന്നു. ഭാരതീയ വിജ്ഞാനത്തിലെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ആത്യന്തികമായ ആത്മ സാക്ഷാത്കാരവും വിമോചനവും അതുപോലെ വ്യക്തികളെ ജീവിതത്തിനായി തയ്യാറാക്കലും ആണ്. പ്രാചീന ഭാരതീയ വിജ്ഞാനത്തിന്റെ ഘടകങ്ങളെ ശാസ്ത്രീയമായ രീതിയിൽ അഭിസംബോധന ചെയ്യാവുന്നതാണ്. |
| **ക്രിയാഗവേഷണം** | ക്ലാസ് മുറിയിലെയും വിദ്യാലയത്തിലെയും പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരുതരം വ്യവസ്ഥാപിതമായ അന്വേഷണമാണ് ക്രിയാഗവേഷണം. അധ്യാപകർ നടത്തുന്ന ഈ പ്രവർത്തനം പഠനതന്ത്രങ്ങളെക്കുറിച്ച് കൂടുതൽ കണ്ടെത്തുന്നതിനും അധ്യാപന-പഠന പരിതസ്ഥിതിയിൽ തീരുമാനമെടുക്കുന്നതിനും സഹായിക്കുന്നു. |
| **ധാർമ്മിക - സദാചാര - ഭരണഘടനാ മൂല്യങ്ങൾ** | നല്ല വിദ്യാഭ്യാസ സമ്പ്രദായം., സഹാനുഭൂതി, മറ്റുള്ളവരോടുള്ള ബഹുമാനം, ശുചിത്വം, മര്യാദ, ജനാധിപത്യ മനോഭാവം, പൊതു സ്വത്തിനോടുള്ള ബഹുമാനം, ശാസ്ത്രീയ മനോഭാവം , സ്വാതന്ത്ര്യം, ഉത്തരവാദിത്തം, ബഹുസ്വരത, സമത്വം, നീതി എന്നിവയിൽ ശ്രദ്ധകേന്ദ്രീകരിക്കുന്ന തത്വങ്ങൾ ധാർമ്മികത, ഭരണഘടനാ മൂല്യങ്ങൾ എന്നിവയാൽ നയിക്കപ്പെടുന്നതാണ് . |
| **ഡിജിറ്റൽ വിദ്യാഭ്യാസ സാക്ഷരത** | എല്ലാവർക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിന് സാങ്കേതികവിദ്യയുടെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം NEP |

| | |
|---|---|
| | 2020 അംഗീകരിക്കുന്നു. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും ഐസിടി അധിഷ്ഠിത വിദ്യാഭ്യാസ സംരംഭങ്ങളും അത്യന്താപേക്ഷിതമാണ്, ഭാവിയിലെ വിദ്യാഭ്യാസ മേഖലയുടെ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിന് അവ വർധിപ്പിക്കുകയും വിപുലീകരിക്കുകയും വേണം. |
| **തൊഴിലധിഷ്ഠിത അനുഭവങ്ങളും നൈപുണികളും** | NEP 2020 തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും അക്കാദമിക വിദ്യാഭ്യാസവും തമ്മിൽ കടുത്ത വേർതിരിവില്ല എന്ന ആശയത്തെ പ്രോത്സാഹിപ്പിക്കുന്നു. വിദ്യാർത്ഥികൾക്ക് പ്രത്യേകിച്ച് അവരുടെ താൽപ്പര്യത്തിനനുസരിച്ച് ഒരു വിഷയം തിരഞ്ഞെടുക്കാനുള്ള അവസരം ഉണ്ടായിരിക്കും, അതുവഴി അവർക്ക് ഭാവിയിൽ അവരുടെ സ്വന്തം വഴി തിരഞ്ഞെടുക്കാനാകും. സ്ഥാപന അനുഭവപരിപാടിയുടെ സാധ്യതകളിലൂടെ, ആശാരിമാർ, തോട്ടക്കാർ, കുശവന്മാർ, കലാകാരന്മാർ എന്നിവരുൾപ്പെടെ വിവിധ മേഖലകളിൽ നിന്നുള്ള തൊഴിൽ വിദഗ്ധരെ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുന്നു. |
| **കലാസംയോജിത വിദ്യാഭ്യാസം** | ബോധന ശാസ്ത്രങ്ങളിൽ കലാസംയോജിത വിദ്യാഭ്യാസം ഉൾപ്പെടുത്തുന്നത് കുട്ടികൾക്ക് സന്തോഷപ്രദവും രസകരവുമായ പഠന അന്തരീക്ഷം സൃഷ്ടിക്കും. ഭാരതീയ കലയുടെയും സംസ്കാരത്തിന്റെയും സമന്വയം പഠനത്തിലെ ഭാരതീയ ധാർമ്മികതയും മൂല്യങ്ങളും നിലനിർത്തുകയും വിദ്യാഭ്യാസവും സംസ്കാരവും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യുന്ന ഇത് ഏതൊരു രാജ്യത്തിന്റെയും വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വശമാണ്. |
| **കായിക-സംയോജിത വിദ്യാഭ്യാസം** | "തദ്ദേശീയ കായിക വിനോദങ്ങൾ ഉൾപ്പെടുന്ന കായിക പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്തുന്ന കായികസംയോജിത- ബോധന ശാസ്ത്ര സമീപനവും NEP 2020 നിർദ്ദേശിക്കുന്നു. സഹവർത്തനം, സ്വയം സംരംഭം, സ്വയം ദിശാബോധം, ആത്മനിയന്ത്രണം, സംഘപ്രവർത്തനം, ഉത്തരവാദിത്തം തുടങ്ങിയ ശേഷികൾ വികസിപ്പിക്കുന്നതിന് ഇത് വിദ്യാർത്ഥികളെ സഹായിക്കും |
| **സാമൂഹ്യ ഇടപെടൽ** | ഫലപ്രദമായ പഠനത്തിനായി ഒരു കുട്ടിയുടെ വിദ്യാഭ്യാസ പ്രക്രിയയിൽ സമൂഹത്തിന്റെ ഇടപെടലിനെ വിവിധ പഠനങ്ങൾ പിന്തുണച്ചിട്ടുണ്ട്. സമൂഹത്തിന്റെ വിവിധ വഴികളിൽ അർത്ഥവത്തായ ഇടപെടലുകൾ കുട്ടികളിൽ സാംസ്കാരിക ആദരവ് വളർത്തുകയും സാമൂഹിക-വൈകാരിക അറിവ് വർദ്ധിപ്പിക്കുകയും ചെയ്യും. വിദ്യാലയത്തിന് പുറത്ത് സമൂഹത്തിന്റെ ചലനാത്മകത പഠിക്കാനും ഇത് അവരെ സഹായിക്കും. |
| **ഇരുപത്തൊന്നാം നൂറ്റാണ്ടിലെ നൈപുണികൾ** | വികസിച്ചുകൊണ്ടിരിക്കുന്ന സമൂഹത്തിലും ലോകത്തിലും വ്യക്തികൾ അഭിവൃദ്ധിപ്പെടേണ്ടതിന്റെ ആവശ്യകതയായി ഉയർന്നുവന്ന വൈദഗ്ധ്യങ്ങളുടെയോ കഴിവുകളുടെയോ വിശാലമായ ശ്രേണിയെ ഇത് സൂചിപ്പിക്കുന്നു. ഈ നൈപുണികളിൽ സർഗാത്മകത, ഡിജിറ്റൽ സാക്ഷരത, പ്രശ്നപരിഹാരം, ആശയവിനിമയം, നവീകരണം, പൊരുത്തപ്പെടുത്തൽ എന്നിവ ഉൾപ്പെടുന്നു. വളർന്നുവരുന്ന പുതിയ സാങ്കേതികവിദ്യയുടെ പുരോഗതിക്കൊപ്പം, ആഗോള പൗരന്മാരാകുന്നതിന് വ്യക്തികൾക്ക് ഈ നൈപുണികൾ ഇപ്പോൾ നിർണായകമാണ് |
| 360- **ഡിഗ്രി വിലയിരുത്തൽ (സമഗ്ര വിലയിരുത്തൽ) സൃഷ്ടിക്കുകയും നടത്തുകയും ചെയ്യുക.** | NEP2020 കുട്ടികൾക്കായി 360-ഡിഗ്രി ബഹുമുഖവിലയിരുത്തൽ നിർദ്ദേശിച്ചിട്ടുണ്ട്. കുട്ടികളുടെ വിലയിരുത്തൽ സമഗ്രമായ രീതിയിൽ അധ്യാപകരും രക്ഷിതാക്കളും സമപ്രായക്കാരും നടത്തേണ്ടതുണ്ട്, ഒപ്പം സ്വയം വിലയിരുത്തലും നടക്കണം. വൈജ്ഞാനിക - വൈകാരിക- മനശ്ചാലക വികസനത്തിന്റെ എല്ലാ വശങ്ങളും ഇത് ഉൾക്കൊള്ളും. |

| | |
|---|---|
| **അധ്യാപകരുടെ മാനസികാരോഗ്യം** | ഇന്നത്തെ വിദ്യാഭ്യാസ സാഹചര്യത്തിൽ, അധ്യാപകർ ഒരു പ്രധാന പങ്ക് വഹിക്കുന്നു,അവരുടെ സേവനമാകട്ടെ, നമുക്ക് ഏറെ ആവശ്യമുള്ള ഒന്നായി മാറിയിരിക്കുന്നു വൈകാരിക ആവശ്യങ്ങൾ, തൊഴിൽ ജീവിത തുലനം, പ്രകടന സമ്മർദ്ദം എന്നിവ സ്കൂൾ അധ്യാപകരുടെ മാനസികാരോഗ്യത്തെ ബാധിക്കുന്ന ചില ഘടകങ്ങളാണ്. അതിനാൽ, സ്കൂളുകളിൽ സഹായകരവും ആരോഗ്യകരവുമായ പഠന അന്തരീക്ഷം സൃഷ്ടിക്കുന്നതിന് അധ്യാപകരുടെ മാനസികാരോഗ്യപ്രശ്നം തിരിച്ചറിയേണ്ടത് പ്രധാനമാണ്. |

## 4.6 മാർഗദർശന ഇടപെടൽ

വിജയകരമായ മാർഗദർശന ബന്ധത്തിനുള്ള ഒരു താക്കോലാണ്, നിർമ്മാണാത്മകമായ മാർഗദർശന ഇടപെടൽ അത് മെന്റർക്കും വിദ്യാർത്ഥിക്കും പ്രയോജനകരമാണ്; എന്നിരുന്നാലും, മെന്ററും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം ഒരു പ്രത്യേക കാലഘട്ടത്തിലാണ് ഉരുത്തിരിയുന്നത്. മുഴുവൻ ഇടപെടലിനിടയിലും, മെന്ററും വിദ്യാർത്ഥികളും തമ്മിലുള്ള ബന്ധം സ്ഥിരവും വിശ്വസനീയവുമായിരിക്കണം. കൂടാതെ അവർ ഒരു മാർഗദർശന ബന്ധത്തിൽ പങ്കെടുക്കാൻ ഉണ്ടായ കാരണങ്ങളെക്കുറിച്ച് ചിന്തിക്കുകയും വേണം. മാർഗദർശന പരിപാടിയുടെ ലക്ഷ്യങ്ങൾ മെന്ററുടെയും വിദ്യാർത്ഥിയുടെയും ഇടപെടലിനെ ആശ്രയിച്ചിരിക്കുന്നു. ഈ ഇടപെടലിൽ ഉൾപ്പെടുന്നത് :

a. വിശ്വാസത്തിന്റെയും പരസ്പര ബന്ധത്തിന്റെയും വികസനം
b. ലക്ഷ്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള സഹവർത്തിത ശ്രമങ്ങൾ
c. മെന്ററുടെയും വിദ്യാർത്ഥിയുടെയും കൂടെക്കൂടെയുള്ള കൂടിക്കാഴ്ചകൾ
d. പരസ്പരമുള്ള പ്രശംസയും പ്രചോദനവും
e. വ്യക്തിപരവും തൊഴിൽപരവുമായ വികസനം
f. പിന്തുണ നല്കും വിധമുള്ള മാർഗനിർദേശവും പ്രതികരണവും

NATIONAL MISSION FOR
MENTORING

അധ്യായം

V

# മാർഗദർശന പരിപാടിയുടെ ഘടകങ്ങൾ



# അധ്യായം –V: മാർഗദർശന പരിപാടിയുടെ ഘടകങ്ങൾ

ഒരു മാർഗദർശനപരിപാടി രൂപകൽപ്പന ചെയ്യുമ്പോൾ പരിഗണിക്കേണ്ടത് നിരവധി വശങ്ങളുള്ള ഒരു സങ്കീർണ്ണ ഘടനയെ ആയിരിക്കാം. മാർഗദർശന പരിപാടി. കാര്യക്ഷമമായി രൂപകൽപ്പന ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും ഇനിപ്പറയുന്ന കാര്യങ്ങൾ സഹായിക്കും:

## 5.1 പരിപാടിയുടെ രൂപകൽപ്പനയും ആസൂത്രണവും

a. ലക്ഷ്യമിടുന്ന സംഘം (വിദ്യാർത്ഥികൾ)

b. മാർഗദർശനപരിപാടിയുടെ സ്വഭാവം.

c. മാർഗദർശന മേഖലയിലേക്ക് കടന്നുവരുന്ന സമർത്ഥർ

d. ഉൾപ്പെട്ടിരിക്കുന്ന എല്ലാ പങ്കാളികളുടേയും കാഴ്ചപ്പാടുകൾ, ലക്ഷ്യങ്ങൾ, പ്രതീക്ഷിത നേട്ടങ്ങൾ എന്നിവ ( മെന്റർമാർ, വിദ്യാർത്ഥികൾ, കാര്യനിർവ്വാഹകർ തുടങ്ങിയവർ)

e. സെഷനുകളുടെ ദൈർഘ്യവും ആവൃത്തിയും

f. മാർഗദർശനത്തിനുള്ള ഇടപെടൽ രീതി

g. പരിപാടിയുമായി ബന്ധപ്പെട്ട വിവരങ്ങളുടെ വ്യാപനം.

h. നിരീക്ഷണവും വിലയിരുത്തലും

i. ഫീഡ്ബാക്കും തുടർപ്രവർത്തനങ്ങളും.

### 5.1.1 മെന്ററുടെ പുരോഗതി

മെന്റർമാരും വിദ്യാർത്ഥികളും തമ്മിലുള്ള ബന്ധം മാത്രമല്ല; മെന്റർമാരെ സംവിധാനത്തിന് തുടർച്ചയായി ലഭിക്കുന്നു എന്നത് ഉറപ്പാക്കുയുമാണ് ഒരു മാർഗദർശന പരിപാടിയിൽ ഉൾപ്പെട്ടിരിക്കുന്നത്. സംവിധാനം നിലനിർത്തുന്നതിന് എല്ലായ്പ്പോഴും ബാഹ്യഉറവിടങ്ങളെ ആശ്രയിക്കാതെ,സുസ്ഥിരതയെ പിന്തുണയ്ക്കുന്ന വിധത്തിൽ മാർഗദർശന സംവിധാനം രൂപകൽപ്പന ചെയ്തിരിക്കണം. ഉദാഹരണത്തിന്, മെന്റർമാർക്ക് ഒരു നിശ്ചിത തലത്തിലുള്ള പരിശീലനം ലഭിച്ചുകഴിഞ്ഞാൽ അവർക്കുതന്നെ പുതിയ മെന്റർമാരെ പരിശീലിപ്പിക്കാൻ കഴിയും. നാല്-ഘട്ടങ്ങളായുള്ള ഒരു പ്രക്രിയയുടെ ഉദാഹരണം ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു.

ഒരു മാർഗദർശന ബന്ധത്തിന്റെ പുരോഗതി മനസ്സിൽ വെച്ചുകൊണ്ടാവണം മാർഗദർശന പരിപാടി രൂപകൽപ്പന ചെയ്യേണ്ടത്.




**ചിത്രം 5.1: മെന്ററുടെ പുരോഗതി**

## 5.2 പരിപാടിയുടെ കാര്യനിർവ്വഹണം

മാർഗദർശന പരിപാടി ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി, ഇനിപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെട്ടുന്ന ഒരു പദ്ധതി കാര്യനിർവഹണ വിഭാഗം (PMU) അല്ലെങ്കിൽ കാര്യനിർവ്വാഹകരുടെ ഒരു സംഘത്തെ സജ്ജീകരിക്കാവുന്നതാണ്:

a. ഒരു മെന്റർ ഉപദേശകസമിതി രൂപീകരണം.
b. പരിപാടി കൈകാര്യം ചെയ്യുന്നതിനുള്ള ഒരു സംവിധാനം.
c. വികസന പദ്ധതികളും വിഭവ രൂപരേഖയും
d. പരിപാടി നിരീക്ഷിക്കുന്നതിനുള്ള ഒരു സംവിധാനം.
e. പങ്കാളികൾക്കും സ്ഥാപനങ്ങൾക്കും പരിപാടിക്കുമുള്ള ഒരു ഫീഡ്ബാക്ക് സംവിധാനം.
f. മാനവവിഭവശേഷി വികസനത്തിനുള്ള തന്ത്രങ്ങൾ.
g. ഫലപ്രദമായ പൊതുജനബന്ധങ്ങളും ആശയ വിനിമയ ശ്രമങ്ങളും.
h. പരിപാടി നടപ്പാക്കുന്നതിനുള്ള ബജറ്റ് വിഹിതം.

## 5.3 പരിപാടിയുടെ പ്രവർത്തനങ്ങൾ

ഈ ഘട്ടത്തിൽ മനസ്സിൽ സൂക്ഷിക്കേണ്ട പ്രവർത്തനങ്ങൾ ഇവയാണ്:

a. മെന്റർമാർ വിദ്യാർത്ഥികൾ, പദ്ധതി നടത്തിപ്പിനുള്ള ജീവനക്കാർ, സന്നദ്ധസേവകർ എന്നിവരുണ്ടെങ്കിൽ അവരുടെ ഒരു കൂട്ടായ്മ രൂപീകരിക്കുക
b. സമർത്ഥരായ മെന്റർമാരുടെ തിരഞ്ഞെടുക്കലും വിദ്യാർത്ഥികളുടെ മൂല്യനിർണയവും
c. മെന്റർമാർ , വിദ്യാർത്ഥികൾ എന്നിവർക്കും പദ്ധതി നടത്തിപ്പിനുള്ള ജീവനക്കാർക്കും നല്കുന്ന ഓറിയന്റേഷനും പരിശീലനവും.

d. മെന്റർമാർമാരെയും വിദ്യാർത്ഥികളേയും കൂട്ടിയിണക്കൽ
e. സ്ഥാപിത അളവുകോലുകൾ വെച്ചുകൊണ്ട് മെന്റർമാർ വിദ്യാർത്ഥികൾ എന്നിവർക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളും സെഷനുകളും ആസൂത്രണം ചെയ്യൽ.
f. മാർഗദർശന പരിപാടി നിരീക്ഷിക്കുന്നതിനുള്ള പിന്തുണാസംവിധാനം,
g. പരിപാടിയിലുടനീളം പങ്കെടുക്കുന്നവരുടെ സംഭാവനകൾക്ക് അംഗീകാരം നൽകൽ.
h. മെന്റർമാരുടേയും വിദ്യാർത്ഥികളുടേയും ലക്ഷ്യങ്ങൾ കൈവരിക്കുന്നത് സുഗമമാക്കൽ.

### 5.3.1 കടമകളും ഉത്തരവാദിത്തങ്ങളും

നിശ്ചയിക്കപ്പെട്ട പരിപാടികൾക്ക് മാർഗദർശന പരിപാടിയിലെ വ്യത്യസ്ത പങ്കാളികൾക്കായി നിർദേശിക്കപ്പെട്ട കടമകളും ഉത്തരവാദിത്തങ്ങളും ചുവടെകൊടുത്തിരിക്കുന്നു:

**പട്ടിക 5.1 : പങ്കാളികളും ഉത്തരവാദിത്തങ്ങളും**

| പങ്കാളികൾ | ഉത്തരവാദിത്തങ്ങൾ |
|---|---|
| **മുതിർന്ന ഉദ്യോഗസ്ഥൻ/** PMU | a. മെന്റർമാരുടെ പരിശീലനത്തിനായി കാര്യപരിപാടി , രൂപരേഖ, പാഠ്യപദ്ധതി എന്നിവ രൂപകൽപ്പന ചെയ്യുക.<br>b. മെന്റർമാരെ തിരഞ്ഞെടുക്കുക.<br>c. മെന്റർമാരുടെ കാര്യക്ഷമത പരിപോഷിപ്പിക്കുക.<br>d. കാര്യക്ഷമത പരിപോഷിപ്പിക്കുന്നതിൽ മെന്റർമാരെ തുടർച്ചയായി പിന്തുണയ്ക്കുക.<br>e. ഉർന്ന മൂല്യം നിലനിർത്തുന്നതിന് വേണ്ടി മാർഗദർശന പരിപാടിയെ കുറിച്ചുള്ള ചിന്തകൾ പകർത്തുവാനും, പ്രചരിപ്പിക്കുവാനുമായി പ്രമുഖ പ്രാസംഗികരെ ക്ഷണിക്കുക.<br>f. പരിപാടിയുടെ കാര്യക്ഷമമായ നടത്തിപ്പും നിർവ്വഹണവും ഉറപ്പാക്കുക<br>g. പരിപാടി നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക |
| **മെന്റർ** | a. മെന്റർമാരുടെ സാക്ഷ്യപ്പെടുത്തൽ (Certification) പരിപാടി പൂർത്തിയാക്കുക.<br>b. മറ്റ് അധ്യാപകർക്കായി മാർഗദർശന ഘടനകൾ സംഘടിപ്പിക്കുകയും സുഗമമാക്കുകയും ചെയ്യുക.<br>c. വിദ്യാർത്ഥികളിൽ നിന്ന് അവരുടെ മാർഗദർശന നൈപുണികളെക്കുറിച്ചുള്ള നിർദ്ദേശങ്ങളും ഫീഡ്ബാക്കും തേടുക.<br>d. കാര്യക്ഷമത തുടർച്ചയായി വർദ്ധിപ്പിക്കുന്നതിന് പരിശീലനങ്ങളിൽ/ ശില്പശാലകളിൽ പങ്കെടുക്കുക. |
| **വിദ്യാർത്ഥി** | a. മാർഗദർശന പരിപാടികളിൽ പങ്കെടുക്കുക.<br>b. തുടർച്ചയായ തൊഴിൽ വികസനത്തിനായി പഠിക്കുക, പങ്കിടുക, പരിഹരിക്കുക, ബന്ധിപ്പിക്കുക |

### 5.3.2 മാർഗദർശന പരിപാടിയുടെ വിവിധ ഘട്ടങ്ങളിലെ പ്രവർത്തനങ്ങൾക്കുള്ള ശുപാർശകൾ

#### a. പരിപാടിയുടെ പ്രഖ്യാപനം

i. രാജ്യം/സംസ്ഥാനം/സംവിധാനം എന്നിവയിലുടനീളമുള്ള പ്രൊഫഷണലുകൾക്ക് മെന്റർമാരാകുന്നതിന് ഒരു തിരഞ്ഞെടുപ്പ് പ്രക്രിയ രൂപകൽപ്പന ചെയ്യുക.

ii. ഒരു മെന്ററായി പേരു ചേർക്കുന്നതിനുള്ള മാനദണ്ഡം പുറത്തിറക്കുക

iii. സംവിധാനത്തിലെ പങ്കാളികൾക്കുള്ള മാനദണ്ഡങ്ങളും തിരഞ്ഞെടുക്കൽ സമയക്രമങ്ങളും പ്രകാശനം ചെയ്യുക.

**b. മെന്റർമാരുടെ തിരഞ്ഞെടുപ്പ് പ്രക്രിയ ( അനുബന്ധം IIകാണുക )**

മെന്റർമാരുടെ തിരഞ്ഞെടുക്കൽ പ്രക്രിയ നടപ്പിലാക്കുന്നതിന്റെ രണ്ട് ഘട്ടങ്ങൾ ഇനി പറയുന്നവയാണ്.:

i. ഘട്ടം 1: മെന്ററുടെ വിശദാംശങ്ങൾ ആവശ്യപ്പെടുന്ന ഒരു അപേക്ഷാ ഫോമും ഓൺലൈൻ പഠന ക്രമീകരണത്തിലെ വെല്ലുവിളികൾ പരിഹരിക്കുന്നതിൽ അപേക്ഷകന്റെ കഴിവ് വിലയിരുത്തുന്ന ഒരു കേസ് പഠനവും. തിരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ രണ്ടാം ഘട്ടത്തിലേക്ക് പോകും.

ii. ഘട്ടം 2: ആശയവിനിമയ കഴിവുകൾ, പ്രചോദിപ്പിക്കാനുള്ള കഴിവ്, വിഷയപരിജ്ഞാനം തുടങ്ങിയവ വിലയിരുത്തുന്നതിനുള്ള ഒരു അഭിമുഖം / സംവാദം. വിദഗ്ധരുടെ ഒരു കമ്മിറ്റിയാണ് അഭിമുഖം നടത്തുക. തിരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകരെ മെന്റർമാരായി കണക്കാക്കും.

ഒരു പ്രത്യേക മേഖലയിലെ പ്രശസ്തരും മികച്ചവരുമായ പ്രൊഫഷണലുകൾക്ക് മാർഗദർശനത്തിനായുള്ള ദേശീയ ദൗത്യത്തിനു (NMM) വേണ്ടി ദേശീയ അധ്യാപക വിദ്യാഭ്യാസ സമിതി (NCTE) പ്രവേശനം നല്കും .

**c. മെന്റർമാരുടെ കാര്യക്ഷമതാ പരിപോഷണം**

i. ആശയങ്ങൾ, കഴിവുകൾ, സാങ്കേതികവിദ്യ എന്നിവയെക്കുറിച്ചുള്ള അറിവ് വളർത്തിയെടുക്കൽ, പ്രവർത്തനങ്ങൾ സുഗമമാക്കാനുള്ള ശേഷികൾ, അന്വേഷണ ചോദ്യങ്ങൾ ചോദിക്കൽ, ഒരു കൂട്ടം വിദ്യാർത്ഥികൾക്കിടയിൽ ഒരു സംസ്കാരം കെട്ടിപ്പടുക്കൽ തുടങ്ങിയവ ലക്ഷ്യമിട്ടുകൊണ്ട് മെന്റർമാർക്കായി ശിൽപശാല രൂപകൽപ്പന ചെയ്യുക.

ii. മാർഗദർശന ഇടപെടലുകൾക്ക് മുമ്പ് നടത്തേണ്ട ശില്പശാലകൾ, പ്രവർത്തന പരിചയശേഷി വർദ്ധിപ്പിക്കുന്നതിനായി ഈ രംഗത്തുള്ള വിദഗ്ധരെ ക്ഷണിച്ചുകൊണ്ട്, അറിവു പങ്കുവെക്കുന്ന വീഡിയോകളിലൂടെയും ആസൂത്രണം ചെയ്ത പ്രവർത്തനങ്ങളിലൂടെയും തുടങ്ങണം.

**d. മാർഗദർശനത്തിലേക്കുള്ള പ്രവേശന പ്രക്രിയ**

i. ഒരു മാർഗദർശന പ്ലാറ്റ്ഫോമിലേക്ക് (NMM പോർട്ടൽ/മൊബൈൽ ആപ്ലിക്കേഷൻ) മെന്റർമാരെ ഉൾപ്പെടുത്തുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ തയ്യാറാക്കുകയും പങ്കിടുകയും ചെയ്യുക.

ii. മെന്റർമാർ അവരുടെ വ്യക്തിഗത വിവരങ്ങൾ തയ്യാറാക്കുകയും ആവശ്യപ്പെട്ട വിവരങ്ങൾ നൽകുകയും ചെയ്യും.

**e. വിദ്യാർത്ഥികളുടെ പ്രവേശന പ്രക്രിയ**

i. വിദ്യാർത്ഥികളെ മാർഗദർശന പ്ലാറ്റ്ഫോമുകളിൽ പ്രവേശിപ്പിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ തയ്യാറാക്കുകയും പങ്കിടുകയും ചെയ്യുക.

ii. വിദ്യാർത്ഥി പ്രവേശനപ്രക്രിയ പിൻതുടരുന്നതിനായി രേഖകൾ സൂക്ഷിക്കുക.

**f. മാർഗദർശന ഇടപെടലുകൾ**

i. മെന്റർമാർക്ക് പ്ലാറ്റ്ഫോമുകളിൽ സംഘ മാർഗദർശന സെഷനുകൾ പട്ടികപ്പെടുത്തുന്നതിനും ആതിഥേയത്വം വഹിക്കുന്നതിനും കഴിയും.

ii. വിദ്യാർത്ഥികൾക്ക് പ്ലാറ്റ്ഫോമുകളിൽ സംഘമാർഗദർശന സെഷനുകളെയും മെന്റർമാരെയും തിരഞ്ഞു കണ്ടുപിടിക്കാനും സെഷനുകളിൽ പങ്കെടുക്കാൻ പേരുചേർക്കാനും കഴിയും.

iii. വിദ്യാർത്ഥികൾക്ക് അവരുടെ ചോദ്യങ്ങളുമായി ബന്ധപ്പെട്ട മേഖലയിലെ മെന്റർമാരെ വ്യക്തിഗതമായി ബന്ധപ്പെടാം. മാർഗദർശന ഇടപെടലിനുള്ള സമയവും ചട്ടക്കൂടും മെന്ററിനും വിദ്യാർത്ഥിക്കും പരസ്പരം തീരുമാനിക്കാം.

iv. മെന്റർമാർക്കായി നിശ്ചിത നിലവാരസൂചികകൾ അടയാളപ്പെടുത്തി നല്കുവാനും ഫീഡ്ബാക്ക് നല്കുവാനും വിദ്യാർത്ഥികൾക്ക് കഴിയും.

*മാർഗ്ഗദർശന പ്രവേശനത്തിനോ അല്ലെങ്കിൽ മാർഗദർശന ഇടപെടലുമായി ബന്ധപ്പെട്ടോ നേരിടുന്ന ഏതെങ്കിലും സാങ്കേതിക തകരാർ പരിഹരിക്കുന്നതിന് ഐടി സംഘം പിന്തുണയ്ക്കും.*

### g. നിരീക്ഷണവും വിശകലനവും

i. മാർഗദർശന പരിപാടി നടക്കുന്നത് നിരീക്ഷിക്കുകയും ആവശ്യാനുസരണം പ്രതിമാസ/ ത്രൈമാസ, റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്യുക.

ii. മാർഗദർശന പരിപാടി വിശകലനം ചെയ്യുന്നതിനായി എല്ലാ റിപ്പോർട്ടുകളും കണ്ടെത്തി ഒന്നിച്ചാക്കുകയും ആവശ്യാനുസരണം നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്യും.

## 5.4 പരിപാടിയുടെ വിലയിരുത്തൽ


തുടർച്ചയായ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗദർശന പരിപാടിയുടെ മൂല്യനിർണ്ണയത്തിന് ഇനി പ്പറയുന്നവ ആവശ്യമാണ് :

a. പരിപാടിയുടെ പുരോഗതി അളക്കുന്നതിനുള്ള ഒരു ആസൂത്രണ പദ്ധതി

b. പരിപാടിയുടെ പ്രതീക്ഷിക്കുന്ന ഫലങ്ങൾ അളക്കുന്നതിനുള്ള ഒരു പ്രക്രിയ

c. പരിപാടിയുടെ വിലയിരുത്തൽ, കണ്ടെത്തലുകൾ, പ്രചരിപ്പിക്കൽ എന്നിവയെക്കുറിച്ചുള്ള സമഗ്രമായ റിപ്പോർട്ട്

പരിപാടിയുടെ വിജയം മൂന്ന് ഉപാധികളെ വിലയിരുത്തുന്നതിലൂടെ അളക്കാൻ കഴിയും:




ചിത്രം 5.2: മാർഗദർശനത്തിനായുള്ള മൂല്യനിർണയ ഉപാധി

**a. ലഭ്യത:** മാർഗദർശനപരിപാടിയുടെ സേവനം നൽകാൻ ഉദ്ദേശിച്ചിട്ടുള്ള ആവശ്യമായ എല്ലാ പങ്കാളികളെയും ഉൾക്കൊള്ളുന്നുണ്ടോ?

മാർഗദർശനപരിപാടി വിലയിരുത്തുമ്പോൾ കണക്കിലെടുക്കേണ്ട ഏറ്റവും നിർണായക വശമാണ് പ്രവേശനലഭ്യത. ഇഷ്ടാനുസൃതവും സമഗ്രവുമായ പ്രൊഫഷണൽ വികസനത്തിൽ ഏർപ്പെടാനുള്ള അവസരം നൽകുന്നതിനാൽ ഒരു കേഡറിലെ എല്ലാ അംഗങ്ങൾക്കും മാർഗദർശന ലഭ്യത ഉണ്ടായിരിക്കണം. പങ്കാളികളുടെ നിലവിലുള്ള സ്ഥിതിവിവരക്കണക്കുകൾ നോക്കി ഈ സൂചകം വിലയിരുത്തണം. വൈവിധ്യമാർന്ന സന്ദർഭങ്ങളുള്ള ഒരു രാജ്യത്ത് ആവശ്യമായ ഉൾച്ചേർക്കൽ, വൈവിധ്യം, വ്യാപ്തി വർദ്ധനവ്, ഭാഷ, ലഭ്യത തുടങ്ങിയ പ്രധാന ഘടകങ്ങളും വിജയകരമായി നടപ്പിലാക്കുന്നതിനായി ഇതിൽ ഉൾപ്പടുത്തണം.

ഈ പരിപാടി പങ്കാളികൾക്ക് മാർഗദർശനത്തെ അത്യന്താപേക്ഷിതമായ അല്ലെങ്കിൽ തിരഞ്ഞെടുക്കാനുള്ള അവസരമാക്കിയേക്കാം, ഒരു ചോദ്യം ചോദിക്കേണ്ടത് പ്രധാനമാണ്." മാർഗദർശനത്തിൽ നിന്നും പ്രയോജനം ലഭിക്കുന്ന പങ്കാളികളാണോ പരിപാടിയിൽ ഏറ്റവും കൂടുതൽ പങ്കെടുക്കുന്നത് ?" ഈ മാർഗദർശന പരിപാടി നിർദ്ദേശാധിഷ്ഠിതവും തെരഞ്ഞെടുപ്പ് അധിഷ്ഠിതവുമായ രീതികളുടെ സംയോജനമായിരിക്കണമെന്ന് ആവശ്യപ്പെടുന്നു. ഏതൊരു സംവിധാനത്തിലും പുതിയ സമ്പ്രദായങ്ങൾ ഉൾപ്പെടുത്തുന്നത് വെല്ലുവിളിയാണ്, ലഭ്യതയും പ്രവേശനവും ഉറപ്പാക്കുന്നതിനുള്ള നടപടികൾ ആവശ്യാനുസരണം നടപ്പിലാക്കണം.

**b. സംതൃപ്തി:** മെന്റർമാരും വിദ്യാർത്ഥികളും അവരുടെ വിദ്യാലയങ്ങളും/ സ്ഥാപനങ്ങളും ഈ പദ്ധതിയിൽ എത്രമാത്രം സംതൃപ്തരാണ് ?

ഈ മാനദണ്ഡം മാർഗദർശന ഇടപെടലുകളുടെ ഗുണനിലവാരത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പരിപാടി തുടരുകയും ആവശ്യപ്പെടുകയും ചെയ്യുന്നതിൽ ഭാഗഭാക്കാകുന്ന എല്ലാ പങ്കാളികളുടെയും സംതൃപ്തി ഏറെ പ്രാധാന്യമർഹിക്കുന്നു. ഈ പരിപാടി അവരുടെ പ്രൊഫഷണൽ ജീവിതത്തിന് നൽകുന്ന മൂല്യത്തെക്കുറിച്ചും നിക്ഷേപിച്ച സമയത്തിൽ അവർക്ക് ലഭിക്കുന്ന നേട്ടങ്ങളെക്കുറിച്ചും ചോദിക്കുന്ന ആനുകാലിക സർവേകൾ ഉപയോഗിച്ച് മെന്റർമാരുടേയും വിദ്യാർത്ഥികളുടേയും സംതൃപ്തി അളക്കാവുന്നതാണ്. രണ്ട് വ്യത്യസ്ത അളവുകൾ ഉപയോഗിച്ച് പങ്കാളികളുടെ സംതൃപ്തി അളക്കാൻ കഴിയും,

i. **സുഗമമായ ഇടപെടലുകളുടെ ഗുണനിലവാരം** – മെന്റർമാരും വിദ്യാർത്ഥികളും മാർഗദർശന സംഭാഷണങ്ങളുടെ ഘടന ആസ്വദിക്കുന്നുണ്ടെന്നും ഈ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്ന സമയം പരമാവധിയാക്കുന്നതിന് ഇരുവശത്തു നിന്നും മതിയായ ഇടപെടൽ ഉണ്ടെന്നും ഉറപ്പാക്കുന്നതിനാണ് ഇത്.

ii. **ഇടപെടലുകളിലൂടെ വിനിമയം ചെയ്യുന്ന ഉള്ളടക്കത്തിന്റെ ഗുണനിലവാരം** - ഈ ഇടപെടലുകളിൽ വിനിമയം ചെയ്യുന്ന ഉള്ളടക്കം, പങ്കെടുക്കുന്നവരുടെ തൊഴിൽപരമായ ജീവിതത്തിന് മൂല്യം കൂട്ടുന്നുവെന്ന് ഉറപ്പാക്കുന്നതിനാണ് ഇത്. പങ്കെടുക്കുന്നവർക്ക് അവരുടെ നിലവിലുള്ള വിജ്ഞാന അടിത്തറയുമായി ബന്ധം സ്ഥാപിക്കുന്നതിനും അവരുടെ ചിന്തയെ പുതിയ ദിശകളിലേക്ക് തള്ളിവിടാൻ പര്യാപ്തമായ വെല്ലുവിളികൾ നന്നായി മനസ്സിലാക്കുന്നതിനും ഇത് വേണ്ടത്ര പരിചിതമായിരിക്കണം.

**c. സ്വാധീനം:** വിദ്യാലയത്തിൽ/സ്ഥാപനത്തിൽ പരിപാടിയുടെ സ്വാധീനം എന്താണ്?

ഈ മാനദണ്ഡം, മാർഗദർശന സംവിധാനത്തിന്റെ സ്വാധീനത്തെ വിലയിരുത്തുന്നു. ഒരുപക്ഷേ അളക്കാൻ ഏറ്റവും ബുദ്ധിമുട്ടുള്ളതാണിത്. മാർഗദർശന പരിപാടിയുടെ ലക്ഷ്യത്തെ ആശ്ര

യിച്ച്, വിദ്യാർത്ഥികളിലുണ്ടായ സ്വാധീനം, വിദ്യാലയ സംസ്കാരത്തിലെ മാറ്റങ്ങൾ മുതലായവ വിലയിരുത്തേണ്ടി വന്നേക്കാം. ഇത് അളക്കാനുള്ള ദീർഘകാല ഉപാധി, പരിപാടിയുടെ പ്രാരംഭ ഘട്ടത്തിൽ സാധ്യമാകില്ലെങ്കിലും, ദൈനംദിന പ്രവർത്തനങ്ങളിലുള്ള സ്വാധീനത്തെക്കുറിച്ചുള്ള ഫീഡ്ബാക്ക് ലഭിക്കുന്നത് പരിപാടിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്ന പാതയിലൂടെ തുടരുന്നതിന് സഹായിക്കും;

ദീർഘകാലാടിസ്ഥാനത്തിൽ, പരിപാടിയുടെ വിജയവും അത് തുടരാനുള്ള തീരുമാനങ്ങളും പരിപാടി സൃഷ്ടിക്കുന്ന സ്വാധീനത്തെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം. മാർഗദർശന പരിപാടിയിൽ ചെലവഴിച്ച ഒരു നിശ്ചിത സമയത്തിനുശേഷം മാത്രമേ ഇത് അളക്കാൻ കഴിയൂ എങ്കിലും, പരിപാടിയുടെ വിജയത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സൂചകമാണിത്. വിദ്യാലയം മെച്ചപ്പെടുത്തൽ, ഒരു പുതിയ പ്രവർത്തന സംസ്കാരത്തിനായുള്ള പരിവർത്തന സന്നദ്ധത, മെച്ചപ്പെട്ട പഠന ഫലങ്ങൾ തുടങ്ങിയവപോലുള്ള സ്വാധീനം അളക്കുന്നത് ശരിയായ വിജയ സൂചകങ്ങൾ ഉപയോഗിച്ചും പരിപാടിയിൽ ഇടയ്ക്കിടെ മാറ്റങ്ങൾ വരുത്തുന്നതിനും സഹായിക്കും.

### പട്ടിക 5.2: ലക്ഷ്യവും സ്വാധീനവും

| മാർഗദർശനം പരിപാടിയുടെ ലക്ഷ്യം | ഉപയോഗിക്കാവുന്ന സ്വാധീന സൂചകങ്ങൾ |
|---|---|
| പൂർവ്വ-സേവനത്തിലുള്ള അധ്യാപകരുടെ തൊഴിൽ ശാക്തീകരണത്തിലുള്ള സംക്രമണം എളുപ്പമാക്കുന്നതിനായി, സേവനത്തിലുള്ള അധ്യാപകർ പൂർവ്വസേവനത്തിലുള്ള അധ്യാപകർക്ക് മാർഗദർശനം നല്കും | a. ജോലിയിൽ ചേരുമ്പോൾ അധ്യാപകരുടെ സംതൃപ്തിയുടെ ശതമാനം വർദ്ധിക്കുന്നു.<br>b. പുതിയ അധ്യാപക വിദ്യാർത്ഥികളുടെ പഠനനേട്ടങ്ങളുടെ ശതമാനം വർദ്ധിക്കുന്നു.<br>c. പുതിയ അദ്ധ്യാപക വിദ്യാർത്ഥികളുടെ സംതൃപ്തി നിലവാരത്തിന്റെ ശതമാനം വർദ്ധിക്കുന്നു..<br>d. സേവനത്തിലുള്ള അധ്യാപക-മെന്റർമാരുടെ പ്രകടന സൂചകങ്ങളിലുള്ള ശതമാനം വർദ്ധിക്കുന്നു. |
| അടിസ്ഥാന സാക്ഷരതയിലും സംഖ്യാബോധത്തിലും വിദ്യാർത്ഥികളുടെ പഠനനേട്ടങ്ങൾ വർദ്ധിപ്പിക്കുന്നതിന്, ഒരു ക്ലസ്റ്ററിലെ അധ്യാപകർ സമപ്രായക്കാരുടെ മാർഗദർശന വലയങ്ങൾ സൃഷ്ടിക്കുന്നു | a. അടിസ്ഥാന സാക്ഷരതയിലും സംഖ്യാബോധ വിലയിരുത്തലുകളിലും വിദ്യാർത്ഥികളുടെ പ്രകടനത്തിൽ ശതമാനം വർദ്ധിക്കുന്നു.<br>b. ഉചിതമായ അധ്യാപന-പഠന സാമഗ്രികളുടെ ഉപയോഗത്തിലും ക്ലാസ് റൂം നിരീക്ഷണങ്ങളിൽ രേഖപ്പെടുത്തിയ പ്രകടനത്തിലും ശതമാനം വർദ്ധിക്കുന്നു.<br>c. അധ്യാപകരുടെ സംതൃപ്തി, സാമൂഹ്യബോധം എന്നിവയിലുള്ള ശതമാനം വർദ്ധിക്കുന്നു |

SDG 4 (ഗുണമേന്മയുള്ള വിദ്യാഭ്യാസം) യിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടെങ്കിലും മാർഗദർശനത്തിനുള്ള ദേശീയദൗത്യം, SDG നടപ്പിലാക്കുന്നതിന്റെ സമയപരിധിയിൽ മാത്രം ഒതുങ്ങുന്നില്ല. ഒരു സംവിധാനത്തിനുള്ളിൽ മാർഗദർശനത്തിനായി നടന്നുകൊണ്ടിരിക്കുന്നതും നിരന്തരവുമായ പ്രക്രിയകൾ സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെയാണ് ദൗത്യം അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. മുകളിലത്തെ പട്ടികയിൽ കാണിച്ചിരിക്കുന്ന മാർഗദർശനത്തെ സ്വാധീനിക്കുന്ന സൂചകങ്ങൾ പരിപാടിയുടെ ഉദ്ദേശ്യങ്ങളും ഉദ്ദേശിച്ച നേട്ടങ്ങളും സമയബന്ധിതമായി പുനരവലോകനം ചെയ്യാൻ സഹായകമാകും.

മാറ്റം വരുത്തുന്നതിന് ക്രിയാത്മകമായ ശക്തിപ്പെടുത്തൽ ഉപയോഗിക്കാനുള്ള ശ്രമങ്ങൾക്കും നല്ല സ്വാധീനത്തിലേക്ക് നയിക്കുന്ന എല്ലാ പങ്കാളികളുടെ പ്രവർത്തനങ്ങൾക്കും പ്രതിഫലം നൽകുകയും പ്രോത്സാഹിപ്പിക്കുകയും വേണം. മാർഗദർശനപരിപാടിയുടെ മറ്റ് നേട്ടങ്ങൾക്ക് പുറമേ, അത് വരുത്തുന്ന മാറ്റത്തിലും നല്ല സ്വാധീനത്തിലും തുടർച്ചയായ ശ്രദ്ധ ഇത് ഉറപ്പാക്കും. ആത്യന്തികമായി, ഇന്ത്യയിലെ വിദ്യാഭ്യാസത്തിൽ നല്ല മാറ്റങ്ങൾ കൊണ്ടുവരാനുള്ള അതിന്റെ കഴിവ് ഉപയോഗിച്ചാണ് ഒരു മാർഗദർശന പരിപാടി വിലയിരുത്തേണ്ടത്.

## 5.5 സ്ഥാപനവൽക്കരണം

സ്ഥാപനപരവും സംഘടനാപരവുമായ വ്യക്തിഗത തൊഴിൽപരമായ നേട്ടങ്ങൾ കൈവരിക്കുന്നതിനുള്ള മികച്ച മാർഗമാണ് മാർഗദർശനം. സംവിധാനത്തിന്റെ കൂട്ടായ മൂല്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഒരു ആവാസവ്യവസ്ഥയിൽ നിലവിലുള്ള വിഭവങ്ങളെ ഇത് ത്വരിതപ്പെടുത്തുന്നു. വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ തലങ്ങളിലുടനീളം അനിവാര്യമായ ഒരു പ്രവർത്തനമായിട്ടാണ് ഇത് കണക്കാക്കപ്പെടുന്നത്. ഈ അനിവാര്യമായ പ്രവർത്തനം പങ്കെടുക്കുന്ന എല്ലാവർക്കും വേണ്ടിയുള്ള ദൈനംദിന പ്രവർത്തനങ്ങളിൽ സുസ്ഥിരമായി സംയോജിപ്പിച്ചിരിക്കുന്ന ഒരു തുടർച്ചയായ പ്രക്രിയയായിരിക്കണം.

ഒരു മാർഗദർശന പരിപാടി അതിന്റെ ഗുണഭോക്താക്കൾക്കിടയിലുള്ള സൗഹാർദത കാരണം തുടക്കത്തിൽ തന്നെ പങ്കെടുക്കുന്നവർക്കിടയിൽ വളരെയധികം സംതൃപ്തി നൽകിയേക്കാം. എന്നിരുന്നാലും, ഒരു മാർഗദർശന പരിപാടി നിർവ്വഹിക്കുന്നതിന്, മെന്റർക്കും വിദ്യാർത്ഥിക്കും ഭരണനിർവഹണത്തിനും വളരെയധികം സമയവും പരിശ്രമവും ആവശ്യമാണ്. അത്തരമൊരു പരിപാടി തുടരണമെങ്കിൽ, മാർഗദർശനപരിപാടി സ്ഥാപനവൽക്കരിക്കപ്പെടേണ്ടതുണ്ട്.

സ്ഥാപനവൽക്കരണം എന്നത് ഒരു സ്ഥാപനത്തിലോ സംസ്കാരത്തിലോ എന്തെങ്കിലും ഒരു ഉടമ്പടിയോ മാനദണ്ഡമോ അടിസ്ഥാനമായി സ്ഥാപിക്കുന്ന രീതിയാണ്. മാർഗദർശനപരിപാടിലെ എല്ലാ സംവിധാനങ്ങളും സുസ്ഥിരമായി പ്രവർത്തിക്കുന്നതിന് സ്ഥാപനപരമായ പ്രവർത്തനങ്ങളുമായും ആനുകൂല്യങ്ങളുമായും ബന്ധിപ്പിച്ചിരിക്കണം. ഏത് തലത്തിലും മാർഗദർശനം വിജയകരമായി സ്ഥാപനവൽക്കരിക്കാൻ രണ്ട് വഴികളുണ്ട്.

## 5.6 പ്രോത്സാഹനം

വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിലവിലുള്ള ഘടനകളിൽ അഭിവൃദ്ധി പ്രാപിക്കാൻ മെന്റർമാരെയും വിദ്യാർത്ഥികളെയും, അവരുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളെയും സഹായിക്കുന്ന പങ്കാളിത്തത്തിന് സാമ്പത്തികേതിര പ്രോത്സാഹനങ്ങളാണ് പരിപാടിയിൽ ഉപയോഗിക്കുന്നത്.

മെന്റർമാർ അല്ലെങ്കിൽ വിദ്യാർത്ഥികൾ എങ്ങനെ പ്രോത്സാഹിപ്പിക്കപ്പെടുമെന്നതിന്റെ ചില ഉദാഹരണങ്ങൾ:

**പട്ടിക 5.3: പ്രോത്സാഹന രീതികൾ**

| ഉദാഹരണ നമ്പർ | പ്രോത്സാഹന രീതി | വിശദാംശങ്ങൾ |
|---|---|---|
| **ഉദാഹരണം 1** | മെന്റർമാർക്കുള്ള നവ്യാനുഭവങ്ങൾ | a) മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന മെന്റർമാർക്കുള്ള ഒരു പ്രമുഖ സ്ഥാപനത്തിൽ നിന്ന് ഒരു പ്രത്യേക നേതൃത്വ വികസന കോഴ്സ് ലഭ്യമാക്കുന്നതിനുള്ള അവസരം.<br>b) അധ്യാപകർക്കുള്ള ദേശീയ അടിസ്ഥാന മാതൃകയുമായി (NPST) NMM നെ ബന്ധിപ്പിക്കൽ. |
| **ഉദാഹരണം 2** | മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന മെന്റർമാരെ അംഗീകരിക്കു ന്നു | a) അഭിനന്ദന സർട്ടിഫിക്കറ്റുകൾ<br>b) സ്പോട്ട് ലൈറ്റുകൾ<br>ഉദാ. വെബ്സൈറ്റിൽ ഫീച്ചർ ചെയ്യുക, മികച്ച പ്രകടനം കാഴ്ചവെക്കുന്ന മെന്റർ മാരുടെ കഥകൾ എടുത്തുകാണിക്കുക.<br>c) എൻഎംഎമ്മിനെക്കുറിച്ചുള്ള മികച്ച അനുഭവങ്ങൾ സെമസ്റ്ററുകളുടെ അവസാനത്തിൽ ഒരു സെമിനാറിൽ അവതരിപ്പിക്കാനുള്ള അവസരം നല്കുക |

വിദ്യാർത്ഥികളിൽ നിന്നുള്ള മികച്ച പ്രകടനം അംഗീകരിക്കുകയും പ്രശംസാപത്രം നൽകുകയും ചെയ്യും.

## 5.7 മാർഗദർശന പരിപാടികൾ നേരിടുന്ന വെല്ലുവിളികൾ

ഒരു മാർഗദർശനപരിപാടിയും തടസ്സങ്ങളിൽ നിന്ന് മുക്തമല്ല. ഒരു മാർഗദർശനപരിപാടി രൂപകൽപ്പന ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നത് അതിന്റേതായ വെല്ലുവിളികൾ ഉയർത്തിയേക്കാം. എന്നിരുന്നാലും, ഈ വെല്ലുവിളികളെക്കുറിച്ച് നമ്മൾ ബോധവാന്മാരാണെങ്കിൽ, അവ ലളിതമായ വഴികളിലൂടെ പരിഹരിക്കാൻ കഴിയും.

### 5.7.1. പൊരുത്തപ്പെടാത്ത പ്രതീക്ഷകൾ

ഏതൊരു മാർഗദർശന നിർമ്മിതിയുടേയും ഒരു പ്രധാന ഘടകം, അതിൽ പങ്കെടുക്കുന്നവർക്കെല്ലാം ലക്ഷ്യങ്ങളും വ്യക്തമായ പ്രതീക്ഷകളും ഒരുക്കി നല്കുക എന്നതാണ്. എന്താണ് ചെയ്യാൻ ആഗ്രഹിക്കുന്നതെന്ന് മെന്റർമാർക്ക് അല്ലെങ്കിൽ വിദ്യാർത്ഥിക്ക് അവ്യക്തമാകുമ്പോൾ ലക്ഷ്യം നിർണ്ണയിക്കുന്നതും പ്രതീക്ഷകൾ വിന്യസിക്കുന്നതും പ്രത്യേകിച്ചും ഒരു വെല്ലുവിളിയായി മാറും.

ഈ തടസ്സം പൂർണ്ണമായി ഒഴിവാക്കുന്നതിന്, മാർഗദർശനപരിപാടിയിലുടനീളം പ്രതീക്ഷകളെക്കുറിച്ച് തുടർച്ചയായി ആശയവിനിമയം നടത്തുകയും എല്ലാവരേയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കാൻ തത്സമയ പരിശോധനകൾ അവതരിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

### 5.7.2. സാധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയാത്ത വിദ്യാർത്ഥികൾ

വിദ്യാർത്ഥികൾ മാർഗദർശന പരിപാടികളിൽ പങ്കെടുക്കുകയും പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നത് പ്രധാനമാണെങ്കിലും, സമ്പർക്കത്തിൽ തുടരാൻ അവരെ പ്രോത്സാഹിപ്പിക്കുന്നതും പ്രധാനമാണ്. വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന അനുഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കാത്ത അവസ്ഥയിലേക്ക് നയിച്ചേക്കാവുന്ന നിരവധി അടിസ്ഥാന കാരണങ്ങളുണ്ടാകാം. ഇത് മെന്റർ -വിദ്യാർത്ഥി ഇടപഴകലിന്റെ ഗുണനിലവാരത്തെ ബാധിക്കുകയും വ്യത്യസ്ത പ്രവർത്തകർ നടത്തുന്ന ശ്രമങ്ങളെ അവഗണിക്കുകയും ചെയ്യുന്നു. അത്തരം പ്രവണതകൾ കാണിക്കുന്ന വിദ്യാർത്ഥികളെ മാർഗദർശന പരിപാടിയിയിലൂടെ പരമാവധി ആനുകൂല്യങ്ങൾ നേടുന്നതിന് മെന്റർ പ്രചോദിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം.

### 5.7.3 മെന്റർമാരിൽ പ്രചോദനത്തിന്റെ അഭാവം

പരിപാടിക്കായി അനുയോജ്യമായ മെന്റർമാരെ തിരഞ്ഞെടുക്കുന്നതാണ് പൊതുവെയുള്ള വെല്ലുവിളികളിലൊന്ന്. ആ വെല്ലുവിളി പ്രധാനമാണെങ്കിലും, മെന്റർമാരുടെ പ്രചോദനവും വൈദഗ്ധ്യവും അതുപോലെത്തന്നെ പ്രധാനമാണ്. പ്രചോദനത്തിന്റെ അഭാവം ഫലപ്രദമായി ഇടപെടാനുള്ള മെന്റർമാരുടെ കഴിവിനെ ക്ഷയിപ്പിക്കും. ഇത് ഒരു വിജയിക്കാത്ത മാർഗദർശന ബന്ധത്തിലേക്കും വിദ്യാർത്ഥികളുടെ മോശമായ നേട്ടങ്ങളിലേക്കും നയിക്കുന്നു.

അതിനാൽ, പരിപാടിയുടെ തുടക്കത്തിൽ തന്നെ അനുയോജ്യമായ മെന്റർമാരെ തിരഞ്ഞെടുക്കുന്നത് പ്രധാനമാണ്. ഇതോടൊപ്പം, മെന്റർമാർക്ക് ശരിയായ പരിശീലനം നൽകുകയും ബന്ധത്തിലുടനീളം വിദ്യാർത്ഥികൾക്കൊപ്പം ഇടപഴകുകയും ചെയ്യേണ്ടത് നിർണായകമാണ്.

### 5.7.4 അധികമോ അപര്യാപ്തമോ ആയ ഘടന

മെന്റർമാർ വിദ്യാർത്ഥികളുടെ വ്യക്തിഗത ആവശ്യങ്ങൾ തിരിച്ചറിയേണ്ടത് പ്രധാനമാണ്. വൈവിധ്യമാർന്ന ഉപകരണങ്ങളും വിഭവങ്ങളും ഉപയോഗിക്കുന്നതിൽ ചില വിദ്യാർത്ഥികളും മെന്റർമാരും അഭിനന്ദിക്കുകയും എന്നാൽ മറ്റുള്ളവരെ അവ ഉപയോഗിക്കാൻ പ്രേരിപ്പിച്ചാൽ ചിലപ്പോൾ സമ്മർദ്ദം അനുഭവപ്പെടുകയും ചെയ്തേക്കാം. വിദ്യാർത്ഥികൾക്ക് / മെന്റർമാർക്ക് അവരുടെ ആവശ്യങ്ങളും സൗകര്യങ്ങളും

അനുസരിച്ച് വിഭവങ്ങൾ ലഭ്യമാക്കാൻ കഴിയുന്ന തരത്തിൽ പരിപാടിയുടെ രൂപരേഖ സന്തുലിതമാക്കുന്നതിനുള്ള ഒരു മാർഗം കണ്ടെത്തുക എന്നതാണ് പ്രധാനം.

### 5.7.5 അവഗണിക്കപ്പെട്ട പരിശോധനയിടങ്ങൾ

ഒരു മാർഗദർശന പരിപാടിയുടെ വ്യക്തമായ പരിശോധനയിടങ്ങൾ മെന്റർമാർക്കും വിദ്യാർത്ഥികൾക്കും പരിപാടിയുടെ തുടക്കവും, മധ്യവും അവസാനവും സംബന്ധിച്ച മാർഗനിർദ്ദേശം നൽകുന്നു. ഇത് മെന്റർമാർക്കും വിദ്യാർത്ഥികൾക്കും സംതൃപ്തി നൽകുന്നു. ഉദാഹരണത്തിന്, ഒരു മാർഗദർശനബന്ധം ഫലപ്രദമായി അവസാനിപ്പിക്കാതിരുന്നാൽ അത്, മെന്റർമാരെയും വിദ്യാർത്ഥികളെയും പിന്നീട് അസംതൃപ്തരാക്കും. അത് അവരെ ആശയക്കുഴപ്പത്തിലാക്കുകയും പഠനം എങ്ങനെ മുന്നോട്ട് കൊണ്ടുപോകണമെന്നതിൽ അനിശ്ചിതത്വം സൃഷ്ടിക്കുകയും ചെയ്യുന്നു.

### 5.7.6 മാർഗദർശനത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ

മാർഗദർശനത്തെക്കുറിച്ചുള്ള ചില പൊതു തെറ്റിദ്ധാരണകൾ തടസ്സങ്ങൾ സൃഷ്ടിക്കും. മാർഗദർശനത്തെക്കുറിച്ചുള്ള വ്യാപകമായ ചില മിഥ്യാധാരണകൾ തടസ്സങ്ങൾ സൃഷ്ടിക്കുകയും അനുഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിൽ നിന്ന് പങ്കാളികളെ നിരുത്സാഹപ്പെടുത്തുകയും ചെയ്യും. നിരവധി പൊതുമിഥ്യാധാരണകൾ ഇതിലുൾപ്പെടുന്നുണ്ട്:

- " മാർഗദർശനം സമയമെടുക്കുന്ന ഒരു പ്രക്രിയയാണ് "
- "മാർഗദർശനത്തിൽ തൊഴിലിനോ വ്യക്തിജീവിതത്തിനോ യാതൊരു വിലയുമില്ല "
- "മാർഗദർശനത്തിന്റെ പ്രയോജനം മെന്റർമാർക്ക് മാത്രമാണ്, വിദ്യാർത്ഥികൾക്കില്ല. "

പരിപാടിയുടെ തുടക്കത്തിൽ തന്നെ, നന്നായി നിർവചിക്കപ്പെട്ട ചുമതലകളും ഉത്തരവാദിത്തങ്ങളും നേട്ടങ്ങളും ഉപയോഗിച്ച് വ്യക്തമായ പ്രതീക്ഷകൾ ഒരുക്കി നൽകുന്നത് ഈ തെറ്റിദ്ധാരണകൾ പരിഹരിക്കാൻ സഹായിക്കുന്നു. ശരിയായ ആസൂത്രണവും പിന്തുണയുമുള്ള ഒരു മാർഗദർശനപരിപാടി ദീർഘകാലത്തേക്ക് തുടരുകയും അതിന് നീണ്ടുനിൽക്കുന്ന സ്വാധീനം ഉണ്ടാക്കുകയും ചെയ്യാം. പരിപാടി ശക്തി പ്രാപിച്ചുകഴിഞ്ഞാൽ, മാർഗദർശനത്തിന്റെ ഒരു സംസ്കാരം ഉടലെടുക്കുകയും ഔപചാരിക പരിപാടികൾക്കൊപ്പം അനൗപചാരികമായ മാർഗനിർദേശവും തഴച്ചുവളരുകയും ചെയ്യും.

### 5.7.7 ലഭ്യമാകാത്ത മാർഗനിർദേശം


മാർഗദർശന ഇടപെടലുകളുടെ ലഭ്യത കണക്കിലെടുത്താണ് ഏതൊരു മാർഗദർശനഘടനയും രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഉദാഹരണത്തിന്, ഒരു വിദ്യാലയത്തിനകത്തെ മാർഗദർശനം വ്യക്തിപരമായും ഒരു നിശ്ചിത ഇടവേളകളിലും സംഭവിക്കാം, അതുവഴി എല്ലാ മെന്റർമാർക്കും വിദ്യാർത്ഥികൾക്കും അത് എളുപ്പത്തിൽ ലഭ്യമാക്കാൻ കഴിയും. എന്നിരുന്നാലും, ഒരു രാജ്യവ്യാപകമായ മാർഗദർശന പരിപാടിക്ക ഒരു ഡിജിറ്റൽ സാങ്കേതിക പ്ലാറ്റ്ഫോം പോലുള്ള ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് വലിയ ഭൗതിക സൗകര്യങ്ങൾ ആവശ്യമായി വന്നേക്കാം. രീതികളും മാധ്യമങ്ങളും രൂപകൽപന ചെയ്യുമ്പോൾ ഒരു ബഹുവിഷയ സമീപനം ഉപയോഗിച്ച് മാർഗദർശനത്തെ കൂടുതൽ ലഭ്യമാക്കാൻ കഴിയും..

## 5.8 പരാതി പരിഹാര സംവിധാനം

മാർഗദർശനത്തിനായുള്ള ദേശീയ ദൗത്യത്തെക്കുറിച്ചുള്ള പരാതികൾ കൂടുതൽ സുതാര്യതയോടെ കൈ കാര്യം ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി എൻസിടിഇ പരാതി പരിഹാര സമിതി രൂപീകരിക്കും. മെന്റർ/ വിദ്യാർത്ഥി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടിയുള്ള ശരിയായ ഇടപെടലുകൾ ആരംഭിക്കുന്നതിന് ഇത് സഹായിക്കും. മെന്റർമാർക്ക്/ വിദ്യാർത്ഥികൾക്ക് അവരുടെ ആവശ്യങ്ങളോടും മാർഗദർശന സംവിധാനത്തോടും കൂടുതൽ പ്രതികരിക്കുന്നതിനും അവരുടെ ആശങ്കകളും നിർദ്ദേശങ്ങളും പങ്കിടുന്നതിനും ഇത് അവസരം നൽകും.

അധ്യായം VI

# ദേശീയ മാർഗദർശന അടിസ്ഥാന സൗകര്യങ്ങൾ



# അധ്യായം–VI: ദേശീയ മാർഗദർശന അടിസ്ഥാന സൗകര്യങ്ങൾ


## 6.1 ആമുഖം

മാർഗദർശനം ബൃഹത്തായ രീതിയിൽ വിജയകരമായി നടപ്പിലാക്കാൻ NMM ലക്ഷ്യമിടുന്നു. ഈ സാങ്കേതികവിദ്യ സാധ്യമാക്കുന്നത് അത്യന്തപേക്ഷിതമാണ്. ദേശീയ മാർഗദർശന അടിസ്ഥാന സൗകര്യങ്ങൾ (NMI) എന്നത് NDEAR മാനദണ്ഡങ്ങൾ പാലിക്കുന്നതും നിർദ്ദേശാനുസരണം പ്രവർത്തിക്കുന്നതും വ്യാപ്തി വർദ്ധനവിനും വിശ്വാസ്യതയ്ക്കും വേണ്ടി നിർമ്മിച്ചതുമായ ഓപ്പൺ സോഴ്സ് മോഡ്യുലാർ ബിൽഡിംഗ് ബ്ലോക്കുകളുടെ ഒരു കൂട്ടമായാണ് വിഭാവനം ചെയ്തിരിക്കുന്നത്. മാർഗദർശനപരിഹാര മാർഗങ്ങൾ സംവിധാനത്തിന് സേവനം നല്കുന്നതിനായി നിലവിൽ ഓപ്പൺ പ്രോട്ടോക്കോളുകളൊന്നും നിർവചിച്ചിട്ടില്ലാത്തതിനാൽ വിച്ഛേദിക്കപ്പെട്ടതും വിഘടിച്ചതുമായ നിരവധി മാർഗദർശന പരിഹാരമാർഗങ്ങളുണ്ട്. മെന്റർമാരെ കണ്ടെത്താൻ വിദ്യാർത്ഥികൾ വ്യത്യസ്ത പരിഹാരങ്ങളോ സംവിധാനങ്ങളോ ഉപയോഗിക്കുന്നു. ബെക്ക് ഡിഎസ്ഇപി പ്രോട്ടോക്കോളിൽ നടപ്പിലാക്കിയിരിക്കുന്ന ഏകീകൃത മാർഗദർശനത്തിന്റെ ഇന്റർഫേസ് (UMI) നിർവചിക്കുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്തുകൊണ്ട് ഈ പോരായ്മ മറികടക്കാൻ എൻഎംഐ ലക്ഷ്യമിടുന്നു. വൈവിധ്യമാർന്ന മാർഗദർശന സേവനങ്ങളുടെയും പരിഹാരങ്ങളുടെയും പരസ്പര പ്രവർത്തനക്ഷമത ഉറപ്പാക്കുകയും അതുവഴി വിവിധ സേവനങ്ങളിലുടനീളം ഒരു കൂട്ടം ഓപ്പൺ പ്രോട്ടോക്കോളുകൾ / സ്പെസിഫിക്കേഷനുകൾ, ഒരു ഇന്റർഫേസ് എന്നിവയിലൂടെ മെന്റർമാരുടേയും മാർഗദർശന പരിപാടിയുടേയും കണ്ടെത്തലുകൾ അവതരിപ്പിക്കുന്നതിന് അവസരമൊരുക്കുക എന്നതാണ് UMI ലക്ഷ്യമിടുന്നത്. നവീകരണവും വൈവിധ്യവും സാന്ദർഭികവൽക്കരണവും കൊണ്ടുവരുന്നതിന് ആവാസവ്യവസ്ഥയെ ഊർജ്ജ സ്വലമാക്കേണ്ടത് ആവശ്യമാണ്. UMI ഒരു ഏകീകൃത മെൻററിംഗ് നെറ്റ്‌വർക്ക് (UMN) സൃഷ്ടിക്കാൻ പ്രാപ്തമാക്കും, അവിടെയുള്ള വിവിധ ആവാസവ്യവസ്ഥയിലെ പങ്കാളികൾക്ക് ഉപയോഗിക്കാനും പരിഹാരങ്ങൾ കണ്ടെത്താനും കേസുകൾ മാർഗദർശനം നിർവഹിക്കുന്നതിനായി അവരുടെ പരിഹാരങ്ങളോ സേവനങ്ങളോ വിപുലീകരിക്കാനും കഴിയും.

മെന്റർമാർക്കും വിദ്യാർത്ഥികൾക്കും മാർഗദർശന സേവനങ്ങളും പരിഹാരങ്ങളും ഏത് സന്ദർഭത്തിലും അനായാസം ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുകയാണ് NMI – ലക്ഷ്യമിടുന്നത്. രൂപകൽപ്പനയുടെ ഓരോ ഘട്ടത്തിലും ഈ സവിശേഷതകൾ അതിന്റെ തത്വങ്ങളും സാങ്കേതിക ഘടകങ്ങളും ഉൾപ്പെടെ പ്രബലപ്പെടുത്തുന്നു.

## 6.2 രൂപകല്പന തത്വങ്ങൾ

ഈ വിഭാഗത്തിൽ, അടിസ്ഥാന ഡിസൈൻ തത്വങ്ങളും മികച്ച പ്രവർത്തനങ്ങളും വിവരിച്ചുകൊണ്ട് NMI–യുടെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ വശങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.:




ചിത്രം 6.1: ദേശീയ മാർഗദർശന അടിസ്ഥാന സൗകര്യങ്ങളുടെ രൂപകല്പനാ തത്വങ്ങൾ

a. **മൈക്രോസർവീസ് ആർക്കിടെക്ചർ :** അളവും വൈവിധ്യവും പരിഹരിക്കുന്നതിന്, മോഡുലാർ സേവനങ്ങൾ ആവശ്യാനുസരണം കൂട്ടിച്ചേർക്കാനും പിരിക്കുവാനും കഴിയും. ഇത് സ്വതന്ത്രമായി ബന്ധിപ്പിച്ചിട്ടുള്ള മൈക്രോസർവീസുകളിലൂടെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങളും സന്ദർഭങ്ങളും അനുസരിച്ച് പ്രവർത്തനത്തിന്റെ പരിണാമം സാധ്യമാക്കുന്നു.

b. **സുരക്ഷിതവും വിശ്വാസനിയവും :** ഒരു രൂപരേഖയുടെ നിർണായക ഭാഗമായ സുരക്ഷയും സ്വകാര്യതയും കൈകാര്യം ചെയ്യുന്നത് പ്രധാനമാണ്. ഉപയോക്താക്കൾക്ക് വിവര - സുരക്ഷയും സ്വകാര്യതയും ഉറപ്പാക്കുന്നതിനൊപ്പം വിവരങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിനാണ് അടിസ്ഥാന സൗകര്യങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

c. **തുറന്ന മാനദണ്ഡങ്ങൾ:** വ്യത്യസ്ത ഉപയോഗ സാഹചര്യങ്ങളെ പിന്തുണയ്ക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളുടെ രൂപകൽപ്പനയ്ക്ക് തുറന്ന മാനദണ്ഡങ്ങളും പരസ്പര പ്രവർ ത്തനക്ഷമതയും അത്യാവശ്യമാണ്. നിർദ്ദിഷ്ട പ്ലാറ്റ്ഫോമുകളുമായോ നെറ്റ്‌വർക്ക് സാങ്കേതികവിദ്യകളുമായോ ഭാഷകളുമായോ യാതൊരു ബന്ധവുമില്ലാതെ പരസ്പര പ്രവർത്തനക്ഷമത ഉറപ്പാക്കുന്ന ഓപ്പൺ പ്രോട്ടോക്കോളുകളും API–കളും ഉപയോഗിച്ചാണ് NMI നിർമ്മിച്ചിരിക്കുന്നത്. പരസ്പരപ്രവർത്തനക്ഷമത നൽകുന്നതിനുള്ള മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് ഇത്. അതിനാൽ, ഓപ്പൺ എപിഐകൾ ഒരുമിച്ച് പ്രവർത്തിക്കുന്നതിന് വൈവിധ്യമാർന്ന സാങ്കേതിക വിദ്യകളിൽ നിർമ്മിച്ച ഒരു വിശാല പരിധിയിലുള്ള മാർഗദർശന പരിഹാരങ്ങളെ പിന്തുണയ്ക്കും.

d. **അളക്കാവുന്നതും വഴക്കമുള്ളതും:** നിശ്ചിത നിലവാരം, തിരശ്ചീനമായ അളവ് എന്നിവ കണ്ടെത്തുക വഴി ആവാസവ്യവസ്ഥയിലെ ഒരു വലിയ വിഭാഗം ഉപയോക്താക്കൾക്ക് അളവുകൾ നിശ്ചയിക്കാൻ കഴിയുന്നത് പ്രവർത്തനങ്ങളുടെ വ്യാപ്തിവർദ്ധന ഉറപ്പാക്കും.

e. **നിരീക്ഷണക്ഷമത:** അടിസ്ഥാന സൗകര്യങ്ങളിലെ മാർഗദർശന ഇടപെടലുമായി ബന്ധപ്പെട്ട് കൈമാറ്റം ചെയ്യപ്പെടുന്ന വിലപ്പെട്ട വിവരങ്ങളുടെ നിരീക്ഷണക്ഷമത ടെലിമെട്രിയിലൂടെ സാക്ഷാത്കരിക്കപ്പെടും. വിദ്യാർത്ഥി /മെന്റർമാർക്ക് ചുറ്റുമുള്ള എല്ലാ സംഭവങ്ങളും ശേഖരിക്കാനും അവയുടെ ഉപഭോഗവും വിശകലനവും ലഭ്യമാക്കാനുമാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

f. **വിശ്വസിനിയമായ പ്ലാറ്റ്ഫോം:** മെന്റർക്കും മെന്റിക്കും - രണ്ട് കക്ഷികൾക്കും ഉൾക്കാഴ്ചയുള്ളതും ലക്ഷ്യബോധമുള്ളതുമായ മാർഗദർശന അനുഭവങ്ങൾ സുഗമമാക്കുന്നതിനുള്ള ഒരു വിശ്വസനീയമായ പ്ലാറ്റ്ഫോമാണ് അടിസ്ഥാന സൗകര്യങ്ങളിലൂടെ ലക്ഷ്യമിടുന്നത്. വിശ്വസനീയമായ രേഖപ്പെടുത്തലുകൾ പ്രയോജനപ്പെടുത്തിയും, മെന്റർമാരുടെ ശ്രദ്ധയോടുകൂടിയ നിയമനം നടത്തിയും പ്രവവർത്തനതലത്തിൽ ആധികാരികതയും പ്രാമാണികതയും ഉറപ്പു വരുത്തിയ മെന്റർമാരെ ഉറപ്പാക്കിക്കൊണ്ടാണ് ഇത് നിർവഹിക്കുന്നത്.

g. **വികേന്ദ്രീകരിക്കപ്പെട്ടതും വിതരണംചെയ്യപ്പെട്ടതും:** നെറ്റ്‌വർക്കിന്റെ ഭാഗമായ, വിതരണം ചെയ്യപ്പെടുന്ന വിശ്വസനീയമായ സ്ഥാപനങ്ങളിൽ / ശേഖരങ്ങളിൽ നിന്ന് വിവരം ലഭ്യമാക്കാനും കൈമാറ്റം ചെയ്യാനും ആപ്ലിക്കേഷനുകളും പരിഹാരങ്ങളും പ്രാപ്തമാക്കുന്നതിനാണ് അടിസ്ഥാ നസൗകര്യങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

h. **പ്ലാറ്റ്ഫോം ചിന്ത :** അടിസ്ഥാനസൗകര്യങ്ങൾ, ദേശീയ തലത്തിൽ പ്രവർത്തിക്കുന്നവരുടെ പരിഹാരങ്ങൾ/സേവനങ്ങൾ സൃഷ്ടിക്കുന്നതിനും വിപുലീകരിക്കുന്നതിനും പങ്കെടുക്കുന്നവരുടെ (പരിഹാര ദാതാക്കളുടെ) ആവാസവ്യവസ്ഥയെ അനുവദിക്കുന്നു.

i. **ഏകീകൃതവും സമാനമല്ലാത്തതും:** ഏകീകൃത പ്രവർത്തനത്തെ സുഗമമാക്കുകയും ഒരുമിച്ച് പ്രവർത്തിക്കാൻ വൈവിധ്യമാർന്ന പരിഹാരങ്ങൾ പ്രാപ്തമാക്കുകയും ചെയ്യുന്ന തുറന്ന മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് അടിസ്ഥാന സൗകര്യങ്ങൾ.

j. **ആവാസവ്യവസ്ഥയെ പ്രവർത്തനക്ഷമമാക്കൽ:** യുഎംഐ മാർഗദർശന പരിഹാരങ്ങളും ആപ്ലിക്കേഷനുകളും ഒരുമിച്ച് പ്രവർത്തിക്കാനുള്ള ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നു. ഇത് വിവിധ ശേഖരങ്ങളിൽ നിന്നുള്ള വിവരം പ്രയോജനപ്പെടുത്തുകയും ഉപയോക്താവിന് ഏകജാലകത്തിലൂടെയുള്ള ലഭ്യത ഉറപ്പാക്കുകയും ചെയ്യുന്നു.

k. **വിപുലീകരണം:** പങ്കെടുക്കാൻ നൂതന കഴിവുകൾ/സ്ഥാപനങ്ങൾ എന്നിവയെ നെറ്റ്‌വർക്കിൽ

എളുപ്പത്തിൽ ഉൾപ്പെടുത്താൻ കഴിയുന്ന തരത്തിലാണ് അടിസ്ഥാന സൗകര്യങ്ങൾ നിർമ്മി ച്ചിരിക്കുന്നത്. ഈ സവിശേഷതകൾ പാലിക്കുന്നത് നെറ്റ്‌വർക്കിന്റെ നിലവിലുള്ള കഴിവുകളും നേട്ടങ്ങളും പ്രയോജനപ്പെടുത്താൻ പുതിയ സ്ഥാപനങ്ങളെ അനുവദിക്കും.

I. **രൂപരേഖ പ്രകാരമുള്ള ഉൾച്ചേർക്കൽ:**

i. **ഉപയോക്താവിനെ അടിസ്ഥാനമാക്കിയുള്ളത്**


വിവിധ പ്ലാറ്റ്‌ഫോമുകളിൽ – ഫോണുകൾ, വെബ്, വ്യത്യസ്ത ഭാഷകൾ മുതലായവയി ൽ ഉടനീളം ഉപയോക്താക്കളുടെ സാന്ദർഭികവും വൈവിധ്യപൂർണ്ണവുമായ ആവശ്യങ്ങ ൾ നിറവേറ്റുന്നതിനായി ഉൾച്ചേർക്കൽ രൂപകല്പന ചെയ്യാൻ അടിസ്ഥാന സൗകര്യങ്ങ ൾ വഴി പരിഹാരങ്ങൾ ലഭ്യമാക്കുന്നു.

ii. **സംവിധാനങ്ങളും പ്രക്രിയകളും**

ഇന്ന് നിലവിലുള്ള ആപ്ലിക്കേഷനുകൾ, പരിഹാരങ്ങൾ, ഉള്ളടക്കം എന്നിവയുൾപ്പെടെ യുള്ള വിവിധ സംവിധാനങ്ങളെയും പ്രക്രിയകളെയും ബന്ധിപ്പിക്കുന്നതിനും പ്രയോജന പ്പെടുത്തുന്നതിനും വേണ്ടിയാണ് അടിസ്ഥാന സൗകര്യങ്ങൾ രൂപകൽപ്പന ചെയ്തിരിക്കു ന്നത്.

## 6.3 മെന്റർ – വിദ്യാർത്ഥി ഇടപെടലുകൾ പ്രവർത്തനക്ഷമമാക്കൽ


മെന്റർമാർക്കും വിദ്യാർത്ഥികൾക്കുമിടയിൽ തടസ്സമില്ലാത്ത സമന്വിതവും അസമന്വിതവുമായ മാർഗനിർ ദ്ദേശ ഇടപെടലുകൾ പ്രവർത്തനക്ഷമമാക്കുക എന്നതാണ് NMI-യുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. സാർ വത്രികമായ കണ്ടെത്തലുകളും വിശ്വാസവും മുഖേനയാണ് ഇടപെടലുകൾ പ്രവർത്തനക്ഷമമാക്കുന്നത്, അവ ഫീഡ്ബാക്ക് അധിഷ്ഠിതവുമാണ്. സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾ ഇനിപ്പറയുന്ന 6 പ്രധാ ന ക്രിയകൾ പ്രവർത്തനക്ഷമമാക്കും




**ചിത്രം 6.2: സാങ്കേതിക അടിസ്ഥാന സൗകര്യങ്ങളിൽ പ്രവർത്തനക്ഷമമാക്കിയ പ്രധാന ക്രിയകൾ**

## 6.4 സാങ്കേതിക ഘടകങ്ങൾ

ഡിസൈൻ തത്വങ്ങൾക്ക് അനുസൃതമായി, NMI അതിന്റെ ഉപയോക്താക്കൾക്കായി ഒന്നിലധികം മാർഗ നിർദേശ പരിഹാരങ്ങൾ പ്രാപ്തമാക്കുന്ന വ്യത്യസ്ത സാങ്കേതിക ഘടകങ്ങൾ വാഗ്ദാനം ചെയ്യുന്നു.




**ചിത്രം 6.3: ഏകീകൃത മാർഗദർശന ശൃംഖല (UMW) – ഘടക തലത്തിലുള്ള വീക്ഷണം**

a. **വിദ്യാർത്ഥി ഇന്റർഫേസ് (ആപ്പ്/വെബ്സൈറ്റ്/മറ്റ് മാർഗങ്ങൾ):** വിദ്യാർത്ഥികൾക്ക് അവരുടെ താൽപ്പര്യങ്ങളും ആവശ്യങ്ങളും അടിസ്ഥാനമാക്കി മെന്റർമാരെയും സെഷനുകളെയും കണ്ടെത്താൻ ഈ ഇന്റർഫേസ് ഉപയോഗിക്കാം. അവർക്ക് താൽപ്പര്യമുള്ള മാർഗദർശന പരിപാടികളിൽ പങ്ക് ചേരാം.

b. **മെന്റർ ഇന്റർഫേസ് (ആപ്പ്/വെബ്സൈറ്റ്/മറ്റ് മാർഗങ്ങൾ):** വിദ്യാർത്ഥികളുമായുള്ള മെന്റർമാരുടെ ഇടപെടലുകൾ/ സെഷനുകൾ ആസൂത്രണം ചെയ്യാൻ ഈ ഇന്റർഫേസ് ഉപയോഗിക്കുന്നു. കാലക്രമേണ നടത്തിയ വിവിധ ഇടപെടലുകളുടെ ഉൾക്കാഴ്ചകളും വിശകലനങ്ങളും അവർക്ക് ലഭിക്കും.

c. **മാർഗദർശന വർഗീകരണം:** ദേശീയ അടിസ്ഥാന സൗകര്യങ്ങളുടെ ഭാഗമായി ഒരു ദേശീയ മാർഗനിർദേശ വർഗ്ഗീകരണം വികസിപ്പിക്കുകയും ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മെന്ററുടെ സവിശേഷതകൾ, മാർഗദർശന മേഖലകൾ, ഇടപെടൽ മാധ്യമങ്ങൾ, തുടങ്ങിയ പ്രധാന വശങ്ങൾ ഈ വർഗ്ഗീകരണത്തിൽ ഉൾക്കൊള്ളും.

d. **ഏകീകൃത മാർഗദർശന ഇന്റർഫേസ് (UMI)പ്രവേശന കവാടം:** വൈവിധ്യമാർന്ന മാർഗദർശന സേവനങ്ങളുടെ/ പരിഹാരങ്ങളുടെ പരസ്പര പ്രവർത്തനക്ഷമത UMI പ്രാപ്തമാക്കുകയും അതുവഴി വിവിധ സേവനങ്ങളിലുടനീളം മെന്റർമാരുടെ /പരിപാടികളുടെ കണ്ടെത്തൽ ആരംഭിക്കുകയും ചെയ്യും. ഓപ്പൺ പ്രോട്ടോക്കോളുകളിൽ നിർമ്മിച്ച ഒരു ഓപ്പൺ നെറ്റ്വർക്ക് സൃഷ്ടിച്ച് പഠന/മാർഗദർശന സേവനങ്ങൾ കാര്യക്ഷമമാക്കാൻ UMI ലക്ഷ്യമിടുന്നു.

e. **ആപ്പ് രജിസ്ട്രി:** ഇന്റർഫേസ് ഉപയോഗിക്കുന്ന എല്ലാ മൊബൈൽ ആപ്ലിക്കേഷനുകളുടെയും വെബ് പോർട്ടലുകളുടെയും മറ്റ് പരിഹാരങ്ങളുടെയും രജിസ്ട്രി ഇതിൽ ഉൾപ്പെടുന്നു.

f. **സേവന രജിസ്ട്രി:** പ്രവേശന കവാടത്തിലേക്ക് സബ്സ്ക്രൈബ് ചെയ്തിരിക്കുന്ന മാർഗദർശന സംവിധാനങ്ങളുടെ (അപ്ലിക്കേഷനുകൾ) ഒരു രജിസ്ട്രി ഇതിൽ ഉൾപ്പെടുന്നു.

g. **ബാഹ്യ രജിസ്ട്രി :** ഇതിൽ വ്യത്യസ്ത വികേന്ദ്രീകൃത വിശ്വസനീയ രജിസ്ട്രികൾ ( അക്കാദമിക

സ്ഥാപനങ്ങൾ, സംസ്ഥാന വകുപ്പുകൾ, സി.എസ്.ഒ കൾ) ഇവിടങ്ങളിൽ നിന്നുള്ള ആവാസവ്യവസ്ഥയിലെ സ്ഥിരീകരിക്കപ്പെട്ട മെന്റർമാരും ഉൾപ്പെടുന്നു.

h. **മാർഗദർശന സേവനം:** അടിസ്ഥാന സൗകര്യങ്ങളിലെ മൈക്രോസർവീസ്, മെന്റർമാർക്ക് അവരുടെ സെഷനുകൾ ആസൂത്രണം ചെയ്യാനും മെന്ററും വിദ്യാർത്ഥിയും തമ്മിലുള്ള മുഖ്യ ഇടപെടലുകൾ സാധ്യമാക്കാനും സഹായിക്കും.

## 6.5 ഏകീകൃത മാർഗദർശന ഇന്റർഫേസ്

Beckn – DSEP സവിശേഷതകളോടെ നിർമ്മിച്ച ഒരു നെറ്റ്‌വർക്ക് ഇന്റർഫേസാണ് UMI. ഈ നെറ്റ്‌വർക്ക് വ്യത്യസ്ത ദാതാക്കളോടും ഉപഭോക്താക്കളോടും തടസ്സമില്ലാതെ സംവദിക്കാൻ അനുവദിക്കുന്നു.

### 6.5.1 കണ്ടെത്തൽ ശേഷി

എല്ലാ മെന്റർമാർക്കും (പരിചയസമ്പന്നരായ റിസോഴ്സ് പേഴ്സണുകൾ/ വിരമിച്ച പ്രൊഫസർമാർ/ അധ്യാപകർ മുതലായവർ) അവരുടെ ഉപകരണങ്ങളിൽ ഏത് മാർഗദർശന ആപ്ലിക്കേഷൻ സ്ഥാപിച്ചാലും ഒരൊറ്റ ഇന്റർഫേസിൽ കാണാനും ലഭ്യമാക്കാനും കഴിയും. ഉറവിടങ്ങളുമായി ബന്ധിപ്പിക്കുന്നതിന് നിരവധി ആപ്ലിക്കേഷനുകൾ ലഭ്യമാക്കുന്നതിനുപകരം ഒരൊറ്റ പ്ലാറ്റ്ഫോമിൽ മെന്റർമാരുടെ ഒരു വലിയ ശേഖരം ലഭ്യമാക്കാൻ ഇത് ഉപയോക്താക്കളെ അനുവദിക്കും.

### 6.5.2 വിശ്വാസം

പ്ലാറ്റ്ഫോമിൽ ഇടപഴകുന്ന എല്ലാ പ്രവർത്തകരും തമ്മിൽ വിശ്വാസം സ്ഥാപിക്കപ്പെടുമ്പോൾ മാത്രമേ ഫലപ്രദമായ മാർഗദർശന ഇടപെടലുകൾ നടക്കൂ. വിവിധ അക്കാദമിക സ്ഥാപനങ്ങളും സംസ്ഥാന വകുപ്പുകളും വിശ്വസ്തരായ മെന്റർമാരുടെ രജിസ്ട്രികളിലൂടെ വിശ്വാസം പ്രവർത്തനക്ഷമമാക്കും. പ്ലാറ്റ്ഫോമിലെ മെന്റർമാരുടെ എല്ലാ വിശ്വസനീയമായ വ്യക്തിഗത വിവരങ്ങൾക്കും പരിശോധിക്കാവുന്ന യോഗ്യതാനിർണയം നടപ്പിലാക്കും

## 6.6 ഏകീകൃത മാർഗദർശന ശൃംഖല

NMI-യുടെ തുടർച്ചയായ വികസനം, ഉപയോഗം, മെച്ചപ്പെടുത്തൽ എന്നിവയ്ക്കായി ഒരു ആവാസവ്യവസ്ഥാസമീപനം പരിഗണനയിലെടുക്കും. നവീകരണവും വൈവിധ്യവും സാന്ദർഭികവൽക്കരണവും കൊണ്ടുവരുന്നതിന് ആവാസവ്യവസ്ഥയെ ഊർജ്ജസ്വലമാക്കേണ്ടത് ആവശ്യമാണ്. NMI-യുടെ ചാലകശക്തിയായി പ്രവർത്തിക്കുന്നതിനും സംഭാവന ചെയ്യുന്നതിനുമുള്ള പ്രവർത്തനത്തെ ത്വരിതപ്പെടുത്തുന്നതിനാണ് വ്യത്യസ്ത ആവാസവ്യവസ്ഥ പ്രവർത്തകരെ UMN- പ്രയോജനപ്പെടുത്തുന്നത്. അത്തരം ഇൻഫ്രാസ്ട്രക്ചർ, മുഖ്യമായും പരിഹാരങ്ങൾ കണ്ടെത്താനും പരിഹാരങ്ങൾ/ സേവനങ്ങൾ എന്നിവ മാർഗദർശനം ഉപയോഗപ്പെടുത്തുന്ന കേസുകളിൽ ഉപയോഗിക്കുന്നതിനും പങ്കാളികളുടെ ആവാസവ്യവസ്ഥയെ അനുവദിക്കും. പ്ലാറ്റ്ഫോം എല്ലാം ഉൾക്കൊള്ളുന്ന, ഏകീകൃതമായ, ഏകശിലാപരമായ പരിഹാരമായി നിർമ്മിച്ചിട്ടില്ലെന്ന് ഉറപ്പാക്കാനുള്ള പ്രധാന ചിന്താഗതിയിൽ നിന്നാണ് ഇത് വരുന്നത്.

പ്രസക്തമായ എല്ലാ പങ്കാളികളും ഈ ശൃംഖല സൃഷ്ടിക്കുന്നതിലും നിലനിർത്തുന്നതിലും ഇടയ്ക്കിടെ ശ്രമങ്ങൾ നടത്തും. ബിൽഡിംഗ് ബ്ലോക്കുകളും ഓപ്പൺ പ്രോട്ടോക്കോളുകളും ഉൾക്കൊള്ളുന്ന അടിസ്ഥാന സൗകര്യങ്ങളുടെ സാങ്കേതിക രൂപകൽപ്പന നെറ്റ്‌വർക്കിന്റെ വളർച്ച ഉറപ്പാക്കും.

## 6.7 പ്ലാറ്റ്ഫോം ഭരണനിർവ്വഹണം

NMI -യെ സ്വാധീനിക്കുന്ന ഒരു മാർഗദർശന പരിപാടിക്ക് ആവശ്യമുള്ള ഫലങ്ങൾ നേടിയെടുക്കാൻ ഫലപ്രദമായ ഭരണനിർവ്വഹണം ആവശ്യമാണ്. നല്ല ഭരണനിർവ്വഹണം, ഇനിപ്പറയുന്ന മാനദണ്ഡങ്ങളും ചോദ്യങ്ങളും അഭിസംബോധന ചെയ്യേണ്ടതുണ്ട്.

**പട്ടിക 6.1: മാനദണ്ഡങ്ങളും ചോദ്യങ്ങളും**

| മാനദണ്ഡങ്ങൾ | ചോദ്യങ്ങൾ |
|---|---|
| ഔചിത്യം | • സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾ ഉപയോക്താക്കളുടെ പ്രാദേശികവും സാമൂഹിക-സാമ്പത്തികവുമായ അവസ്ഥകൾക്ക് ഉചിതവും അനുയോജ്യവുമാണെന്ന് നിങ്ങൾ ഉറപ്പാക്കുന്നതെങ്ങനെ ?<br>• പ്ലാറ്റ്ഫോം ഇടപെടലുകൾ സൃഷ്ടിപരമായ ഇടപെടലുകളിൽ നിന്നുണ്ടായതാണെന്ന് നിങ്ങൾ എങ്ങനെയാണ് ഉറപ്പാക്കുക?<br>• അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്ന പരിപാടിയുടെ ഉടമകൾ ഉചിതമായ ഫീഡ്ബാക്ക് സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്ന് നിങ്ങൾ എങ്ങനെ ഉറപ്പാക്കും? |
| സുസ്ഥിരത | • പ്ലാറ്റ്ഫോം, ഡാറ്റ തുടങ്ങിയവയുടെ ഉടമസ്ഥത ആർക്കാണ്?<br>• പ്ലാറ്റ്ഫോം ഫലപ്രദമായി ഉപയോഗിക്കുന്നുണ്ടെന്നും ഉചിതമായ ഫീഡ്ബാക്ക് പരിഗണിക്കപ്പെടുന്നുവെന്നും നിങ്ങൾ എങ്ങനെ ഉറപ്പാക്കും? പരിശീലന പരിപാടികളും ഫീഡ്ബാക്ക് സംവിധാനങ്ങളും ഇതിൽ ഉൾപ്പെടും. |
| പരിണാമം | • ആസ്തികൾ (ഉദാ. ഡാറ്റ, സോഫ്റ്റ്‌വെയർ, ഉള്ളടക്കം മുതലായവ) സംഭാവന ചെയ്യാൻ നിങ്ങൾ ഒന്നിലധികം പ്രവർത്തകരെ എങ്ങനെ പ്രാപ്തരാക്കും?<br>• സേവനങ്ങളുടെ കണ്ടെത്തലും ഉപഭോഗവും നിങ്ങൾ എങ്ങനെ പ്രാപ്തമാക്കും?<br>• പ്ലാറ്റ്ഫോമിന്റെ വിപുലീകരണം നിങ്ങൾ എങ്ങനെ പ്രാപ്തമാക്കും? |

NATIONAL MISSION FOR MENTORING

അധ്യായം VII

# യാത്രയും മുന്നോട്ടുള്ള വഴിയും



# അധ്യായം-VII: യാത്രയും മുന്നോട്ടുള്ള വഴിയും

## 7.1 NMM പ്രയാണം

2021-22 വർഷത്തെ കേന്ദ്ര ബജറ്റിൽ NMM ഇന്ത്യാ ഗവൺമെന്റിന്റെ (GoI) വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ (MoE), ഉത്തരവായി പ്രഖ്യാപിച്ചു. ഈ ചുമതല നിർവ്വഹിക്കാനുള്ള ഉത്തരവാദിത്തം MoE, എൻസിടിഇയെ (NCTE) ഏൽപ്പിച്ചു. NMM-ന്റെ രീതികൾ വികസിപ്പിക്കുന്നതിനായി നിരവധി ഗവേഷണങ്ങൾ നടത്തി. വിവിധ പങ്കാളികളിൽ നിന്നുള്ള നിർദ്ദേശങ്ങൾ/ഫീഡ്ബാക്ക് ക്ഷണിക്കുന്നതിനായി 2021 നവംബറിൽ NCTE വെബ്സൈറ്റിലും MyGov പോർട്ടലിലും മാർഗദർശനത്തിനായുള്ള ബ്ലൂ ബുക്കിന്റെ പ്രാഥമിക കരട് തയ്യാറാക്കി. അതിനുശേഷം, താഴെ തട്ടിൽ നിന്ന് മുകളിലേക്ക് എന്ന സമീപനത്തിലൂടെ മാർഗദർശനത്തെക്കുറിച്ച് ബ്ലൂബുക്ക് തയ്യാറാക്കുന്നതിന് രാജ്യത്തുടനീളമുള്ള അക്കാദമിക് വിദഗ്ധർ, വിദ്യാഭ്യാസ ഭരണാധികാരികൾ, സ്കൂളുകൾ, സർവകലാശാലകൾ, എസ്.സി.ഇ.ആർ.ടി, ടീച്ചർ എജ്യുക്കേറ്റർമാർ, ഡയറ്റുകൾ, പ്രിൻസിപ്പൽമാർ, അധ്യാപകർ, എൻജിഒകൾ, പങ്കെടുക്കുന്ന മറ്റുള്ളവരിൽ നിന്നും വിവരങ്ങളും ആശയങ്ങളും ശേഖരിക്കാൻ 15 തുറന്ന വേദി ചർച്ചകൾ നടത്തി. (റഫറൻസ്. അനുബന്ധം-IV).

NCTE, 2022 ജൂലൈ 29-ന്, രാജ്യത്തുടനീളമുള്ള 30 കേന്ദ്ര ഉടമസ്ഥതയിലുള്ള സ്കൂളുകളിൽ (15 KVs, 10 JNVs, 5 CBSE) പ്രാരംഭ പ്രവർത്തനം എന്ന നിലയിൽ NMM ആരംഭിച്ചു. 30 സ്കൂൾ പ്രിൻസിപ്പൽമാരുമായും നോഡൽ ഓഫീസർമാരുമായും എൻഎംഎമ്മിനെക്കുറിച്ചുള്ള 2 ദിവസത്തെ ഓറിയന്റേഷൻ പരിപാടി നടത്തി. NCTE വിവിധ മേഖലകളിൽ നിന്ന് 60 മെന്റർമാരെ ഉൾപ്പെടുത്തിയിട്ടുണ്ട്. തിരഞ്ഞെടുത്ത 60 മെന്റർമാർക്കായി 2 ദിവസത്തെ കാര്യക്ഷമതാപോഷണ ശില്പശാല നടത്തി. കണ്ടെത്തൽ, വിശ്വാസം, ക്രിയാത്മക ഫീഡ്ബാക്ക് എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഫലപ്രദമായ മാർഗദർശന സെഷനുകൾ നടത്തുന്നതിനുള്ള ഒരു ഇന്റർഫേസായി വർത്തിക്കുന്ന NMM വെബ് പോർട്ടൽ (Ref.Annexure-V) സമാരംഭിച്ചു. മാർഗദർശന ഇടപെടലുകൾ ഫലപ്രദമായും കാര്യക്ഷമമായും സുഗമമാക്കി മെന്റർമാരെ സഹായിക്കുന്നതിന് വിവിധ മൊഡ്യൂളുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

മുകളിൽ സൂചിപ്പിച്ച സ്ഥാപനതല കൂടിയാലോചനകൾ ,15 തുറന്ന വേദി ചർച്ചകൾ, പരീക്ഷണ പരിപാടിയിൽ നിന്ന് ലഭിച്ച വിവരങ്ങൾ മറ്റ് പങ്കാളികളുടെ ചർച്ചകൾ, പ്രഖ്യാപിത പരിപാടികൾ എന്നിവയുടെ ഫലമായി ലഭിച്ച ഫീഡ്ബാക്ക്/നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയാണ് NMM-നെക്കുറിച്ചുള്ള ബ്ലൂബുക്ക് അന്തിമമാക്കിയത്. NMM നടപ്പിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും NCTE-യിൽ ഡിജിറ്റൽ പ്ലാറ്റ്ഫോമായ നാഷണൽ സെന്റർ ഫോർ ടീച്ചർ ക്വാളിറ്റി (NCTQ) സ്ഥാപിച്ചു. NCTQ-ൽ നിന്ന് UMI പ്രവർത്തിക്കും.

## 7.2 മുന്നോട്ടുള്ള വഴി

അധ്യാപകരുടെ തൊഴിൽപരമായ വളർച്ചയ്ക്കും വികാസത്തിനും വേണ്ടിയുള്ള അമൂല്യമായ സംരംഭമാണ് NMM. മെന്റർമാരുടെ ചുമതല അവരുടെ വിദ്യാർത്ഥികൾക്ക് മാർഗനിർദേശവും പിന്തുണയും വൈദഗ്ധ്യവും നൽകുക എന്നതാണ്. അറിവ് പങ്കുവയ്ക്കുന്നതിനും സഹകരിക്കുന്നതിനും പ്രതിഫലനത്തിനുമുള്ള ഒരു വേദിയാണിത്. NMM -നുള്ള നിർവ്വഹണ പദ്ധതി ഇനിപ്പറയുന്ന രീതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

**വിദ്യാർത്ഥികൾക്കുള്ള മാർഗദർശന പരിഹാര സംവിധാനങ്ങളുടെ നിർമ്മാണം / സംയോജനം:**

- മാർഗദർശന പരിപാടികളെ സഹായിക്കുന്ന പരിപാടിക്ക് വേണ്ടിയുള്ള വിഭവങ്ങൾ/ സഹായ സാമഗ്രികൾ, SoP മുതലായവ സൃഷ്ടിക്കൽ

**NMM പരിപാടി അവതരിപ്പിക്കൽ**

- 1000 മെന്റർമാരുടെ ഒരു കൂട്ടായ്മ സൃഷ്ടിക്കൽ.
- മെന്റർമാർക്കുള്ള മാർഗനിർദേശ വിഭവങ്ങളുടെ നിർമ്മാണം /വിവർത്തനം
- കെആർപികൾ / മെന്റർമാരുടെ കാര്യക്ഷമത പരിപോഷിപ്പിക്കുക
- ദേശീയ അവാർഡുകൾ/സർട്ടിഫിക്കറ്റുകൾ/അതിനെ NPST-യുമായി ബന്ധിപ്പിച്ചുകൊണ്ട് മെന്റർമാർക്ക് ധനപരമല്ലാത്ത പ്രോത്സാഹനങ്ങൾ നൽകും.

**എൻസിടിഇയുടെ ഗവേഷണവും അവലോകനവും**

- പരിപാടിയുടെ തുടർച്ചയായ വിലയിരുത്തൽ
- മെന്റർമാരിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നും ഫീഡ് ബാക്ക്

**ചിത്രം 7.1 : മുന്നോട്ടുള്ള വഴി**

## ഗ്രന്ഥസൂചി


Hansman, C. A. (Ed.). (2002). Critical perspectives on mentoring: Trends and issues. ERIC Clearinghouse on Adult, Career, and Vocational Education, Center on Education and Training for Employment, College of Education, the Ohio State University.

Knowles, M. S. (1980). The modern practice of adult education: From pedagogy to andragogy. Englewood Cliffs, NJ: Cambridge Adult Education.

Kukreja, S., Arora, R., Mahajan, R., & Singh, T. (2020). Mentorship Program: Modern Outlook of Traditional Knowledge. International Journal of Applied and Basic Medical Research, 10(2), 65–67. https://doi.org/10.4103/ijabmr.IJABMR_109_20

Ministry of Human Resource Development. (2020, July 29). National Education Policy 2020. www.Education.Gov.In; Government of India.

https://www.education.gov.in/sites/upload_files/mhrd/files/NEP_Final_English_0.pdf#page=29&zoom=100,97,630

National Institute of Technical Teachers Training and Research. (2020, September). Making Mentoring Relevant: NEP 2020 PERSPECTIVE. NITTTR (nitttrc.ac.in); National Institute of Technical Teachers Training and Research. Retrieved from ReportonMakingMentoring.pdf (nitttrchd.ac.in)

National University of Educational Planning and Administration (NUEPA) New Delhi, Teachers in the Education System, How We Manage the Teacher Workforce in India. (2016).http://www.niepa.ac.in/download/Research/Teachers_in_the_Indian_Education_System.pdf

National University Of Educational Planning And Administration (NUEPA) (2014) School Leadership Development National Program Design and Curriculum Framework. National University of Educational Planning and Administration (NUEPA). https://www.education.gov.in/en/sites/upload_files/mhrd/files/upload_document/SLDP_Framework_NCSL_NUEPA.pdf

Parsloe, E., & Leedham, M. (2009). Coaching and mentoring: Practical conversations to improve learning. Kogan Page Publishers. Retrieved from https://rb.gy/9e732

Soka Gakkai. (2020). The Oneness of Mentor and Disciple. Soka Gakkai (Global).

https://www.sokaglobal.org/resources/study-materials/buddhist-concepts/the-oneness-of-mentor-and- disci-ple.html#:~:text=In%20Buddhism%2C%20which%20is%20concerned,to%20free%20them%20from%20suffering

Together Platform. “Mentor Handbook.” Together Platform, https://www.togetherplatform.com/handbook/mentor. Accessed 16 Aug. 2021.

# അനുബന്ധം

**I. മെന്റർമാരെ തിരഞ്ഞെടുക്കുന്നതിനുള്ള ഘടനാപരമായ രൂപരേഖ :**

മെന്റർമാരെ തിരഞ്ഞെടുപ്പ് പ്രക്രിയക്കായി ശുപാർശ ചെയ്യുന്ന രൂപരേഖ.

**II. മെന്റർമാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും:**

മാർഗദർശന പരിപാടിക്കായി ഒരു മെന്ററുടെ ചുമതലകളുടേയും ഉത്തരവാദിത്തങ്ങളുടേയും പട്ടിക തയാറാക്കുമ്പോൾ പരിശോധിക്കാനുള്ള മാതൃകാ ഉപാധി.

**III.** **NMM** ന് വേണ്ടിയുള്ള തുറന്ന വേദിയിൽ നടന്ന 15 ചർച്ചകൾ

**IV.** **NMM** വെബ് പോർട്ടൽ

*അനുബന്ധം - I*

**മെന്റർമാരെ തിരഞ്ഞെടുക്കുന്നതിനുള്ള ഘടനപരമായ രൂപരേഖ**

**മെന്റുമാരുടെ തിരഞ്ഞെടുപ്പ്**
മാർഗദർശന പരിപാടിക്കായി

**ഉദ്ദേശ്യം:** മാർഗദർശന പരിപാടിക്കായി മെന്റർമാരെ തിരഞ്ഞെടുക്കുന്നതിനുള്ള ഒരു സ്ക്രീനിംഗ് പ്രക്രിയ രൂപകൽപ്പന ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക.

**രൂപകൽപ്പന ചെയ്യുന്നത്**


**പ്രോഗ്രാം ഡിസൈനർ**


**പ്രോഗ്രാം മാനേജർ**

ഒരു ഉത്തമ മെന്റർക്ക് പ്രത്യേക സവിശേഷതകൾ ഉള്ളതുകൊണ്ട് മെന്റർമാർക്കും വിദ്യാർത്ഥികൾക്കും ആ ബന്ധത്തിൽ നിന്ന് കൂടുതൽ നേട്ടം ഉണ്ടാക്കാൻ കഴിയുന്നു

**മെന്റുരുടെ സവിശേഷതകൾ**


വൈവിധ്യത്തെക്കുറിച്ചുള്ള അവബോധം


ഫലപ്രദമായ ആശയവിനിമയം


സഹാനുഭൂതി


അനുഭവപരിചയം


വഴക്കം


പ്രചോദനം


നേതൃത്വ പാടവം


വൈദഗ്ദ്ധ്യം


പ്രതിഫലനം


വിമർശനാത്മക ചിന്ത


സർഗ്ഗാത്മകത

സേവന രംഗത്തേക്ക് കടന്നു വരുന്ന മെന്റർമാരുടെ സവിശേഷതകൾ കണ്ടെത്താനായി സ്ക്രീനിംഗ് പ്രക്രിയ ഉപയോഗപ്പെടുത്തി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ മനസ്സിൽ വെച്ചുകൊണ്ടാണ് സ്ക്രീനിംഗ് പ്രക്രിയ രൂപകല്പന ചെയ്യേണ്ടത്. ലഭ്യമായ വിഭവങ്ങളെയും അപേക്ഷകവൃന്ദത്തിന്റെ വലുപ്പത്തെയും ആശ്രയിച്ചുള്ള തെരഞ്ഞെടുപ്പ് പ്രക്രിയയ്ക്ക്, സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള വിവരശേഖരണ രീതികളും വ്യക്തിഗത പ്രവർത്തനങ്ങളും അഭിമുഖങ്ങളും സംയോജിപ്പിക്കാവുന്നതാണ്.

**മെന്റർമാരുടെ തിരഞ്ഞെടുപ്പ്**
മാർഗദർശന പരിപാടിക്കായി

**അപേക്ഷാ ഫോം**



ജനസംഖ്യാപരമായ വിവരങ്ങൾ മുൻഅനുഭവങ്ങൾ, വൈദഗ്ധ്യത്തിന്റെ തെളിവുകൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് ഒരു പ്രാരംഭ അപേക്ഷാഫോം ഉപയോഗിക്കണം. ഓൺലൈൻ പഠന ക്രമീകരണത്തിലെ വെല്ലുവിളികൾ പരിഹരിക്കാനുള്ള മെന്റർമാരുടെ സമീപനം/കഴിവ് എന്നിവ വിലയിരുത്തുന്നതിനുള്ള കേസ് പഠനവും അപേക്ഷാ ഫോമിൽ ഉൾപ്പെടുത്താം. അപേക്ഷകരെ (വലിയ തോതിലുള്ള പ്രോഗ്രാമുകൾ; കുറഞ്ഞ വിഭവങ്ങളുടെ ലഭ്യത) വിലയിരുത്തുന്നതിന് ഉപയോഗിക്കുന്ന ഒരേയൊരു ഉപാധി ഈ ഫോം ആയിരിക്കാം അല്ലെങ്കിൽ ഇത് ഒരു അഭിമുഖവുമായി സംയോജിപ്പിച്ച് ഉപയോഗിക്കുകയും ചെയ്യാം (ചെറിയ തോതിലുള്ള പരിപാടികൾ; ഉയർന്ന വിഭവ ലഭ്യത).

**ഇടപെടൽ/അഭിമുഖം**



അപേക്ഷകനെ കൂടുതൽ ആത്മനിഷ്ഠമായി മനസ്സിലാക്കാനും അപേക്ഷാ ഫോമിൽ പരീക്ഷിക്കാൻ പ്രയാസമുള്ള ചില കഴിവുകൾ വിശകലനം ചെയ്യാനും ഒരു അഭിമുഖം സഹായിച്ചേക്കാം. ശ്രദ്ധ, മുൻകരുതൽ, യുക്തിസഹമായ അപഗ്രഥനം തുടങ്ങിയ അപേക്ഷകരുടെ സംവാദാത്മക സവിശേഷതകൾ പരിശോധിക്കുന്ന ചോദ്യങ്ങൾ ഇതിൽ ഉൾപ്പെടുത്താം.

അപേക്ഷകൾ ക്ഷണിക്കുന്നതിനും വിലയിരുത്തുന്നതിനും വിശകലനം ചെയ്യുന്നതിനും ഓൺലൈൻ ഫോമുകൾ, അനുബന്ധ ഡാറ്റാബേസ് മാനേജ്മെന്റ് സംവിധാനങ്ങൾ, വീഡിയോ കോൺഫറൻസിംഗിനുള്ള ഉപകരണങ്ങൾ തുടങ്ങിയ ഉപാധികൾ ഉപയോഗിക്കാം.

## മെന്റർമാരുടെ തിരഞ്ഞെടുപ്പ്

മാർഗദർശന പരിപാടിക്കായി

### ജനസംഖ്യാപരമായ വിവരങ്ങൾ

- പേര്
- ബന്ധപ്പെടാനുള്ള വിവരങ്ങൾ (ഫോൺ/വിലാസം/ഇമെയിൽ)
- ഭാഷാ പ്രവീണ്യം
- ഔദ്യോഗികമായി ബന്ധപ്പെട്ട സ്ഥാപനം (പേര്, നഗരം, സംസ്ഥാനം, രാജ്യം)

### അറിവും വൈദഗ്ധ്യവും

- ഒരു മാർഗദർശന പരിപാടിയെ സംബന്ധിച്ച വൈദഗ്ധ്യം പരിശോധിക്കുന്നതിനായി നിശ്ചിത ഉള്ളടക്കത്തെ അടിസ്ഥാന മാക്കിയുള്ള ചോദ്യാവലി
- അദ്ധ്യാപനത്തിലൂടെയോ പഠനത്തിലൂടെയോ ഒരു മാർഗദർശന പരിപാടി ഉള്ളടക്കവുമായി ഇടപഴകുന്നതിൽ മുൻകാല അനുഭവത്തിന്റെ തെളിവ്.
- പ്രസക്തമായ അവാർഡുകൾ, ബഹുമതികൾ, ഈ മേഖലയിലെ നേട്ടങ്ങൾ

### ജാഗ്രതയും ചിന്താശേഷിയും

മാർഗദർശന പരിപാടിയിലൂടെ പരിഹരിക്കാൻ ഉദ്ദേശിക്കുന്ന പ്രസക്തമായ പ്രശ്നങ്ങൾ ഉയർത്തിക്കാട്ടുന്ന കേസ് പഠനങ്ങൾ

അപേക്ഷാ ഫോമിലുള്ളതോ, വ്യക്തിഗതമായി ചോദിക്കുന്നവയോ ആയ തുടർപ്രവർത്തന ചോദ്യങ്ങൾ ബഹുഉത്തരമാതൃകയിലുള്ളതോ, സബ്ജക്ടീവ് സ്വഭാവമുള്ളതോ ആവാം. അവ താഴെ കുറിക്കുന്ന കഴിവുകൾ പരിശോധിക്കാൻ പ്രാപ്തമാകണം:

- വെല്ലുവിളികൾ തിരിച്ചറിയുക,
- ഉചിതമായ പിന്തുണ രൂപകൽപ്പന ചെയ്യുക.
- നിർദ്ദേശങ്ങളും ഫീഡ്ബാക്കും രൂപപ്പെടുത്തുക
- പ്രശ്നങ്ങൾ പരിഹരിക്കുക,
- വ്യത്യസ്ത നേതൃത്വ ശൈലികൾ മനസ്സിലാക്കുക,
- വിയോജിപ്പും നിഷ്ക്രിയത്വവും കൈകാര്യം ചെയ്യുക.
- അറിയാത്ത ഉത്തരങ്ങൾ കൈകാര്യം ചെയ്യുക.

### പ്രവർത്തി പരിചയം

- ഇപ്പോൾ വഹിക്കുന്ന ചുമതല.
- ഈ രംഗത്തുള്ള പ്രവർത്തന പരിചയം
- ഇപ്പോൾ വഹിക്കുന്ന ചുമതല യിലുള്ള പ്രവൃത്തി പരിചയം

### അനുബന്ധ പ്രവർത്തനം

എന്തുകൊണ്ടാണ് അവർ ഒരു മെന്റർ ആകാൻ ആഗ്രഹിക്കുന്നത് എന്നതിനെക്കുറിച്ചുള്ള അഭിപ്രായം ആവശ്യപ്പെടുന്ന ഉപന്യാസ/അഭിമുഖ ചോദ്യങ്ങൾ:

- ഈ പരിപാടിയിലേക്ക് അപേക്ഷി ക്കുന്നതിന്റെ ഉദ്ദേശ്യം എന്താണ്?
- അവർ ഈ പരിപാടിയിലേക്ക് എന്തെല്ലാം കൊണ്ടുവരും?
- ഈ പരിപാടി അവർക്ക് എങ്ങനെ പ്രയോജനപ്പെടും?
- ഈ പരിപാടി വിദ്യാഭ്യാസ സംവിധാനത്തിന് എങ്ങനെ പ്രയോജ നകരമാകുമെന്നാണ് അവർ ചിന്തിക്കുന്നത്?

### പ്രചോദിപ്പിക്കലും ത്വരിതപ്പെടുത്തലും.

തുടർച്ചയായ പഠനത്തിലേക്കും മെച്ചപ്പെടുത്തലിലേക്കും അവർ തങ്ങളുടെ ടീമിനെ എങ്ങനെ പ്രചോദിപ്പിക്കുന്നു എന്നതിനെക്കുറിച്ചുള്ള വിശദീകരണം ആവശ്യപ്പെടുന്ന വീഡിയോ പ്രോംപ്റ്റ്/അഭിമുഖ ചോദ്യങ്ങൾ.

താഴെ പറയുന്ന കഴിവുകളെ അടിസ്ഥാനമാക്കി അപേക്ഷകന്റെ പ്രതികരണങ്ങൾ പരിശോധിക്കണം

- വ്യക്തമായ സംസാരം
- ശരീരഭാഷയുടെ ഉചിതമായ ഉപയോഗം
- ചോദ്യത്തിന് മതിയായ വിവരണത്തിലൂടെ ഉത്തരം നൽകൽ
- പ്രതിഫലനാത്മക ചിന്തയുടെ പ്രകടനം
- ഊർജ്ജസ്വലമായ പ്രസംഗം.
- പ്രചോദനാത്മകമായ കഥപറച്ചിൽ

***അനുബന്ധം – II***
***മെന്റർമാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും***

**മെന്റർമാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും:**
*ഒരു മാർഗദർശന പരിപാടിക്കായി.*

**ഉദ്ദേശ്യം:** വിജയകരമായ മാർഗദർശന ബന്ധത്തിലേക്കുള്ള ഒരു മെന്ററുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും തിരിച്ചറിയുക

**ചുമതല:**
വിദ്യാർത്ഥികളുമായി ചർച്ച ചെയ്യുന്ന നിർദിഷ്ട ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും അടിസ്ഥാനമാക്കി, മെന്റർമാർ മാർഗനിർദേശവും ഉപദേശവും ഫീഡ്ബാക്കും പിന്തുണയും നൽകുന്നു,


**ഉത്തരവാദിത്തങ്ങൾ**



തയ്യാറാക്കുക



പിന്തുണ നൽകുക



വളരുക


- വിദ്യാർത്ഥി/ വിദ്യാർത്ഥികളുമായി പതിവായി കൂടിക്കാഴ്ച നടത്താനുള്ള പ്രതിജ്ഞാബദ്ധത, മാർഗദർശനം അവസാനിപ്പിക്കാൻ സമ്മതിച്ച സമയംവരെ ബന്ധം വളർത്തിയെടുക്കുക.
- മെന്ററുടേയും വിദ്യാർത്ഥിയുടേയും പരിധികളെ ബഹുമാനിക്കുകയും രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കുകയും ചെയ്യുന്ന സുരക്ഷിതവും പിന്തുണയുള്ളതുമായ ഒരു ഇടം സൃഷ്ടിച്ചുകൊണ്ട് വിദ്യാർത്ഥി / വിദ്യാർത്ഥികളുമായി വിശ്വസനീയമായ ബന്ധം കെട്ടിപ്പടുക്കുക.
- വിദ്യാർത്ഥികൾ നയിക്കുന്ന ഒരു ബന്ധത്തിനായി ഒരു ഇടം സൃഷ്ടിക്കുക. അവിടെ വിദ്യാർത്ഥി അവരുടെ വളർച്ച, വികാസം, തൊഴിലിനുവേണ്ടിയുള്ള ആസൂത്രണം എന്നിവയുടെ ഉത്തരവാദിത്തം ഏറ്റെടുക്കുക.
- മാർഗദർശന പ്രവർത്തനങ്ങൾക്കായി വിദ്യാർത്ഥികളുമായും സൂപ്പർവൈസർമാരുമായും വ്യക്തമായ ആശയവിനിമയം നിലനിർത്തുക.



തയ്യാറാക്കുക



പിന്തുണ നൽകുക



വളരുക


- വിദ്യാർത്ഥികളുമായുള്ള ബന്ധത്തിന്റെ വ്യക്തമായ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും സ്ഥാപിക്കുകയും കാഴ്ചപ്പാടിനെ അടിസ്ഥാനമാക്കിയുള്ള ഒരു പ്രവർത്തന പദ്ധതിയിലേക്ക് അവരെ നയിക്കുകയും ചെയ്യുക.
- സ്വന്തം പ്രയാണത്തെക്കുറിച്ച് പ്രസക്തമായ ഉദാഹരണങ്ങളിലൂടെ പ്രതിഫലനാത്മകമായി വിദ്യാർത്ഥികളോട് തന്റെ അഭിപ്രായം പങ്കിടുക.

**മെന്റർമാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും:**
*മാർഗദർശന പരിപാടിക്കായി.*

- പ്രശ്നത്തെക്കുറിച്ചുള്ള ചിന്തനീയമായ സംഭാഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ, വിദ്യാർത്ഥി സംഘങ്ങൾക്കായി മാർഗദർശന സെഷനുകൾ ഫലപ്രദവും സുഗമവുമാക്കുക.
- വ്യത്യസ്ത വിദ്യാർത്ഥികളുടെ കാഴ്ചപ്പാടുകളിലെ വൈവിധ്യത്തെ മനസ്സിലാക്കുകയും അവരെ അഭിനന്ദിക്കുകയും ചെയ്യുക.
- വൈരുദ്ധ്യങ്ങൾ തിരിച്ചറിഞ്ഞ് കരുതലോടെ പ്രവർത്തിക്കുകയും വിദ്യാർത്ഥിയുമായുള്ള അഭിപ്രായവ്യത്യാസങ്ങളെക്കുറിച്ച് ചർച്ചകൾക്ക ക്ഷണിക്കുകയും ചെയ്യുക,
- പ്രശ്നത്തെക്കുറിച്ചുള്ള അവരുടെ ധാരണ വ്യക്തമാക്കുന്നതിന് അന്വേഷണ ചോദ്യങ്ങൾ (തുറന്ന അഗ്രങ്ങളുള്ള "എങ്ങനെ", "എന്ത്" ചോദ്യങ്ങൾ) ചോദിക്കുക.
- വിദ്യാർത്ഥികളെ സജീവമായി ശ്രവിക്കുകയും അവർക്ക് തങ്ങളെ കേൾക്കുന്നു എന്ന തോന്നൽ ഉണ്ടാക്കിയെടുക്കുകയും ചെയ്യുക.
- വിദ്യാർത്ഥിക്ക് ഏറ്റെടുക്കാൻ കഴിയുന്ന വെല്ലുവിളികൾ നൽകികൊണ്ട് അവരെ ശാക്തീകരിക്കുകയും നിലവിലെ പ്രശ്നങ്ങൾ പരിഹരിക്കാനും ഭാവിയിൽ നേരിടാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കാനും അവരെ പ്രാപ്തരാക്കുകയും ചെയ്യുക.
- വിദ്യാർത്ഥികളുടെ ആവശ്യങ്ങളെ അടിസ്ഥാനമാക്കി, വിദ്യാർത്ഥികൾക്കുള്ള പിന്തുണ തരംതിരിക്കുക.
- സത്യസന്ധവും തുറന്നതും ധനാത്മകവും ക്രിയാത്മകവുമായ ഫീഡ്ബാക്ക് നൽകുക.
- ഉചിതമായ വിഭവങ്ങൾ, മറ്റ് മെന്റർമാർ,എന്നിവയുടെ ശൃംഖലകളുമായി കണ്ണിചേർത്തുകൊണ്ട് തൊഴിൽപരമായ വികസന പ്രവർത്തനങ്ങൾ തിരിച്ചറിയുന്നതിന് വിദ്യാർത്ഥികളെ ആവശ്യാനുസരണം സഹായിക്കുക.
- സഹവർത്തിതമായി തയാറാക്കിയ കർമ്മ പദ്ധതിക്ക് ഉത്തരവാദിത്തപ്പെട്ട വിദ്യാർത്ഥികളെ നിലനിർത്തുകയും കൃത്യമായ ഇടവേളകളിൽ പ്രസ്തുത കർമ്മ പദ്ധതി അവലോകനം ചെയ്യുകയും ചെയ്യുക.


തയ്യാറാക്കുക


പിന്തുണ


വളരുക

- അവരുടെ ജോലിക്കും മാർഗദർശന ഉത്തരവാദിത്തങ്ങൾക്കും ഇടയിലുള്ള സമയം ഫലപ്രദമായി കൈകാര്യം ചെയ്യുക.
- പരിശീലനങ്ങൾ, ഫീഡ്ബാക്ക് ആവൃത്തികകൾ മുതലായവയിലൂടെ മാർഗദർശന ശേഷികൾ വികസിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും തൊഴിൽപരമായ വികസനത്തിൽ ഏർപ്പെടുക.

***അനുബന്ധം - III***

***NMM ന് വേണ്ടിയുള്ള 15 തുറന്ന ചർച്ചകൾ***

## NMM ന് ആയുള്ള തുറന്ന വേദികളുടെ പട്ടിക

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ/സർവ്വകലാശാലയുടെ പേര് | ചർച്ചയുടെ സ്വഭാവം | തീയതി | ഉൾപ്പെടുത്തിയ സംസ്ഥാനം/കേന്ദ്ര ഭരണ പ്രദേശം |
|---|---|---|---|---|
| 1. | കോട്ടൺ സർവകലാശാല ഗുവാഹത്തി, അസം | നേരിട്ടുള്ള | 16.11.2021 | അസം, പശ്ചിമ ബംഗാൾ, അരുണാചൽ പ്രദേശ് |
| 2. | എസ്.സി.ഇ.ആർ.ടി, ഗാംഗ്ടോക്ക്, സിക്കിം | മിശ്ര രീതി | 10.12.2021 | സിക്കിം, മിസോറാം |
| 3. | എസ്.സി.ഇ.ആർ.ടി , ജമ്മു & കശ്മീർ | മിശ്ര രീതി | 13.12.2021 | ജമ്മു & കശ്മീരും ലഡാക്കും |
| 4. | എസ്.സി.ഇ.ആർ.ടി, പാട്ന, ബീഹാർ | മിശ്ര രീതി | 15.12.2021 | ബീഹാർ, ജാർഖണ്ഡ് |
| 5. | ഡൽഹി സർവകലാശാല | നേരിട്ടുള്ള | 16.12.2021 | ഡൽഹി, ഹരിയാന |
| 6. | ബനസ്ഥലി വിദ്യാപീഠം, രാജസ്ഥാൻ | മിശ്ര രീതി | 17.12.2021 | രാജസ്ഥാൻ |
| 7. | ഉസ്മാനിയ സർവകലാശാല ഹൈദരാബാദ് | മിശ്ര രീതി | 18.12.2021 | തെലങ്കാന, ആന്ധ്രാപ്രദേശ് |
| 8. | എസ്.സി.ഇ.ആർ.ടി, പൂനെ, മഹാരാഷ്ട്ര | മിശ്ര രീതി | 28.12.2021 | മഹാരാഷ്ട്ര, ഗോവ |
| 9. | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, ഗാന്ധിനഗർ, ഗുജറാത്ത് | മിശ്ര രീതി | 30.12.2021 | ഗുജറാത്ത് |
| 10. | ബനാറസ് ഹിന്ദു സർവകലാശാല വാരണാസി, ഉത്തർപ്രദേശ് | മിശ്ര രീതി | 12.01.2022 | ഉത്തർപ്രദേശ് |
| 11. | എസ്.സി.ഇ.ആർ.ടി , ഭോപ്പാൽ, മധ്യപ്രദേശ് | മിശ്ര രീതി | 17.01.2022 | മധ്യപ്രദേശ് |
| 12. | എസ്.സി.ഇ.ആർ.ടി, ഹിമാചൽ പ്രദേശ് | മിശ്ര രീതി | 20.01.2022 | ഹിമാചൽ പ്രദേശ് |
| 13. | എസ്.സി.ഇ.ആർ.ടി, പഞ്ചാബ്, | മിശ്ര രീതി | 24.01.2022 | പഞ്ചാബ് |
| 14. | ഹരിയാന സെൻട്രൽ സർവകലാശാല | മിശ്ര രീതി | 04.03.2022 | ഹരിയാന & ചണ്ഡിഗഡ് |
| 15. | സ്കൂൾ വിദ്യാഭ്യാസ ഡയറക്ടറേറ്റ് പുതുച്ചേരി | മിശ്ര രീതി | 07.03.2022 | പുതുച്ചേരി |

*അനുബന്ധം–IV NMM വെബ് പോർട്ടൽ*

## NMMനുള്ള വെബ് പോർട്ടൽ മെന്റർക്കായി

1. ലോഗിൻ





Sangita Pradhan
Language(s) Known
Sr. No. Language Speak Read Write
1. Hindi
2. Marathi
3. English
Registration No. MTR000064
Full Name Sangita Pradhan
Email sangita********@gmail.com
Contact Number 954*******
Gender Female
Address Ganganagar, Rajasthan
Languages English
Role Teacher (Primary)
Area of Mentoring Instructional Leadership Skills - Social Science
Professional Experience (in years) 15+
About Yourself
Credited with extensive experience and professionalism having numerous key responsibilities in the field of education. Around 20 years of experience as an art educator. Always been passionate about teaching, focussed on vigorous planning & implementation at both State and National levels in various capacities.
More..
Current Work Status
Working
Name of the organisation/school
(If retired, please mention the name of the school/organisation last worked at)
Kendriya Vidyalaya, Ganganagar
Click Here to Update your Profile

1. മെന്റി രജിസ്ട്രേഷൻ

**NMMനുള്ള വെബ് പോർട്ടൽ മെന്റിക്കായി**



2. മെന്റീ പ്രൊഫൈൽ



## Mentee Profile

Basic Information | Language Proficiency | Mentoring Required For

| | | | |
|---|---|---|---|
| Registration No. | 4 | | |
| First Name* | Somit | Last Name | Mishra |
| Gender* | Male | Email ID* | ncte.mentee@gmail.com |
| Mobile Number * | 888888888 | State* | ASSAM |
| District / City* | GUWAHATI | Pin Code* | 781022 |
| Organisation Type* | Central Board of Secondary Education ( CBSE ) | Name of the School/Institutions* | Kendriya Vidyalaya, Khanapar |
| Your Experience in years* | 6-8 | | |
| Language* | English x Dogri x + Add | | |
| Stage* | Primary x Select | | |
| Role* | Teacher (Primary) x Teacher (Upper Primary) x Teacher (Secondary) x + Add | | |

Update

Somit Mishra

## Feedback for Mentor: Sangeeta Pradhan (Instructional Leadership Skills-Social Science)

**On a Scale of I to V, V being the highest**

| Sr. No. | Questions | V | VI | III | II | I |
|---|---|---|---|---|---|---|
| 1. | How effective was the mentor in providing guidance and support during your interactions? | 0 | 0 | 0 | 0 | 0 |
| 2. | How much did the mentor challenge you to think critically and independently? | 0 | 0 | 0 | 0 | 0 |
| 3. | How effective was the mentor in providing guidance and support during your interactions? | 0 | 0 | 0 | 0 | 0 |
| 4. | To what extent was the mentor able to create a comfortable and safe environment for open communication and learning? | 0 | 0 | 0 | 0 | 0 |
| 5. | Refrain from encouraging mentees to ask questions during the discussion | 0 | 0 | 0 | 0 | 0 |

**Other Remarks (If any)**

It was an insightful learning experience. The mentor was supportive throughout the session.

राष्ट्रीय अध्यापक शिक्षा परिषद्
(भारत सरकार का एक सांविधिक निकाय)

**National Council for Teacher Education**
(A Statutory Body of the Government of India)

NCTE

By e-mail / Hand / Speed Post / Fax

**File No. NCTE-Acad013/3/2021-Academic Section-HQ** 20th September 2021

**OFFICE ORDER**

In supersession to office order of even number dated 31st August 2021, a Committee is constituted to work out the modalities for the creation of a national document and an online platform for Mentoring in Teacher Education at National Council for Teacher Education (NCTE) under National Mission for Mentoring. The details of the committee are given below:

| S. No. | Name and Organization | Designation |
|---|---|---|
| 1. | **Prof. S.C. Roy,**<br>North Eastern Regional Institute of Education, Shillong | Chairperson |
| 2. | **Dr. Ashok Pandey,**<br>Director, Ahlcon International School, Mayur Vihar Phase 1 Delhi | Member |
| 3. | **Prof. Sharad Sinha,**<br>NCERT | Member |
| 4. | **Ms. Kalpana Kapoor**<br>Educationist, Mentor and Leadership Coach | Member |
| 5. | **Shri Sushant Tharappan**<br>Head, Infosys Leadership Institute | Member |
| 6. | **Shri Jagdish Babu,**<br>Chief Operating Officer, Ekstep Foundation. | Member |
| 7. | **Shri Sanjay Purohit,**<br>Chief Curator, Societal Platform | Member |
| 8. | **Dr. Amina Charania,**<br>Associate Professor,<br>Tata Institute of Social Sciences, Mumbai | Member |
| 9. | **Ms. Khushboo Awasthi**<br>Chief Operating Officer, ShikshaLokam. | Member |
| 10. | **Shri Sushil Bhardwaj**<br>State co-ordinator, Punjab | Member |
| 11. | **Shri Abhimanyu Yadav,**<br>Section Officer, National Council of Teacher Education, New Delhi | Convener |

Cont. 2/-

जी-7, सेक्टर-10, द्वारका, नई दिल्ली -110075
G-7, Sector-10, Dwarka, New Delhi - 110075
Phone : +91-11-20893266, Fax : +91-11-20893270 Email : ms@ncte-india.org
Website : www.ncte.gov.in

| | | |
|---|---|---|
| 12. | **Ms. Monika Mishra**<br>Academic Consultant, NCTE | Co-convener |
| 13. | **Ms. Shailla Draboo**<br>Academic Consultant, NCTE | Co-convener |

**2. The Terms of Reference (ToR):**

i. Various sub-committees may be formed from among these members by the chairperson of the committee as per need.

ii. Identification of the focus areas and structured planning for mentoring including formulation of programmatic norms for the effective implementation of the mission as per the directive of NEP 2020.

iii. Formulation of norms for cross linking of experts from school to college.

iv. Review of data and membership received through digital consultation /institutional consultation.

v. Development of the manual on National Mission on Mentoring (NMM) containing guidelines for the prospective mentors and mentees which may be adapted/ adopted by the states /UTs in their own chapters of State Mentoring Mission.

vi. Setting up of Data Strategy Center for the NMM, at the national and regional levels in the headquarters of the National Council for Teachers Education (NCTE).

vii. Preparation of the short term and long-term mentoring manual on Indian languages and subjects specifically for underrepresented population targets groups etc.

viii. Formulation of guidelines for tapping up the potential of senior experienced and retired teachers and also include experts drawn from different sections of societies including professionals from different sectors such as engineering, medical, subject expert teachers, defense personnel, craft persons, trade persons music and dance practitioners etc.

ix. Developing and designing of platform for mentoring including matching of mentor and mentees, agreement and certainty matrix.

x. Chalking out the strategies for reaching out to the target audience of NMM, monitoring and their communication process.

xi. The detailed plan of Action on pilot run of NMM and development of the framework for the national level pool of mentors and mentees.

xii. The Chairperson of the Committee may co-opt other experts to the committee as per need.

2. The committee is expected to submit the complete report along with a plan of Action within a period of 3 months from 31st August 2021.

Cont. 3/-

-3-

3. The NCTE shall provide secretarial assistance for holding of virtual and face to face meetings of the committee and arrangements for payments of TA /DA /Sitting charges as per NCTE norms.

This has the approval of the competent authority.

**(Kesang Y. Sherpa, IRS)**
**Member Secretary, NCTE**

**Copy to:**

1. PS/SO to CP/MS for information please.
2. Deputy Secretary /Under Secretary GA/Academics/Accounts, NCTE
3. Copy to all members etc.
4. Guard /Office file.

NATIONAL MISSION FOR
MENTORING

**NEP 2020 ഖണ്ഡിക 15.11**

സ്കൂൾ അധ്യാപകർക്ക് ഹ്രസ്വ, ദീർഘകാല മാർഗനിർദേശം അഥവാ പ്രൊഫഷണൽ പിന്തുണ നൽകാൻ തയ്യാറുള്ള മികച്ച പ്രൊഫഷണലുകളുടെ ഒരു വലിയ സംഘത്തോടൊപ്പം മാർഗനിർദേശത്തിനുള്ള ഒരു ദേശീയ ദൗത്യം സ്ഥാപിക്കും

N T M

Language consultancy and translation facilitated by
**National Translation Mission**
**Central Institute of Indian Languages, Mysore**

गुरूर्गुरूतमो धाम
NCTE

**ദേശീയ അധ്യാപക വിദ്യാഭ്യാസ കൗൺസിൽ**
(ഭാരത സർക്കാരിന്റെ ഒരു നിയമാനുസൃത സ്ഥാപനം)

**National Council for Teacher Education**
**(A Statutory Body of Government of India)**